നിറങ്ങളുടെ അർത്ഥങ്ങൾ അവസ്ഥകളെ പ്രതിനിധീകരിക്കുന്നു
എന്നതിൽ കവിഞ്ഞു നമ്മുടെ അവസ്ഥകൾ
നിറങ്ങൾക്ക് അർത്ഥങ്ങൾ നൽകുന്നു എന്നതല്ലേ ശരി.

വിധി ആണോ തീരുമാനങ്ങൾ ആകുന്നത്
അതോ തീരുമാനങ്ങൾ ആണോ വിധി ആകുന്നത്?

# EDITORIAL BOARD

**Staff Editor** – Dr.Jayasree Krishnankutti

**Student Editor** - Sibin K.

**Sub Editors** – Harigovindh, Ayisha M.M.

**Magazine Committee** – Akshay Kumar, Muhammed Anees, Vysakh Wilson, Amal Babu, Jaseel R, Oormila T.P., Shilpa R., Ashish V.V., Nafid, Amal Joseph, Aravind R., Ramjith, Lisina, Athulya S., Anil Sadasivan.

**Cover Design** : Akshay Kumar

**Photography** : Anil Sadasivan

**Lay out & Printing** : Ebenezer Printers, Thrissur

**Periodicity of Publication** : Annual

**Printer & Publisher** : Dr. Jayasree Krishnankutty, Professor & Head, Dept. Of Agrl Extension, College of Horticulture, Vellanikkara, Thrissur.

Published under the authority of the Magazine Committee 2017-18

**Declaration**

I Sibin K, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Sibin K.

**Special Thanks** : Dr.Meera V.Menon., Dr.Aneena E.R., Dr.Swapna Benny, Vivek M.C., Gokul K.Gopi, Sana Abdul Samad, Sneha P., Lakshmi Suresh, Athira Venugopal, Thomas K.K.

ആറു മാസം പ്രായമായപ്പോൾ അമ്മയുടെ കണ്ണ് വെട്ടിച്ചു സ്വന്തമാക്കിയ കൽകഷ്ണംകൊണ്ട് വരച്ചു തുടങ്ങി,
ആറു വയസ്സ് കഴിഞ്ഞപ്പോഴേക്കും 25,000 ത്തിൽ അധികം ചിത്രങ്ങൾ വരച്ചു പൂർത്തിയാക്കിയ ഒരു കുട്ടി....
വിധിയനുവദിച്ച ഏഴ് വർഷങ്ങൾക്കുള്ളിൽ ഏഴ് ജന്മംകൊണ്ടും നേടാനാകാത്ത പ്രഭാശക്തി തെളിയിച്ചു ആ കുട്ടി...
വാക്കും വരയും ചിന്തയും പ്രവൃത്തിയും നിരോധിക്കപ്പെടുമ്പോഴും, വരകൾകൊണ്ടും വരികൾകൊണ്ടും
ശബ്ദിക്കുന്നവർക്കും അവയെ ഭയപ്പെടുന്നവർക്കുമായി എഡ്മണ്ട് തോമസ് ക്ലിന്റിന്റെ പേരിൽ ഞങ്ങൾ സമർപ്പിക്കുന്നു...
ആ മഹത്തായ വരകളെയല്ലാതെ പിന്നെയെന്തിനെയാണ് നമസ്കരിക്കേണ്ടത്? ആർക്കാണ് ഞങ്ങൾ സമർപ്പിക്കേണ്ടത്??



# MESSAGE

Dr. R. Chandra Babu
Vice-Chancellor

College of Horticulture has always struck me as a vibrant campus buzzing with activities of students. I have noticed that its college magazines have been content rich and refreshingly different each year. I am sure that this year too, it will serve as a platform to showcase the creativity and wit of the students, reinforcing the sense of harmony and positive spirit that is the hallmark of this alma mater. Right from the name, I see that the magazine flaunts innovation and may it reflect in your thinking and actions in future too.



I wish this college magazine "kari" success and hope that it provides good readership to many and serve as a precious keepsake for all the members of your college.

Dr. R. Chandra Babu


# MESSAGE

**ആർട്ടിസ്റ്റ് നമ്പൂതിരി**
പെയിന്റർ & സ്കൾപ്ച്ചർ

തൃശൂർ വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിന്റെ 2017–18 സ്റ്റുഡന്റ്സ് യൂണിയൻ മാഗസിൻ 'കരി' അവിടുത്തെ കുട്ടികളുടെയും അദ്ധ്യാപകരുടെയും സഹകരണത്തോട് കൂടി കടന്നുവരികയാണ്. പുതിയ കാലത്ത് വ്യവസായമടക്കമുള്ള എല്ലാ മേഖലകളിലും ഉള്ളപോലെ കാർഷികരംഗത്തും പുതുതലമുറ ഒരുപാട് പ്രശ്നങ്ങൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള അവസരത്തിൽ അവിടത്തെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സർഗാത്മകമായ കഴിവുകൾക്ക്  സമൂഹത്തിൽ വലിയ ചലനങ്ങളുണ്ടാക്കാനാകുമെന്ന് പ്രത്യാശിക്കുന്നു. വരയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന കരിണ്ട എന്ന ഈ മാഗസിന്റെ ഓരോ താളുകളും മികച്ചതാകട്ടെ എന്നാശംസിക്കുന്നതോടൊപ്പം ഈ ഉദ്യമത്തിന് എന്റെ എല്ലാ വിധ നന്മകളും നേർന്നുകൊള്ളുന്നു.

NAMBOODIRI


**ആർട്ടിസ്റ്റ് നമ്പൂതിരി**



# MESSAGE

Dr. C. George Thomas
Associate Dean

College magazines reflect the nuances of a vibrant campus life. In fact, a college magazine is born out of the camaraderie among the students, with teachers and other staff members acting as catalysts. The passion and euphoria of creation and achievement are evident when you turn the pages. I am very happy that our students are able to find time to dabble in literary and artistic pursuits along with academic activities. They do both excellently well. The laurels they brought in both curricular and extra-curricular activities prove testimony to this.I am sure that the contributions of our students played no small role in adjudging our college as the "best" among various educational institutions under Kerala Agricultural University. The magazine brought out by the college union team of 2017-18 deserves appreciation because of its unique layout and exemplary content. My best wishes to all the budding artists and literary geniuses.I congratulate the staff editor, Dr. JayasreeKrishnankutty, student editor, Mr. K. Sibin, and members of the magazine committee for their sincere efforts in bringing out the present volume in time. I wish all the current and outgoing agricultural professionals a brilliant and successful future.



Dr. C. George Thomas

# MESSAGE

**ഡോ. ജ്യോതി ഭാസ്ക്കർ**
അസോസ്സിയേറ്റ് പാട്രൺ

മണ്ണപ്പം ചുട്ടും, മണ്ണ് വാരിക്കളിച്ചും കളിവീടുണ്ടാക്കിയും തിമിർത്ത ബാല്യകാലം കടന്നു യൗവ്വനത്തിലേക്കും കൃഷിശാസ്ത്രപഠനത്തിലേക്കും കടക്കുമ്പോൾ മണ്ണിനെയും ജീവനെയും സംരക്ഷിക്കുവാനുള്ള ദൗത്യം കൂടി ഏറ്റെടുക്കുന്നു നമ്മുടെ വിദ്യാർത്ഥികൾ. കൈയിൽ ചെളി പുരളുന്നത് കുറച്ചിലാണെന്നു കരുതാത്ത, മണ്ണിൽ പണിയെടുക്കുന്നവരെ സ്നേഹിക്കുന്ന, കൈയിൽ കിട്ടിയതെന്തും ഉപയോഗശേഷം മണ്ണിലേക്കു വലിച്ചെറിയാത്ത ഈ യുവജനങ്ങളുടെ കൈകളിലാണ് നാളത്തെ ജീവന്റെ നിലനില്പ്. ഇവരുടെ സ്വപ്നങ്ങളും, ദർശനങ്ങളും വരകളിലൂടെ, കവിതകളിലൂടെ, ലേഖനങ്ങളിലൂടെ, കഥകളിലൂടെ ഈ താളുകളിൽ വിരിയുമ്പോൾ എനിക്ക് അഭിമാനവും ഒപ്പം വളരെ സന്തോഷവും തോന്നുന്നു. വരും നാളുകളിൽ ഇവർ അവരുടെ ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുമെന്ന് ഉറപ്പ്. കോളേജ് മാഗസിൻ എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ എന്നൊടൊപ്പം പ്രയത്നിച്ച സ്റ്റാഫ് എഡിറ്റർ ഡോ. ജയശ്രീ. കൃഷ്ണൻ കുട്ടിക്കും സ്റ്റുഡന്റ് എഡിറ്റർ സിബിനും നന്ദിയുടെ പൂമലരുകൾ, ഞാൻ സമർപ്പിക്കുന്നു.

**ഡോ. ജ്യോതി ഭാസ്ക്കർ**



# MESSAGE

Dr Jayasree Krishnankutty
Staff Editor



Every college magazine is the culmination of harmonious, months long work by young minds who form the life of this great institution. Kari, this literary and art endeavor bears the stamp of their unflinching spirit and zest. It is these, that helped them surmount the many hurdles by way of a mostly tight academic calendar, financial, physical and sometimes networking constraints.

Dedicated were the hands behind this work of love. United were their thoughts. And a nurturing community gave them the support they deserve. It is a pleasure and pride now, to bring this magazine before its discerning readership

Dr Jayasree Krishnankutty

# എഡിറ്റോറിയൽ

സ്വപ്നങ്ങളിൽ നിന്ന് സ്വപ്നങ്ങളിലേക്ക് ഒളിച്ചു കടക്കുന്ന വിദ്യയുണ്ടോ... ??
എങ്കിൽ ഈ കാപട്യങ്ങളിൽ നിന്നൊക്കെ നമുക്ക് ഒളിച്ചോടാമായിരുന്നു.

ഒളിച്ചോട്ടവും അനിവാര്യമായിരിക്കുന്നു. കരി പിടിച്ച ഇരുട്ടിലേക്ക്...
ഇത്തിരി വെളിച്ചവും കൊണ്ട് ... ഇരുട്ടങ്ങനെ ഇരുട്ടായി എന്നറിയണം...
അവിടെ കെട്ടുപോയ നിറങ്ങൾക്ക് ഇപ്പോഴും ജീവനുണ്ടെങ്കിലോ... ?
മറന്നു പോയ മനുഷ്യരുടെ നിഴലെങ്കിലുമുണ്ടെങ്കിലോ...?
വൈകല്യങ്ങളില്ലാത്ത ഓർമ്മകളുണ്ടെങ്കിലോ...?
അങ്ങനെ ഇരുട്ടിൽ കണ്ടതൊക്കെ വിളിച്ചു പറയണം...
കരി കൊണ്ട് എഴുതിയും വരച്ചും. ഉള്ളിലെ വെളിച്ചത്തിന്റെ വെളുപ്പ്
ചേർത്തി അതൊന്ന് വായിച്ചു നോക്കണം... മാറ്റി വരക്കേണ്ടതുണ്ടെങ്കിലോ... ?
എന്നാലും, മാറ്റത്തിന് മാത്രമാണത്രെ മാറ്റമില്ലാത്തത്. ഒരു കണക്കിന്
അതിൽ സത്യമുണ്ടെങ്കിലും പല മാറ്റങ്ങളുടെയും മാറ്റം നമ്മളെ വെറുതെ
കബളിപ്പിക്കുക മാത്രമല്ലേ ചെയ്യുന്നത്... അതെ, ഒരു തരം റീമിക്സ്...

കറുപ്പും വെളുപ്പും

എഡിറ്റർ



"ഒറ്റമൈനയെ
കണ്ടതിന്റെ പേരിൽ
ദിവസം മുഴുവൻ
വിഷമിച്ചിരുന്നവർക്കും.."






"പട്ടിയെ തൊട്ടതിന്റെ പേരിൽ
7 പ്രാവശ്യം
കുളിക്കേണ്ടി വന്ന
കാക്കാന്മാർക്കും..."



# "കുടുക്കുമണികൾ"

താഴെ വീണു പോയതിനാൽ
തകർന്നു പോയ കുടുംബങ്ങൾക്കും...

AKSHAY KUMAR



"ഭക്ഷണം കഴിച്ച്
കൈ ഉണങ്ങിപ്പോയതിനാൽ
**കല്യാണം**
മുടങ്ങിയവർക്കും..."



“ചോരയുടെ മത്തു പിടിപ്പിക്കുന്ന
ഗന്ധത്തിനു വേണ്ടി
മടവാളിന്റെയും
ഭസ്മത്തിന്റെയും
അടിമകളാകേണ്ടിവന്ന
കോമരങ്ങൾക്കും”...

“ എല്ലാവരേയും

തൃപ്തിപ്പെടുത്തിക്കൊണ്ട്

ഈ ലോകത്ത് ഇന്നേവരെ

എന്തു മാറ്റമാണ്

ഉണ്ടായിട്ടുള്ളത്? ”

COLLEGE C


കരിപുരണ്ട താളുകൾ
Breast Ironing: A Secretive Form of Abuse
Riding my red days
if not so
seeking abode of sanctity
see saw
ART
the winds child
Pride against prejudice
The people's poet


space
'For' our security
the book with the light
The Man who made the World laugh at the flip of a hat
Out of the woods
On Walkaholics
Men
inside my burqa
One last time
Why the crave was never meant to be normal?
Being Born with Torment
something for everyone
vodka
'Mission LD 007'

"It's very beautiful over there. I don't know where there is, but I believe it's somewhere, and I hope it's beautiful."

കോറിയിടലുകളിൽ നിന്നുപോലും നിലവിളികൾ
ഉയർന്നിരിക്കുന്നു... പലതിനെ ചിലതിൽ ഒതുക്കുവാൻ,
കാഴ്ച്ചയിൽ കവിഞ്ഞ അർത്ഥങ്ങളാൽ വിപ്ലവം
തീർക്കുവാൻ ഇന്നിന്റെ ചായങ്ങൾക്ക് സാധിച്ചിരിക്കുന്നു.

# ശബ്ദഛായങ്ങൾ



'നോവു കൂടിയിരിക്കുന്നു. കുറേശ്ശെക്കുറേശ്ശെയായി ഇരവിഴുങ്ങാൻ
ബന്ധപ്പെടുന്ന ഒരു പാമ്പിനെപ്പോലെ അരക്കെട്ട് വികസിക്കുകയും
ചുരുങ്ങിപ്പോവുകയും ചെയ്യുന്നു. പെട്ടെന്നു വേദന അതിന്റെ
ഉച്ചാവസ്ഥയിലെത്തി. നാവ് വരണ്ടുതുടങ്ങി. ഉള്ളിലെന്തോ പൊട്ടിയതുപോലെ.
നഗ്നമായ തുടയിലൂടെ വിയർപ്പു നാറുന്ന, പൊടി അടിഞ്ഞ കണങ്കാലിലൂടെ.
തുള്ളിത്തുള്ളിയായി എന്തോ ഒഴുകി. ഉള്ളിൽ താങ്ങാനാവാത്ത ഭാരം കെട്ടിനിന്നു.
അതിനെ പുറത്തേക്കുന്തിക്കളയാൻ അരക്കെട്ടും നടുവും ചേർന്ന് ആവതു യത്നിച്ചു.
ഓരോ ശ്വാസത്തിലും വിയർത്തുകുളിച്ചു. മുഖത്തെ തൊലി ആയിരമായി
വെടിഞ്ഞു കീറുന്നപോലെ. രക്തം മുഴുവൻ ഒന്നിച്ച് മുഖത്തേക്കരിച്ചുകയറി.
വിയർപ്പ് കഴുത്തിലൂടെ ചാലുവച്ചൊഴുകി. ശരീരം ആകെ വിറച്ചു.
ഇരുട്ടിൽ ഉറക്കെ അലറി. കണ്ണുകൾ ഇറുക്കി അടച്ചു.
പുറത്തേക്കു പോരാൻ വിഫലമായി യത്നിക്കുന്ന കുഞ്ഞു
തലയിൽ അവൾ ആർത്തിയോടെ കൈയ്യോടിച്ചു. നിറയെ തലമുടി.'

പി. പത്മരാജൻ



# മതിൽ

എഴുത്ത്, വര : ഗോകുൽ. കെ. ഗോപി (Falcons' 12)

വിടരുന്നതിനു മുൻപേ ആ പൂവ് ഞെട്ടറ്റു വീണു. അല്ല, സ്നേഹത്തോടെ പരിപാലിക്കേണ്ട കരങ്ങൾ അതിന്റെ തണ്ടൊടിച്ച് താഴെയിട്ടു. എനിക്കത്ഭുതമൊന്നും തോന്നിയില്ല. സ്വയം രക്ഷിക്കാൻ കഴിവില്ലാത്ത ദൈവങ്ങളെ സംരക്ഷിക്കാൻ തെരുവുവീഥിയിലിറങ്ങിയ എന്റെ സഹോദരങ്ങൾ, ചോരക്കൊതി പരിഭവിക്കുന്നില്ല. നീതിയില്ലാത്ത, അന്ധരായ അധികാരികൾ. ഞാനത്ഭുതപ്പെടുന്നില്ല. എന്റെ ഹൃദയത്തിൽ വേദനയും ആകുലതയും നിറച്ചുകൊണ്ട് ഓരോ പൂവും പൊലിയുന്നു.

ഓരോന്നിനും ഓരോ നിറം, ഓരോ വലുപ്പം. എല്ലാം പൂക്കൾ തന്നെ. ചിലതിന് ആകർഷകമായ നിറങ്ങളില്ല. എന്നാലും അവർ പൂക്കൾ തന്നെ. ഇനിയൊരു തലമുറയ്ക്കുള്ള പരാഗരേണുക്കൾ നിറം കുറഞ്ഞ ആ പൂവിലുമുറങ്ങിക്കിടക്കുന്നുണ്ടല്ലോ.

' താനവരുടെ ചിത്രം കണ്ടോ ? '

ഞാനാ ചിത്രം കണ്ടു. രണ്ടു പൂവുകൾ. അവന്റെയരികിൽ അവൾ. വിരിഞ്ഞ ചുവന്ന പൂക്കൾ പോലെ രണ്ടു പുഞ്ചിരികൾ.

അവന്റെ ചേതനയറ്റ ശരീരം നീരൊഴുക്കു നിന്ന കനാലിൽ കാണപ്പെട്ടത് പുലർച്ചെയായിരുന്നു. മുഖം ശാന്തമായിരുന്നെങ്കിലും അടഞ്ഞ മിഴികൾക്കു താഴെ ചുണ്ടുകൾ ഭയം വിടാതെ വേർപ്പെട്ടു നിന്നു. അവയിൽ നിന്ന് നിശബ്ദം നിലവിളികൾ പുറപ്പെടും പോലെ എനിക്ക് തോന്നി. ആ യുവാവിന്റെ ശരീരത്തിന് ചുറ്റും ഒരായിരം ഉറുമ്പുകൾ വിലാപയാത്ര ചെയ്തു. അവന് നിഴലേകി നിന്ന വാമരങ്ങളുടെ ഇലകൾ മരവിച്ചു നിന്നു. പാതി കട്ട പിടിച്ച ചോര അവന്റെ വസ്ത്രത്തിൽ പറ്റിപ്പിടിച്ചു കിടന്നു.

അവൻ എന്റെയാരുമല്ല. ആ കൊച്ചു വീടിന്റെ മുറ്റത്ത് അവനെ കാണാൻ കൂടിയ നൂറു നൂറു മിഴികൾ കണ്ണുനീർ തൂവി. അവയിൽ എന്റേതുമുണ്ടായിരുന്നു. എന്റെ ചുറ്റും അനേകം നിറമിഴികൾ. തളർന്ന തനു താങ്ങിയ തകർന്ന കണ്ഠം എന്റെ കരൾ നോവിച്ചുകൊണ്ട് നിലവിളിച്ചു. അവളുടെ കണ്ണുകളിലേക്കു നോക്കുവാൻ ശക്തിയില്ലാതെ ഞാൻ നിന്നു.ആ പെൺകുട്ടിയുടെയരികിൽ വാർദ്ധക്യത്തിന്റെ ആദ്യനാളുകൾ കണ്ടു തുടങ്ങിയ ഒരു വൃദ്ധൻ. അവളെ താങ്ങി നിർത്തുമ്പോഴും തന്റെ തളർന്ന ശരീരത്തിനും നില തെറ്റിയ മനസ്സിനും താങ്ങു തേടുകയായിരുന്നു അയാൾ. തന്റെ മകന്റെ ചേതനയറ്റ ശരീരത്തിനുള്ളിലേക്കു നീണ്ട മിഴികൾ.

അവൾ യൗവനത്തിന്റെ ആകാശത്ത് നക്ഷത്രങ്ങൾ തെളിയുന്നത് ദൂരെ നിന്ന് കണ്ടു. അവയോരോന്നും അവളിലേക്കു ചേരുവാൻ തുടങ്ങവെ അവളുടെ പൂർണ്ണചന്ദ്രനെ കാർമേഘങ്ങൾ മൂടി. നക്ഷത്രങ്ങളില്ല. തിങ്കളില്ല. അവളുടെ ഹൃദയാകാശം മഹാശൂന്യതയിൽ നൊന്തു വിങ്ങി.

ഞാൻ നടന്നു. അടുത്ത ദിവസങ്ങളിലൊന്നിൽ എന്റെ സുഹൃത്ത് ചോദിച്ചു :

'നീ കാണാൻ പോയോ?'

'ഞാൻ പോയിരുന്നു.'

ആ ചങ്ങാതി പറഞ്ഞു :

'അച്ഛനെയും മകനെയും അറസ്റ്റു ചെയ്തത്രേ.'

'ആ പെൺകുട്ടിയുടെ........'

അതെ അവളുടെ അച്ഛനും ചേട്ടനും. ദുരഭിമാനക്കൊലയാണത്രേ.'

'ദുരഭിമാനം'. ആ വാക്ക് മനസ്സിൽ പല കുറി മുഴങ്ങി. പണവും കുലവും സ്നേഹിക്കാനും സ്നേഹിക്കപ്പെടുവാനുമുള്ള യോഗ്യതയാവുന്നു.

ഞങ്ങൾ, ഞാനുമെന്റെ സുഹൃത്തും പിന്നീട് നഗരത്തിൽ പ്രദർശനത്തിനെത്തിയ പുതിയ ചിത്രങ്ങളെപ്പറ്റി സംസാരിച്ചു. ഞങ്ങളുടെ സുഹൃത്തുക്കളോടൊപ്പം ഇനി കാണേണ്ട മനോഹരങ്ങളായ ഇടങ്ങളെപ്പറ്റി, നാട്ടിലെ സുന്ദരികളായ സ്ത്രീകളെപ്പറ്റി, ഭാവിയിലെ അനിശ്ചിതത്വങ്ങളെപ്പറ്റി.... പിന്നെയുമെന്തൊക്കെയോ.....

കോടാനുകോടികൾ ജനിച്ചു മരിച്ച മണ്ണിൽ നിന്ന് ചില രാവുകൾക്കിപ്പുറം മൃത്യുവെ പുൽകിയ ആ ചുവന്ന പൂവിനേയും അവന്റെ സ്നേഹം നുകർന്ന ആ പെൺകുട്ടിയേയും ഞങ്ങൾ വിസ്മരിച്ചു. മരണം...

അതസാധാരണമല്ല.

ഓരോ നിമിഷവും എത്രയെത്ര പേർ

ഇനിയുമെത്ര പേർ

****************


ബസ്സിന്റെ ഏറ്റവും മുൻവശത്തുള്ള ഒറ്റ സീറ്റിലാണ് ഞാനിരുന്നത്. എനിക്കേറ്റവും പ്രിയപ്പെട്ടതാണ് അത്. നാടുകളും നഗരങ്ങളും എന്റെ കൺമുന്നിൽ സുതാര്യമായ വലിയ ചില്ലിലൂടെ ദൂരെ മഞ്ഞുമൂടിയ ആകാശത്തോളമുയരത്തിൽ കൂറ്റൻ കെട്ടിടങ്ങൾ കണ്ടു തുടങ്ങി. രാവിനോടൊപ്പം തണുപ്പും പിൻവാങ്ങിയിരിക്കുന്നു. ഞാനിടതുവശത്തെ ജനൽ തുറന്നപ്പോൾ ഇളം തണുപ്പുള്ള കാറ്റ് അകത്തേക്ക് കയറി.

എന്റെ സഹയാത്രികൻ, വയോധികൻ ചോദിച്ചു

'തിരുവനന്തപുരമായോ മോനേ?'

'എത്താറായി.'

അദ്ദേഹം എനിക്കപരിചിതനായ എന്റെ നാട്ടുകാരനാണ്. രാത്രിയുടെ ഏകാന്തതയിൽ അദ്ദേഹം പല തവണ ഞെട്ടിയുണരുന്നത് ഞാൻ കണ്ടിരുന്നു. വരാൻ പോകുന്ന ദിവസത്തെയോർത്തോ കാണുവാൻ പോകുന്ന മുഖങ്ങളോർത്തോ ഞാനുറങ്ങിയില്ല. പുലരാറായപ്പോൾ ഒന്ന് മയങ്ങിയെന്നു തോന്നുന്നു. ആ വൃദ്ധൻ എപ്പോഴൊക്കെയോ




ഗാഢ [illegible] എന്റെ [illegible] അന്ദേഹത്തിന്റെ [illegible]
[illegible]
[illegible] അന്ദേഹത്തിന്റെ [illegible] തോന്നി.

വണ്ടി ഒരു [illegible] പാലത്തിലൂടെ പുഴ [illegible] ഞാൻ
പുറംകാഴ്ചകളിൽ മുഴുകിയിരിക്കെ അദ്ദേഹം എന്റെ കയ്യിൽ ഒരു പുഴുങ്ങിയ മുട്ട
തന്നു. പുഞ്ചിരിച്ചു ഞാനതു വാങ്ങി കഴിച്ച് [illegible] പുഴയിലേക്കെറിഞ്ഞു.
ആ വയോധികൻ [illegible] ചിരിച്ചു.

'മോനെങ്ങോട്ടാ?'

'ഒരു കല്യാണത്തിന് കൂട്ടുകാരന്റെ'

തമ്പാനൂർ ബസ് സ്റ്റാന്റിൽ ഞാനിറങ്ങി.

അദ്ദേഹം പറഞ്ഞു :

'ഞാൻ സെക്രട്ടറിയേറ്റിലേക്കാ'

'അയ്യോ ഞാൻ ചോദിക്കാൻ മറന്നു. അവിടെയെന്താവശ്യത്തിനാ?'

'മകന്റെ......'

'ജോലിക്കാര്യമാണോ?'



'അല്ല.മോനേ...'

ആ വൃദ്ധന്റെ തൊണ്ടയിടറിയപോലെ. വാക്കുകൾ മുഴുവനാക്കാതെ
പിരിയാവേ ഞാനദ്ദേഹത്തെ ഒരു ചായയ്ക്കു ക്ഷണിച്ചു.

നിരത്തിന്റെയരികിലെ തണൽമരങ്ങൾ നിഴൽ വീഴ്ത്തിത്തുടങ്ങി. എന്റെ
സഹയാത്രികൻ അവയുടെ ചുവട്ടിലൂടെ നടന്നു നീങ്ങി. ആ നിഴലുകളിൽ
തണലുള്ളവയെത്തേടിയെന്നപോലെ ഞാനാ മുഖം പിന്നെയുമോർത്തു.
ഏറെ നാളുകൾക്കു മുൻപ് തന്റെ മകന്റെ ഭാര്യയെ ചേർത്ത് പിടിച്ചു
[illegible] ആ അച്ഛൻ ആ നരവീണ താടിയും നിറഞ്ഞ കണ്ണുകളും.
എന്റെ തോന്നലാവാം. അല്ലെങ്കിൽ നീതിക്കായി നീങ്ങുന്ന അനേകരിൽ ഒരാൾ.....

കാർമേഘം കരയാൻ തുടങ്ങി. ഞാൻ നനഞ്ഞു. ഒരു മുഖം മനസ്സിൽ തെളിഞ്ഞ
പോൾ എന്റെ ശിരസ്സിൽ മഴ നൽകിയ കുളിര് പോലൊന്ന് ഹൃദയത്തിലുമുണ്ടായി.
വഴിയരികിലെ വാഴത്തോട്ടത്തിൽ. ചെറുതോടുകളിലൂടെ മഴവെള്ളം കുത്തിയൊലിച്ചു.

വെള്ള പൂശിയ ആ പള്ളിയുടെ മുറ്റത്തു മഴവെള്ളം തളം കെട്ടിക്കിടക്കുന്നു.
എന്റെ വെള്ള ഷർട്ടും പാന്റുമെല്ലാം നനഞ്ഞു കുതിർന്നിരുന്നു.

ആകെ നനഞ്ഞല്ലോടാ

നനഞ്ഞു.

[illegible] വരാൻ പറഞ്ഞതല്ലേ എല്ലാവന്മാരും എത്തിയിട്ടുണ്ട്.

എന്റെ കൂട്ടുകാരൻ തോളത്തു കൈയിട്ട് എന്നെയും കൂട്ടി പള്ളിക്കകത്തു കയറി.

നവവധു ഒരുങ്ങി നിന്നു. അവൻ അവൾക്കു മിന്നു ചാർത്തുന്നു. മരണം വരെ
കൂടിരുന്നുകൊള്ളാമെന്നുള്ള വാഗ്ദാനമത്രെ ആ താലിമാല. എല്ലാ വാഗ്ദാനങ്ങളും
പാലിക്കപ്പെടട്ടെ. പ്രകൃതിയും അനുവദിക്കട്ടെ.

ആ കൊച്ചു പള്ളിയിൽ തിങ്ങി നിറഞ്ഞ നൂറു നൂറു പേർക്കിടയിൽ
അവനുണ്ടായിരുന്നു. മെല്ലെ തിരിഞ്ഞു നോക്കി അവനൊന്നു പുഞ്ചിരിച്ചു.

[illegible] നിരന്നു. ഞങ്ങൾ ഭക്ഷണം കഴിക്കാനിരുന്നു.

ഇതുപോലൊരു സദ്യ നടത്തണ്ടേ?

[illegible] ഞങ്ങളിരുവരെയും നോക്കി പറഞ്ഞു.

ഞങ്ങൾ സദ്യയൊന്നും തരില്ല. ഒളിച്ചോടാൻ പോവാ.

അവൾ ഒരു കുസൃതിച്ചിരിയോടെ പറഞ്ഞു.

ഞാൻ സദ്യയെപ്പറ്റി അഭിപ്രായപ്പെട്ടു

'സദ്യ കൊള്ളാമല്ലേ. നല്ല പായസം'

അതൊക്കെ കോട്ടയത്തെ ക്രിസ്ത്യാനികളുടെ കല്യാണത്തിന്റെ ഫുഡ്.
ചിക്കനും ബീഫും ഫിഷും....

സിജോ പറഞ്ഞു.

അതിനൊക്കെ നല്ല ക്രിസ്ത്യാനികളുടെ സദ്യ കഴിക്കണം

അശ്വതിയാണ് അഭിപ്രായപ്പെട്ടത്..

'നല്ല ക്രിസ്ത്യാനി'. അപ്പോൾ മോശം ക്രിസ്ത്യാനിയുണ്ടോ? ഞാൻ
ചോദിച്ചില്ല.

ആളൊഴിഞ്ഞപ്പോൾ പള്ളിക്കകത്തു ഞാനുമവളും മാത്രമായി. ഞാൻ
യേശുവിന്റെ ക്രൂശിതരൂപം നോക്കി നിൽക്കുകയായിരുന്നു. അവളെന്നെ

നോക്കിക്കൊണ്ടു ചോദിച്ചു:

'നീയെന്താ യേശുവിനെ ഇങ്ങനെ നോക്കിപ്പേടിപ്പിക്കുന്നെ?'

'ക്രിസ്തു ഒന്നല്ലേയുള്ളൂ.'

'അതെ.'

'ക്രിസ്ത്യാനി എത്ര തരമുണ്ട്?'

'നിനക്ക് പിന്നേം പ്രാന്തായോ?'

'പ്രാന്ത് നിന്റെ......'

അന്ന പരിഭവം നടിച്ചു.

**********************

വലിയൊരു കാറ്റു വീശി. കുഞ്ഞോളങ്ങളിൽ തെന്നി നീങ്ങിയ എന്റെ കടലാസു വഞ്ചി മറിഞ്ഞു വീണു. ആഴമറിയാത്ത ആഴങ്ങളിലേക്ക് എന്റെ വലിയ പ്രതീക്ഷകളും കൊച്ചു സ്വപ്നങ്ങളും പതിക്കുകയാണുണ്ടായത്.

അന്നയെ ഒരിക്കൽ കണ്ടിരുന്നു. ഞങ്ങളുടെ പഴയ കലാലയ മുറ്റത്ത്. ഞങ്ങൾ എന്തൊക്കെയോ സംസാരിച്ചുകൊണ്ട് നടന്ന്. ഞാനാ നീളം കുറഞ്ഞ ചുരുൾമുടിയിൽ പിടിച്ചു വലിച്ചു. അവൾ ദേഷ്യത്തോടെ നോക്കി.

എന്റെ കാൽപ്പാടുകളേറെ വീണ ആ വഴിയും, ഉയർന്നു നിൽക്കുന്ന ആ പഴകിയ കെട്ടിടവും നോക്കി നിൽക്കുകയായിരുന്നു ഞാൻ. ഇവിടെ എല്ലാം ഇട്ടിട്ടു പോരുമ്പോൾ പകരമായി എല്ലാത്തിനെയും ഓർമ്മിപ്പിക്കുന്ന ഒന്ന് എടുത്തുകൊണ്ടു പോകുവാൻ വെറുതെ മോഹിക്കുകയാണ്. ഞാൻ പറഞ്ഞു:

'അതേയ്, ഒരു കാര്യം പറയട്ടെ.'

'നീ പറഞ്ഞോ. എന്തിനാ പറയാണ്ടിരിക്കുന്നത്.'

അവൾ അരികിലുള്ള ഒരു ചെടിയുടെ ഇലകൾ വെറുതെ പറിച്ച് നിലത്തെറിഞ്ഞു. ഞാനാ കൈ തട്ടിമാറ്റിക്കൊണ്ട് തുടർന്നു:

'അങ്ങനെ വലിയ കാര്യമൊന്നുമില്ലാ.....ഓരോ കാര്യം പറയണമെന്ന് വിചാരിക്കും, പിന്നെ അതൊക്കെ മറക്കും, അല്ലെങ്കി പറയണ്ടാന്ന് വിചാരിക്കും.'

'മര്യാദയ്ക്ക് പറഞ്ഞോ, എനിക്ക് ദേഷ്യം വരുന്നുണ്ട്.' അന്ന കണ്ണുകൾ ഉരുട്ടിക്കാണിച്ചു. ദേഷ്യം നടിച്ചു.

പിന്നെ പറഞ്ഞു :

'പേടിയാവുന്നില്ലാല്ലേ?'

'ആരു പറഞ്ഞു. നല്ലോണം പേടിയാവുന്നുണ്ട്.' ചിരി പിന്നെയും ചിരി.

എന്റെ ശബ്ദം താഴ്ന്നു :

'അന്നാ, ഞാൻ ഹിന്ദുവാണ്.'

'ആണോ? ഞാനറിഞ്ഞില്ല.'

അവൾ അത് കാര്യമായിട്ടെടുത്തേയില്ല. അവളുടെ മാറിൽ പിങ്ക് നിറമുള്ള ഉടുപ്പിന്റെ മുകളിൽ ഒരു കുരിശുമാല തിളങ്ങി നിന്നു.ഞാനതിൽ നോക്കി നിന്നു.

ഇന്നെല്ലാവരും എല്ലാം അറിഞ്ഞിരിക്കുന്നു. എന്റെ വഴികളെല്ലാമടഞ്ഞു. തടസ്സങ്ങൾ, പ്രതിബന്ധങ്ങൾ..... എനിക്കു മറികടക്കാനാകാത്തവണ്ണം എനിക്കുമുന്നിലുയർന്നു നിന്നു.

തലയിണ കണ്ണീരുകൊണ്ട് നനഞ്ഞു. എന്റെ ഹൃദയം ശരീരത്തിൽനിന്ന് വേർപെട്ട് പോകുവാൻ വെമ്പി നിൽക്കും പോലെ വലിയ വേദന. ഇടയ്ക്കിടെ വാരിയെല്ലുകൾ തുളച്ചു ആരോ സൂചിമുനകൾ തറയ്ക്കുന്നു. രക്തം നിറച്ചു വച്ച ആ സഞ്ചിയിൽ തുള വീണിരിക്കുന്നു. ചോര വാർന്നു മരിച്ചെങ്കിൽ ......

അവളെക്കുറിച്ചുള്ള ചിന്തകൾ....

ഹൃദയം എരിഞ്ഞു തീർന്നുവോ ആവോ? സ്മരണകൾ വല്ലാതെ വേട്ടയാടുന്നു. എങ്ങും വെളിച്ചം, എങ്ങും ശബ്ദകോലാഹലങ്ങൾ, പൊട്ടിച്ചിരികൾ. ഒരൽപം നിശബ്ദയും എനിക്കൊളിക്കാൻ തമസ്സുമുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

നാളുകൾ അങ്ങനെ കടന്നുപോയി. ചിലപ്പോഴൊക്കെ ഞാനാ മുറ്റത്തു പോയിരിക്കാറുണ്ട്. ഏകനായും കൂട്ടുകാരോടൊപ്പവുംമനസ്സ് കരയുമ്പോഴും പുഞ്ചിരിക്കുവാൻ ഞാൻ പേടിച്ചിരുന്നു. ഒരു സന്ധ്യയിൽ, ഉദ്യാനത്തിന്റെ ഒരു മൂലയിൽ, ഇലഞ്ഞിപ്പൂവുകൾ മൂടിയ ഒരു മരച്ചുവട്ടിൽ ഞാനിരിക്കുകയായിരുന്നു പാതിമയക്കത്തിൽ. എല്ലുംതോലുമായിത്തീർന്ന എന്റെ വലതുകരം അവൾ ഇരുകൈകൾക്കുള്ളിലാക്കി. കൈ വലിച്ചെടുക്കാൻ ശരീരവും അതിലേറെ മനസ്സും അനുവദിച്ചില്ല. ഏറെ നിമിഷങ്ങൾ കടന്നുപോയി. അവ അനശ്വരങ്ങളായെങ്കിൽ എന്നു കൊതിച്ചു. പെട്ടെന്ന് വിസ്മൃതിയിലേക്ക് കൂപ്പുകുത്തിയ ഓർമ്മയുടെ കിരണങ്ങൾ മനസ്സിന്റെ അകത്തളങ്ങളിൽ അങ്ങിങ്ങ് ചിതറിത്തെറിച്ചു.

അന്ന. ആ നയനങ്ങൾ കരുണാർദ്രമായി എന്നെ നോക്കിക്കൊണ്ടിരുന്നു. എന്റെ എല്ലാ ഭാരങ്ങളും ഹൃദയവ്യഥകളും അവിടെയിറക്കിവയ്ക്കൂ എന്ന് ആ മിഴികൾ പറയുന്നതുപോലെ.

എന്റെ ഇടംകൈ അവളുടെ മൃദുലമായ വലംകൈയിൽ ചേർന്ന് ഞങ്ങളങ്ങനെ ഏറെ ദൂരം നടന്നു. എന്തുകൊണ്ടോ ഏറെ നാളുകൾക്കു മുൻപ് ഞാൻ കണ്ട ആ ചെറുപ്പക്കാരന്റെ ചേതനയറ്റ ശരീരം എനിക്കോർമ്മ വന്നു.

ആ പെൺകുട്ടിയുടെ കരച്ചിൽ മനസ്സിൽ മുഴങ്ങിയപ്പോൾ ഞാൻ അന്നയെ നോക്കി. എന്റെ കൈകൾ തളർന്നു. അന്നയുടെ നിറകണ്ണുകൾ മനസ്സിൽ. എന്റെ കൈ അവളുടേതിൽ നിന്നും വേർപ്പെട്ടുപോയി. അവൾ എന്റെ കയ്യിൽ മുറുകെ പിടിച്ചു. ഞാനും.

ഇനി പൂവുകൾ പൊലിയാതിരിക്കട്ടെ. ക്രൂരമായ കരങ്ങൾക്ക് എത്തിപ്പിടിക്കാനാകാത്തവണ്ണം അവ പൂമ്പാറ്റകളായി പറന്നുയരട്ടെ. എനിക്ക് പ്രതീക്ഷയുണ്ട്, എന്റെ ഉറ്റവരുടെ ഹൃദയങ്ങളിൽ.

ആകാശം ചുവന്നു. പിന്നെ പല നിറങ്ങളും പൂണ്ട് ഒടുവിൽ ഇരുട്ടു മാത്രമായി. ആകാശത്തു നക്ഷത്രങ്ങളും താഴെ എന്റെയരികിൽ മിന്നാമിനുങ്ങുകളുമുണ്ട്. അവയുടെ കുഞ്ഞുവെട്ടവും.

# THE WIND'S CHILD

Author : **Dr. Jayasree Krishnankutty**
(Professor and Head, Dept of Agrl Extension)
Artist : **Sibin K.** (Gagnants'15)

The child felt free. It was the first time in her memory that she could move without having an adult by her side. Her parents made it sure that she never went outside without a chaperone. It was either one of her parents, ayah or her elder brother, who generally was not very patient with her.

The world generally surprised her. There were so many things she did not understand. Why it was perfectly okay to play underneath furniture in her home, while it was taboo in a railway station? Why petting your cat was okay but petting a cow grazing outside was not? Why was not smiling at someone known to you when you didn't feel like it, and smiling at a stranger when you felt happy inside, not okay?

The mild sunshine outside and the gentle, cold breeze hit her face. She felt exhilarated. There were so many things to take in. How beautiful were the little flowers, yellow, lavender and pink, peeping out of small trailing bushes! Unknown fragrances caressed her nostrils. The earth, slightly wet with dew and hard, like in any mountainous area felt solid under her thin shoes.

The steps from the resort led downhill. She jumped on to the second step, then to the third and then all the way down. That made her feel warm. And live. Very live.



A butterfly skittered along the top of the shrubs. She chased it with all her might. Her running was not very quick, she was easily tired as she seldom was allowed to run in their yard back at home.

The butter fly settled on a bright red flower, in fact is it one flower or a collection of flowers on a single stalk? She looked past the butterfly. Through the mist, she could see a daintily ornate building. It was not huge, but it was big enough. It had peculiar looking sculptures all around it. Had a sloping roof curving up at the ends. Had big brass bells dangling on both sides of the large front door.

The door was open. Intrigued, she stepped inside. She sensed a fragrance very similar to the incense she was familiar with at home. There was a beautiful brass boat kept on a high stool which was filled with water and red flowers were floating on top. There was no one inside, but a giant, decorated statue of someone with half closed eyes stood in the centre of the room. Looking at the face, she felt a strange peace seeping into her mind.

The child turned back and ran. She liked to test her running skills. She ran along a narrow lane amidst thickets, a gravelly one which now had trees on both sides and then she reached the side of the mountain which suddenly dropped. Eyes wide, panting, she looked down. And she could not see the bottom . She could not fathom what that meant. Why can't she see what was in the bottom? Why did it feel lonely and fearful all of a sudden?

She turned back and tried to see the cottage, part of the resort, where her family was staying on holidays. But she could not see anything resembling it nearby.

The child, sat down and started to cry. Words did not come easily to her. It was only to her mother, she could communicate successfully. For the rest of the people, her speech was a slur, not formed words and not really language.

Something as soft as silk brushed on the hands of the crouched up, sobbing child. Looking up, she saw a red robed man, smiling at her.

Without saying a word, he extended his hand to her. She got up, held on to his hand, and somehow, she felt like smiling back at him.

They walked. As they progressed through the gravelly path, he talked to her. He told her about the clouds, how they descended down in the evenings in that part of the world, how they nurtured the trees and plants directly, how the birds, flies, lizards, small animals and ants made it a very lively world, with a bounty of flowers and fruits, that were sturdy and exquisitely beautiful. He told her about mountain streamlets, trickling down from high above, carrying crystal clear, sweet water, that washed away even your inner dirt. He told her about harmony, oneness and mindfulness. Some of which she did not understand. Some she did.

As he finished talking, she saw her cottage. The door was still closed. Her mother, blissfully, was unaware that she had wandered outside. The red robed man, scooped her up in his arms, and held her close for a moment.

'Be well, my dear child' he whispered in her ears.

She did not know in which language he spoke. But she understood what he said.

The door of the cottage opened and her mother appeared.

'Liya!! Where had you gone?!!" she almost shouted.

She smiled, as she most often did and tried to enter into the cottage past her mother. Then she remembered. She turned around, to show the red robed man to her mother.

But behind her, there was no one.

Running to the edge of the steps, the child peered down the slope and beyond. She could spot no one.

"Liya, not any more! Come inside at once!!"

The mother exclaimed.

The child hesitated but then obeyed.

The red robed man smiled from inside her mind.

# റിയ എസ്. (1999 - 2017)

എഴുത്ത് : ആര്യ കൃഷ്ണ കെ. ജി. (M.Sc. Dept. Agri. Extension)
വര : സന അബ്ദുൾ സമദ് (Gagnants'15)

ബ്രിഗേഡ് റോഡിലെ തിരക്കൊഴിഞ്ഞ പാർക്കിങ് സോണിൽ ഞാൻ കാർ ഒതുക്കി. വണ്ടികളിൽ വൃത്തികെട്ട നഗരമാലിന്യം കോരിനിറയ്ക്കുന്ന കോർപ്പറേഷൻ ജോലിക്കാർ. കയ്യുറകളിലും മഞ്ഞച്ച കാക്കിക്കുപ്പായത്തിലും പറ്റിയ മാലിന്യപ്പൊട്ടുകളെ അവർ കണ്ടില്ലെന്നു നടിക്കുന്നു.

ഈയലുകളായി ഇരമ്പിയോടുന്ന വണ്ടികൾക്കിടയിലൂടെ ട്രാഫിക് പോലീസുകാരന്റെ ക്ഷീണിച്ച കൈമുദ്രകളെ മറികടന്ന് എതിർദിശയിലേക്കു നടന്നു.

"ആർ. കെ. നഗർ"

കരിമ്പിൻചാറിന്റെ വെളുത്ത നുരകളിൽ പതയുന്ന തെരുവിലെ അടക്കം പറച്ചിലുകൾ. കുടുസ്സുചായക്കപ്പുകളിൽ സിഗരറ്റു കറുപ്പിച്ച ചുണ്ടുകൾ മുക്കി പാപക്കറകളയുന്നവർ. ചീഞ്ഞ പച്ചക്കറിയുടെയും ഉരുകിയൊലിക്കുന്ന പ്ലാസ്റ്റിക്കിന്റെയും മണമുള്ള പുകച്ചുരുളുകൾക്കരികിലിരുന്ന് തീകായുന്ന ആ ആൾക്കൂട്ടത്തിനപ്പുറമാണ് എനിക്ക് പോകേണ്ടത്.

ഇരുമ്പുമണക്കുന്ന അധികം പഴക്കമില്ലാത്ത ഈ ഗേറ്റ് ഇതു നാലാം തവണയാണ് ഞാൻ തുറക്കുന്നത്. ആദ്യത്തെ രണ്ടു പ്രാവശ്യവും അവളോടൊപ്പമാണ് ഞാനിതു കടന്നകത്തുകയറിയത്. മൂന്നാം വട്ടം.. സമയംതെറ്റി ഞെട്ടറ്റൊരു ആലിലയെപ്പോലെ വെള്ളപുതച്ച് അവളീ നടവഴിയിൽ കിടന്നു.

ഗാർഡനിൽ നിന്നിരുന്ന ടീനേജ് മുഖങ്ങളിൽ പലതും എന്റെ നേർക്ക് ചെരിയുന്നത് ഞാൻ കണ്ടു. പഴയൊരു പത്രത്താളുമായി ഹോസ്റ്റൽ മേട്രൻ വന്നു. ചരമപേജിന്റെ താഴത്തെമൂലയിൽ അവളുണ്ടായിരുന്നു.

'റിയ എസ്.,
1997–2017

ഫോട്ടോ ബ്ലാക്ക് ആൻഡ് വൈറ്റിലാണ്. പത്രത്തിന്റെ പഴക്കം അവളുടെ മുഖത്തിന്റെ തെളിച്ചക്കുറവായിട്ടാണ് എനിക്കു തോന്നിയത്. പോക്കറ്റിൽനിന്നു ഫോൺ എടുത്ത് ഞാനവളുടെ കണ്ണുകൾക്കുമുന്നിൽ നിർത്തി. അതിനുള്ളിലിരുന്ന് അവൾ ചിരിച്ചു. വിഷാദം പടർന്ന ചിരി.



മേട്രനോട് യാത്ര പറഞ്ഞു. അനാഥമായ അവളുടെ പഴയ ഡയറികളും പുസ്തകക്കെട്ടുകളും കയ്യിൽവച്ചുതന്നപ്പോൾ അവയ്ക്ക് ഓർമകളുടെ കനമുണ്ടായിരുന്നു. ഞാനറിയാതെ പോയ, അവൾ പറയാൻ മടിച്ച വാക്കുകളുടെ പിടച്ചിൽ ഞാൻ അറിഞ്ഞു.

ഡോറുതുറന്ന് പുറകിലെ സീറ്റിൽ വയ്ക്കാനൊരുങ്ങിയതാണ്. വേണ്ട. അതെന്റെയൊപ്പം തന്നെയിരിക്കട്ടെ. ജീവിതം കയ്പുമാത്രം കൊടുത്തിരുന്നതു കൊണ്ടാകണം ഒരാത്മഹത്യയുടെ ദൈന്യതയിലേക്കു അവളെടുത്തുചാടിയത്. എന്റെ എല്ലാ കണ്ണുനീരും വറ്റിച്ച നോവായത്.

മുൻകൂട്ടി ബുക്ക് ചെയ്ത ട്രെയിനിൽ ഞാനെന്റെ ബെർത്ത് കണ്ടുപിടിച്ചു. അധികം യാത്രക്കാരില്ല. എനിക്കു താഴത്തെ ബെർത്തിൽ ഒരു മലയാളി ക്കുടുംബം ഞെങ്ങിഞെരുങ്ങി ഇരിക്കുകയാണ്. ട്രെയിൻ ഓടിത്തുടങ്ങി.

'നാട്ടിലേയ്ക്കാണോ? അവരിൽ മുതിർന്നയാൾ ചോദിച്ചു.

'അതേ'

'ഇവിടെ?'

എന്റെ മൗനം മുറിക്കാൻ അനുവദിക്കാതെ ട്രെയിനിന്റെ ഉലച്ചിലുകൾ സമയത്തിന്റെ ഇടനാഴിയിൽ ശബ്ദം കോരിനിറച്ചു നെഞ്ചിൽ കിനിഞ്ഞ വേദനയിൽ കവിളുകൾ നനഞ്ഞു. ഇരുട്ടിൽ ഞാനാ പേഴ്സു തുറന്ന് പരതി. അവളുടെ മുഖം തൊട്ട വിരലുകൾ തണുപ്പറിയുന്നുണ്ടായിരുന്നു.

---

**കോടതിമുറികളിൽ നീതിക്കുവേണ്ടി അലറുന്നു, വാർത്തകൾ**

**വിലകൊടുത്തു വാങ്ങുന്നു...**

**തിരഞ്ഞെടുത്ത ചിലകൊലപാതകങ്ങൾ.**



'ഞാനവരോട് ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരുന്നു. അവരെന്നെ കൊല്ലുമെന്ന് പറഞ്ഞു. അവർക്കറിയാവുന്നത് അതുമാത്രമാണ്.'



# ഭാഗ്യപ്പെട്ട മരണമാണ് ഓരോ കള്ളനും പടച്ചോൻ ഒരുക്കുന്നത്

എഴുത്ത് : ജസിൽ ആർ. (Gagnants'15)
വര : ശ്രീഷ എം. (Gagnants'15)

ഭാഗ്യപ്പെട്ട മരണമാണ് ഓരോ കള്ളനും പടച്ചോൻ ഒരുക്കുന്നത് കുരിശിൽ തൂങ്ങിക്കിടന്നപ്പോൾ, തന്നോടൊപ്പം കുരിശ്ശിൽ തറയ്ക്കപ്പെട്ട കള്ളനോട് അവൻ പറഞ്ഞു. അന്ന് അവൻ അവനോടൊപ്പം പറുദീസയിലിരിക്കുമെന്ന് യേശു വാഗ്ദാനം ചെയ്തു. യേശു ചെയ്ത വാഗ്ദാനം അവൻ നിറവേറ്റി എന്ന് നീയും വിശ്വസിക്കുന്നില്ലേ മരിയേ? ഒരു രാജാവിനെപ്പോലെ അവൻ അവളോട് ചോദിച്ചു: ഒരു മന്ദഹാസത്തോടെ ഒരു റാണിയുടെ ഭാവത്തിൽ അവൾ പറഞ്ഞു. കള്ളൻ മരിച്ചപ്പോൾ അവൻ ലാസറിനെ അബ്രഹാമിന്റെ മടിയിലേക്ക് കൊണ്ടുപോയതുപോലെ കൊണ്ടുപോയിക്കാണും, ചമ്മിയ മുഖവുമായി അവൻ അകത്തേക്ക് കയറി ഇരുന്നു. പിന്നീട് ആ കള്ളക്കണ്ണുകൊണ്ട് വീടാകെ ഒന്ന് പരതി. പെട്ടെന്ന് അവളുടെ ചോദ്യം: "എന്നാ കക്കാനാ ഈ പരതുന്നെ ഇവിടെ വിലപിടിപ്പുള്ള ഒരുപാടു സാധനങ്ങൾ ഇരിപ്പുണ്ട് മോഷ്ടിച്ചോണ്ട് പോണോ?" അവൾ ചിരിയൊതുക്കും മുന്നേ അവൻ ഒന്നെറിഞ്ഞു നോക്കി, ഇവിടെ ഈ അടുക്കളേൽ പുകപിടിച്ച് കെടന്ന ഒരു മനസ്സുണ്ട് അതങ്ങ് മോഷ്ടിച്ചാലോ മരിയെ. നിറഞ്ഞ ആനന്ദക്കണ്ണീർ പുകയിൽ മറച്ച് അവൾ ചോദിച്ചു "എന്നാതതിനാ കള്ളനു കഞ്ഞിവെക്കാനല്ലേ ഞാനില്ല" പറഞ്ഞു തിരിയും മുന്നേ മരിയയേ സ്വപ്നലോകത്തിലാക്കി അവൻ പോയിരുന്നു.

അല്ലെങ്കിലും കള്ളന്മാർ അങ്ങനെയാണല്ലോ ആരുമറിയാണ്ട് വന്ന് വിലപിടിപ്പുള്ളതെല്ലാം കട്ടോണ്ട് പോകും. അമ്മ പോയതിൽ പിന്നെ അവൻ ആദ്യം കട്ടത് മരിയയുടെ മനസ്സാകണം. ഒരുപക്ഷേ മരിയയും അമ്മയും ഒരു കള്ളനിൽ നിന്നും കള്ളന്റെ മകനിലോട്ടുള്ള കാലത്തിന്റെ മാറ്റം മാത്രം. അച്ഛനെക്കാൾ വലിയ കള്ളനാകും എന്നറിയാതെ അവൻ മരിയയോട് ചോദിച്ച ആദ്യ ചോദ്യം അതാർന്നു. അമ്മച്ചിക്കെങ്ങനാ കള്ളനായ അപ്പനോട് ഇഷ്ടം തോന്നിയേ? അവനൊരിക്കലും അപ്പനെ ഇഷ്ടമല്ലായിരുന്നു. എല്ലാരും അപ്പന്റെ പേര് തന്റെ പേരിൽ കൂട്ടിച്ചേർത്ത് പറയുമ്പോൾ കള്ളനെന്ന പേരിൽ തുടങ്ങിയതാണ് അവന്റെ പള്ളിക്കൂടം, എങ്ങനെ വേർതിരിക്കും കുഞ്ഞാടുകളിൽ ആരുടേലും എന്തേലും കാണാതെ പോയാൽ ഒറ്റക്കുറുക്കനായ തനിക്ക് അമ്പുപെരുന്നാൾ ആണല്ലോ?

കള്ളന്റെ മകൻ ഒരിക്കലും അപ്പനെപ്പോലെ ഒരാളെയും കരയിപ്പിക്കുന്ന മോഷണം നടത്താറില്ല. ആരേം വേദനിപ്പിക്കാത്ത എന്തും അവനു സ്വന്തം

ആണ് പിന്നെ ചോദിക്കാനും പറയാനും ഒന്നുമില്ല. പ്രധാനമായും ഇന്ന് അടക്കം ചെയ്ത കുഴി തുറന്ന് ശവപ്പെട്ടി സുരക്ഷിതമായി കടകളിൽ എത്തിക്കലാണ് പണി. ചത്തവർക്ക് എന്തിനാ ഒരു കൂട്. അതിനുവേണ്ടി ശവത്തെപോലും ഉണർത്തില്ല. വളരെ ഭംഗിയായി അവൻ പണി തീർക്കും. പിന്നീട് കുടിച്ച് കള്ളനായതിന്റെ സങ്കടോം പാടി അവൻ മരിയയുടെ വീട്ടിലേക്ക് പോകും. അല്ലെങ്കിലും താൽപര്യംകൊണ്ട് കള്ളനായവർ ആരുമുണ്ടാവില്ലല്ലോ!

അന്ന് പള്ളിയിലെ മരണമൊഴി മുഴങ്ങി. ശവപ്പെട്ടി കടക്കാരന്റെ വിളിയും കാത്തിരിക്കെ വന്നത് മറ്റുചിലർ ആയിരുന്നു. താൻ ഇതേ വരെ കണ്ടിട്ടില്ലാത്ത ചിലർ. നല്ല കസവ് ധരിച്ചവർ. മരണപ്പെട്ടത് അവരുടെ അപ്പനാണ് എന്നത് അവനു കത്തി, അതിൽ തടിച്ചുകൊഴുത്ത ഒരുത്തൻ പറഞ്ഞു. വളരെ രഹസ്യമായി. ഞങ്ങളുടെ അപ്പന്റെ ശവപ്പെട്ടി ഇന്ന് വീട്ടിൽ എത്തിക്കണം. മരിച്ചത് ഞങ്ങളുടെ അപ്പനായതുകൊണ്ട് വളരെ വില കൂടിയ പെട്ടിയിലാണ് അടക്കുന്നത്; പക്ഷേ ആ കിളവനുവേണ്ടി പണം വെറുതെ കളയാൻ മക്കളായ ഞങ്ങൾക്ക് താൽപര്യം ഇല്ല. കയ്യിൽ കുറച്ചു പണവും തന്നിട്ട് അവർ പോയി. തന്റെ അപ്പനെ തെമ്മാടിക്കുഴിയിൽ അടക്കിയതോർത്ത് അവൻ ഒന്നു നിന്നു. പിന്നീട് രാത്രിയിലേക്കുള്ള പണിപ്പുരയിലായി.

രാത്രി ഇരുട്ടി കുഴി മാന്തി പെട്ടിയെടുത്തു പിന്നീട് വണ്ടി സഹായത്തോടെ അവരുടെ വീടിന്റെ പുറകിൽ എത്തിച്ചു. ഒരു കുപ്പി മുഴുവൻ അകത്താക്കി അവൻ മരിയയെ കാണാൻ പോയി. കഥകൾ പറഞ്ഞില്ല കിന്നാരവും പറഞ്ഞില്ല പതിവില്ലാത്ത മൗനം കണ്ട മരിയ ചോദിച്ചു "പുകകൊണ്ട് ഉണങ്ങിത്തുടങ്ങിയ മനസ്സിനെ മോഷ്ടിക്കുന്നില്ലേ?" മറുപടി ഒന്നും വന്നില്ല. കൊറേ നേരം ഇരുന്ന് പോകാൻ നേരം ഒരു ചോദ്യം. എന്റെ തെമ്മാടിക്കുഴി തോണ്ടി പെട്ടിയെടുക്കാൻ ഒരാളെ ഏൽപ്പിക്കണം അല്ലെ? മരിയയുടെ മറുപടി പ്രതീക്ഷിച്ചില്ല അവൻ മരിയയുടെ സ്വപ്നലോകം ഇന്ന് തുറന്നില്ല. ചില ജനാലകൾ അടഞ്ഞ ശബ്ദം മാത്രമായവിടെ.

അടഞ്ഞ ജാലകങ്ങൾ അവന്റെ മനസ്സിന്റെ ആയിരുന്നു. മറ്റൊരു കള്ളൻ ജനിക്കാതിരിക്കാൻ മറ്റൊരു അമ്മയെ കാണാതിരിക്കാൻ ആശിച്ചു മോഷ്ടിച്ച ആ മനം തിരിച്ചു കാക്കാൻ അവൻ കൊതിച്ച മരിയയെ ഒരിക്കലും കാണില്ലെന്നും അവൻ ഉറപ്പിച്ചു. പല മരണങ്ങളും നടന്നു. കുടിച്ചു വരുന്ന അവനേയും കാത്ത് മരിയ ഇരുന്നു. പല രാവുകളും അവനായി ഒരു മെഴുകുതിരി ആ കുടിലിൽ ഉരുകി.

കള്ളൻ മനസ്സ് കക്കാൻ വരില്ലാന്ന് തോന്നിയ അവൾ അവനെ തേടിപ്പോയി. അവസാനം അപ്പന്റെ തെമ്മാടിക്കുഴിക്കരികിൽ ഇരിക്കുന്ന അവന്റെ കയ്യോട് ചേർത്ത് അവൾ പറഞ്ഞു. "ഒരു കള്ളന്റെ മകനെ അല്ലെ പേടിക്കുന്നേ അവൻ മരിയയുടെ മകനായി വളരും. കള്ളന്റെ മകനെന്ന് അവൻ പോലും അറിയില്ല." അവൾ കരഞ്ഞുകൊണ്ടോടി അവന്റെ കണ്ണുനീർ ആദ്യമായി ആ കുഴിമാടത്തിൽ വീണു.


അന്നു രാത്രി മരിയയുടെ വീട്ടിൽ അവൻ വന്നു. മഴ പെയ്തു കാറ്റടിച്ചു. ജനലുകൾ തുറന്നടഞ്ഞു. അവർ പരസ്പരം മോഷ്ടിച്ചുകൊണ്ടേയിരുന്നു.

അന്നു കുഴിമാടം തോണ്ടാൻ പോയതായിരുന്നു. പള്ളീൽ അച്ഛന്റെ സംസ്കാരം കഴിഞ്ഞ ബഹളത്തിലായിരുന്നു നാട്ടുകാർ. ഇന്നവനെ ആരും ഏൽപ്പിച്ചതല്ല പെട്ടിയെടുക്കാൻ. ഒരു കടം തീർക്കാൻ വേണ്ടി മാത്രം കള്ളനാക്കിയ ആട്ടിടയനുള്ള ഗുരുദക്ഷിണ മാത്രമായിരുന്നു.

7 മാസം ഗർഭിണിയായ അവൾ അച്ചനാരെന്നു വെളിപ്പെടുത്തിയില്ല. പിഴച്ചു പെറ്റവൻ എന്ന പേരിൽ ജനിക്കുമോ തന്റെ കുഞ്ഞ് എന്ന ഭയം അവനിൽ ഉണ്ടായിരുന്നു. പക്ഷെ അവിടെ ഭയം തെരക്കാൻ ദൈവം അവരെ മോളിലോട്ട് വിളിച്ചു. കാലുതെന്നി വീണു മരിയയും കുഞ്ഞും; അന്നു നാട്ടു നീതി അവരെ തെമ്മാടിക്കുഴിയിൽ അടക്കി.

മനസ്സു മരിച്ച കള്ളൻ അവനു സ്വയം മോചനം നൽകാൻ തീരുമാനിച്ചു. മരണം. അതിനോട് അവനു പേടിയായിരുന്നില്ല. അവൻ സ്വയം ജീവനൊടുക്കി. അവനെയും നാട്ടുനീതി മരിയയുടെ അടുക്കലെത്തിച്ചു. അവർ എല്ലാവരുടേയും അനുമതിയോടെ കുഴിമാടത്തിൽ ഒന്നിച്ചു. മരണം. അതെന്നും എല്ലാ കള്ളന്മാർക്കും ഒരു ഭാഗ്യം തന്നെയാ. ഒരു മോചനം. അപമാനത്തിൽനിന്നും കുറ്റബോധത്തിൽനിന്നും ഉള്ള മോചനം. ഇവിടെ മറ്റൊരു കള്ളൻ ജനിച്ചു. ശവപ്പെട്ടി കടക്കാരനു വേണ്ടി; അവൻ ആദ്യമായി മറ്റൊരു കള്ളന്റെ കല്ലറ മാന്തി തുടക്കം കുറിച്ചു. ഒരു നാൾ ഭാഗ്യം തനിക്കും വരുമെന്നും കരുതി അവനും കാത്തിരുന്നു. എല്ലാ കള്ളന്മാരും ജീവിതത്തിൽനിന്നും ഓടിയകലുമ്പോൾ ഭാഗ്യത്തിന് അവർ എത്തിപ്പെടുന്നതോ മരണത്തിലേക്ക്. പടച്ചോൻ അവർക്ക് കൊടുക്കുന്ന ഒരവസരം...

> പതിവില്ലാത്ത മൗനം കണ്ട മരിയ ചോദിച്ചു "പുകകൊണ്ട് ഉണങ്ങിത്തുടങ്ങിയ മനസ്സിനെ മോഷ്ടിക്കുന്നില്ലേ?"



സത്യത്തിൽ ഓരോ വെടിയുണ്ടകളും ഇരകളുടെ
രക്തസാക്ഷികളാവുകയല്ലേ... ഇവിടെയും അവിടെയും എവിടെയും.

# എന്റെ കണക്കുപുസ്തകം

എഴുത്ത് : അനുഷ്ക (Prayaga '16)
വര : അക്ഷയ് കുമാർ (Gagnants '15)

കണ്ണിലുറക്കം കേറാതെ കാലനെ കാവൽ നിർത്തി, ഞാൻ എന്റെ കണക്കുപുസ്തകം അഴിച്ചുനോക്കി. ചില കൂട്ടിക്കിഴിക്കലുകൾക്കപ്പുറമുള്ള കോളങ്ങൾ ശൂന്യമായിരിക്കുന്നു. ലാഭനഷ്ടങ്ങളുടെ കണക്കുകൾ ചിട്ടപ്പെടുത്തുകയാണ്. ഇതിൽ എവിടെയാണ് എന്റെ സ്നേഹമോഹങ്ങളുടെയും ബന്ധങ്ങളുടെയും വില നൽകേണ്ടത് ? അറിയില്ല..., കണക്കിൽപ്പെടാത്ത ചിന്തകളും കണക്കറിയാത്ത ഓർമ്മകളും എന്നെ തുറിച്ചുനോക്കുകയാണ്. നേട്ടങ്ങൾ സ്വന്തമാക്കാനുള്ള എന്റെ വ്യഗ്രതയിൽ അവഗണിച്ച മുഖങ്ങൾ, ആ കണ്ണുകളിൽ തളം കെട്ടി നിൽക്കുന്ന ദയനീയത എല്ലാം എന്റെ ഹൃദയത്തെ വ്രണപ്പെടുത്തുന്നു.. ഈ മത്സരങ്ങളുടെയും പടയോട്ടങ്ങളുടെയും ലോകത്ത് വികാരങ്ങൾക്കെന്തുവില.. അവസാനം എല്ലാത്തിനും നേരെ കണ്ണടച്ച് ഞാനെന്റെ ബാലൻസ് ഷീറ്റ് ടാലിയാക്കി.



# If not so

Author : **Rose Mary Paul** (Gagnants'15)
Artist : **Sreesha M.** (Gagnants'15)

A raconteur began telling a story...

A very short story...

All kids sat with large eyes and pointed ears...

There was an umbrella held open up in the sky.
Clouds began drizzling over it. Raindrops merrily
drip dropped along its sides.

Abruptly...,

An impish storm came, turned the umbrella upside down.
Umbrella got thrilled. Again it drizzled.
Umbrella caught every raindrop and held it captive.
The drops lost their merriness...
Umbrella couldn't bear it anymore and cracks.

All kids had slept by the `time he finished the story.



# ചാത്തന്റെ ഇനാമൽ

എഴുത്ത് : അമൽ ജോസഫ് (Advaya'17)
കാർട്ടൂൺ : അക്ഷയ് കുമാർ (Gagnants'15)

കാട് വരണ്ടു കിടക്കുകയായിരുന്നു. വർഷം കാത്തുനിൽക്കുന്ന
ഇലകൊഴിഞ്ഞ വിളറിയ മരങ്ങൾ. എല്ലാ കഥയിലും എന്നപോലെ അപ്പു യാത്ര
തുടരുകയായിരുന്നു. രണ്ടാനച്ഛൻ അടിച്ചു ചോര പൊഴിഞ്ഞ കയ്യിൽ ചേർന്ന
വിയർപ്പ് അവന്റെ വേഗം കൂട്ടി.

അപ്പോൾ അവന്റെ മനസ്സിൽ 100 മീറ്റർ ഓടുന്ന കുട്ടികൾക്ക് കളർവെള്ളം
കൊടുക്കുന്ന മാതാപിതാക്കളായിരുന്നു.അവനുമുണ്ടായിരുന്നു ഒരു അച്ഛനും
അമ്മയും ബോധം പോകുവോളം കുടിക്കുമായിരുന്നെങ്കിലും കടലോളം
സ്നേഹിക്കുന്ന ഒരു അച്ഛൻ. മദ്യപാനം മദ്യപാനിക്കുമാത്രമല്ല അവനെ
ആശ്രയിക്കുന്നവർക്കും ഹാനികരമാണെന്ന് അപ്പു അറിഞ്ഞു, രണ്ടാനച്ഛന്റെ
വരവോടുകൂടി.

അപ്പോഴാണ് അപ്പു അത് ശ്രദ്ധിച്ചത്. പ്രളയം വിഴുങ്ങി തുപ്പിക്കളഞ്ഞ
ഫ്ളക്സ് കൂമ്പാരങ്ങൾക്കിടയിൽനിന്നും ഒരു വെളിച്ചം. അപ്പു ആ ഫ്ളക്സു
കൾ ഓരോന്നായി നീക്കി. കേരളം ഒരു 'നവോത്ഥാന ബിരിയാണി' ആക്കുന്ന
ഫ്ളക്സുകൾ അപ്പുവിന്റെ ശ്രദ്ധ വെളിച്ചത്തിൽ നിന്നും അൽപ്പനേരം തിരിച്ചു,
1 കിലോ വനിതാശാക്തീകരണം, 500 ഗ്രാം വനിതാമതിൽ, 500 ഗ്രാം
നവോത്ഥാനം, 100 ഗ്രാം ജനരക്ഷായാത്ര തുടങ്ങിയവ......

വീണ്ടും അപ്പു ആ വെളിച്ചം വമിക്കുന്ന കുപ്പി (പ്ലാസ്റ്റിക്കല്ല!!!) എടുത്തു
നോക്കി. പതിവുപോലെ അത് ഒരു ചാത്തനായിരുന്നു. കുപ്പിയുടെ അടപ്പ് തുറന്ന
ഉടനെ dolby സിസ്റ്റത്തെ വെല്ലുന്ന ശബ്ദകോലാഹലങ്ങളുമായി ലോകത്തെ
അവസാനത്തെ ചാത്തൻ. പ്രളയം ബാക്കിവച്ച ചാത്തൻ അവന്റെ മുന്നിൽ വന്നു.

തനിക്ക് എന്താണു വേണ്ടതെന്ന ചാത്തന്റെ ചോദ്യത്തിനായി കാത്തു
നിൽക്കുകയായിരുന്നു അപ്പു. നഷ്ടപ്പെട്ടുപോയ തന്റെ അച്ഛൻ, വലിയ വീട്,
കാർ, മിഠായി അങ്ങനെ പലതും മനസ്സിൽ വന്നെങ്കിലും അപ്പുവിന്റെ ശ്രദ്ധ മാറി.
ചാത്തൻ പോലും ഞെട്ടിയ ചോദ്യം...ചാത്തന് എന്താ ഒരു പല്ലുമാത്രം??? പണ്ട്
കാക്കത്തൊള്ളായിരം വർഷങ്ങൾക്കുമുമ്പ് താൻ പെണ്ണുകാണാൻ പോയപ്പോൾ
ചാത്തിപ്പെണ്ണ് ചോദിച്ച അതേ ചോദ്യം... 'ഈന്റെ പല്ലൊക്കെ എടെപ്പോയി'???



ചാത്തൻ അപ്പുവിനെ നോക്കി ഒന്നു നെടുവീർപ്പിട്ടു തന്റെ കഥ പറയാൻ തുടങ്ങി. എന്നാൽ വനത്തിനുള്ളിൽനിന്നും കേട്ട ശബ്ദം ചാത്തന്റെ അനർഗള നിർഗളമായ കഥപറച്ചിലിന് തടസ്സമായി...മരം മുറിക്കുകയാണ്... വാനരക്ഷാ ക്യാമ്പിന്റെ അവസാനദിവസം നടത്തുന്ന ക്യാമ്പ് ഫയറിനുവേണ്ടി... ചോദിക്കാൻ ചെന്ന ചാത്തൻ പെട്ടെന്നു തന്നെ തിരിച്ചുവന്നു. പിന്നീട് അപ്പുവിനെക്കൂട്ടി ശാന്തമായ ഒരു സ്ഥലത്തു ചെന്നിരുന്നു. വേറെവിടെയുമല്ല M.G. റോഡിൽ, അന്നും ഒരു ഹർത്താലായിരുന്നു.

ചാത്തൻ ഒന്നു ചിരിച്ചുകൊണ്ട് തന്റെ കഥപറയുവാൻ തുടങ്ങി. പെട്ടെന്ന് അപ്പു ശ്രദ്ധിച്ചു, നേരത്തെ ഉണ്ടായിരുന്ന ആ പല്ലും കാണാനില്ല!!! 'ഉണ്ണീ, എനിക്ക് പണ്ട്...' അപ്പു ഇടയ്ക്കു കയറിപ്പറഞ്ഞു... 'ഉണ്ണിയല്ല, അപ്പു....' അതേ അപ്പു പണ്ട് എനിക്ക് 448 പല്ലുകൾ ഉണ്ടായിരുന്നു. പണ്ടൊക്കെ ഞങ്ങൾ ചാത്തന്മാർ ഒഴിവു സമയങ്ങളിലൊക്കെ യാത്രയൊക്കെ പോകുമായിരുന്നു. ഇന്നത്തെപ്പോലെ Tik Tok ഒന്നും ഇല്ലല്ലോ!!. അങ്ങനെ പോകുമ്പോഴാണ് ഒരിടത്ത് ഒരു മനുഷ്യനെ ചുറ്റും നിന്നവർ തുപ്പുകയും ചാട്ടവാറുകൊണ്ട് അടിക്കുന്നതുമൊക്കെ ശ്രദ്ധയിൽ പെടുന്നത്. ഞാൻ അവിടേക്ക് എത്തി, വൈകാതെ സ്വന്തം അമ്മയുടെ മുമ്പിൽ വച്ചുതന്നെ അയാളെ അവർ കുരിശിലേറ്റി. എന്നാൽ എനിക്ക് അയാൾ തീർത്തും നീതിമാനായി തോന്നിയതുകൊണ്ട് അവിടുത്തെ ഒരു പടയാളിയോട് ചോദിച്ചു; നിങ്ങൾ ചെയ്യുന്നത് തെറ്റല്ലേ!!! ഇയാളെ കുരിശിലേറ്റാൻ മാത്രം ഒന്നും അയാളിൽ ഞാൻ കാണുന്നില്ലല്ലോ!!! ഉത്തരം കിട്ടിയത് ഉശിരൻ ഒരു അടിയാണ്!!! അതിൽ എന്റെ പല്ല് തെറിച്ചുപോയി (ആദ്യത്തേത്), ആ ദേഷ്യത്തിന് അയാൾ ചെന്ന് അദ്ദേഹത്തിന്റെ വിലാവിൻ കുന്തം കൊണ്ട് കുത്തുകയും ചെയ്തു.

അമ്മ പറഞ്ഞത് പെട്ടെന്ന് അപ്പുവിന് ഓർമ്മവന്നു, കാട്ടിലല്ല നാട്ടിലാണ് മൃഗങ്ങൾ എന്ന സത്യം... കഥ തുടരാനായി അപ്പു മൂളിക്കൊണ്ടിരുന്നു. ചാത്തൻ കഥ തുടരുന്നു...

അപ്പു, പിന്നെ ഞങ്ങൾ ചാത്തന്മാർ ഇടയ്ക്ക് ഭൂമിക്ക് പുറത്തൊക്കെ സഞ്ചരിക്കാറുണ്ട്, അപ്പോഴൊക്കെ ഭൂമി നല്ല സുന്ദരിയായി നീല നിറവും ചാർത്തി ഉരുണ്ടിരിക്കുന്നതു കാണാം. അങ്ങനെയിരിക്കെ ഒരാളെ എല്ലാവരും കൂടി കുറ്റപ്പെടുത്തുന്നതു കണ്ട ഞാൻ ഓടി അവിടെ എത്തി. ഭൂമി പരന്നതല്ല, ഉരുണ്ടതാണ് എന്നു പറഞ്ഞതിനാണ് കോലാഹലമൊക്കെ. മണ്ണിന്റെ മക്കൾ ആ കണ്ടുപിടുത്തതിനു നൽകിയ സമ്മാനം തൂക്കുകയർ... ഞാൻ സധൈര്യം മുന്നോട്ടുവന്നു വിളിച്ചുപറഞ്ഞു ഭൂമി പരന്നതല്ല, ഉരുണ്ടതാണ് ഞാൻ കണ്ടതാണ് എന്ന് . അന്നത്തെ വൈകുന്നേരം പല്ലുപോയതിലുള്ള സങ്കടമല്ല, മറിച്ചു ജീവൻ തിരിച്ചുകിട്ടിയതിലുള്ള ആശ്വാസമാണ് എനിക്ക് ഉണ്ടായിരുന്നത്.

അപ്പുവിന്റെ സങ്കടം അവന്റെ അമ്മയെക്കുറിച്ച് ഓർത്തിട്ട് മാത്രമാണ്, സഹിക്കാവുന്നതിലും അപ്പുറമായി. നിന്റെ മകൻ എനിക്ക് ഒരു അപമാനമാണ്, കവലയിലെ ചായക്കട നടത്തുന്ന തമിഴൻ ബുജൻ ഇന്നും എന്നെ കളിയാക്കി. നിന്റെ മകനെ ഇല്ലാതാക്കിയാലെ നാട്ടിൽ ഒരു വിലയുണ്ടാവുകയുള്ളു എന്ന് കേട്ട നിമിഷം ഓടിയതാണ് അപ്പു...

ചാത്തൻ കഥ തുടർന്നു, പിന്നീട് ഒരിക്കൽ ഞാൻ ഭൂമിയിൽ ഒരു മഹാത്മാവുണ്ടെന്ന് കേട്ട് അവിടെ എത്തിയതാണ്. തീർത്തും ശാന്തമായ അദ്ദേഹത്തെ നോക്കി ഞാൻ അവിടെ ഇരുന്നു. ശരിയാണ് ഒരു മഹാത്മാവ് തന്നെ...

പെട്ടെന്നാണ് അദ്ദേഹം വെടിയേറ്റ് നിലം പതിച്ചത്. സമാധാനത്തിനും അഹിംസയ്ക്കുമെതിരെ നിലകൊണ്ട ഒരു മനുഷ്യന്റെ പതനം. അദ്ദേഹത്തിന്റെ മരണത്തേക്കാൾ എന്നെ ആശ്ചര്യപ്പെടുത്തിയത് അദ്ദേഹത്തിന്റെ ഘാതകനെ ആരാധിക്കുന്നു എന്നതാണ്. ഇതു ഞാൻ ചോദ്യം ചെയ്തു, ബാക്കി പിന്നെ പറയണ്ടല്ലോ!!! കാവിവസ്ത്രധാരികളുടെ കൈക്കരുത്ത് കേമം തന്നെ. എന്നാൽ അവർക്ക് പണിയെടുത്ത് ജീവിച്ചുടെ എന്ന ചോദ്യത്തിൽ നിന്നും എന്നെ തടഞ്ഞത് മൃത്യുഭയം തന്നെ.

അപ്പു വീണ്ടും വീണ്ടും മൂളിക്കൊണ്ടിരുന്നു. ചാത്തൻ പറഞ്ഞു, ഈയിടെയായി മറവി കൂടിവരികയാണ് ഒടുവിലായി എനിക്ക് ഓർമ്മയുള്ള സംഭവം ഏകദേശം 1 കൊല്ലം മുമ്പാണ്, അന്ന് കുറേപ്പേർ ചേർന്ന് ഒരു കറുത്തു മെലിഞ്ഞ പാവത്തിനെ കെട്ടിയിട്ടിരിക്കുന്നു. എന്തോ ഭക്ഷണം മോഷ്ടിച്ചു എന്ന പേരിൽ,. ആകെ അവശനായിരുന്നു അവൻ, പക്ഷേ അവരുടെ പൗരബോധം സമ്മതിക്കണം, കോടാനുകോടി പണം മോഷ്ടിച്ചു വിദേശത്തു പോയി സുഖിക്കുന്നവരുടെ നാട്ടിൽ, വെള്ള വസ്ത്രം ധരിച്ച് പല്ലിളിച്ച് കാട്ടി ജനങ്ങളെ നിരന്തരം വഞ്ചിക്കുന്നവരുടെ നാട്ടിൽ, ഒരു നേരത്തിനുള്ള ഭക്ഷണം മോഷ്ടിച്ചവനെ പിടിച്ചു കെട്ടിയിരിക്കുന്നു...

'മനുഷ്യത്വം' ഇല്ലാത്തതുകൊണ്ട് മാത്രം ഞാനത് ചോദ്യം ചെയ്തു, എന്റെ ഒരു പല്ലുംകൂടി പോയി.

അപ്പു ആ ശബ്ദം കേട്ട് വിറങ്ങലിച്ചു പോയി, അതേ തന്റെ രണ്ടാനച്ഛൻ ഒരു കയ്യിൽ കത്തിയുമായി തന്റെ നേരെ ചീറിയടുക്കുന്നു. ചാത്തൻ ആർക്കുവേണ്ടിയും കാത്തുനിന്നില്ല, നിമിഷങ്ങൾക്കുള്ളിൽ അയാളെ മൃതപ്രായനാക്കി...


കാലം അങ്ങനെയാണ്, കുറേ കണ്ടില്ലാന്ന് നടിക്കും കുറേയധികം ക്ഷമിക്കും ഭൂമിയോളം, ചിലപ്പോൾ അതിനേക്കാൾ താഴും.

എന്നാൽ കൊഴിഞ്ഞു വീഴാൻ പല്ലുകൾ ബാക്കിയില്ലാതെ വരുമ്പോൾ പ്രതികരിക്കുക തന്നെ ചെയ്യും.......

# മരണം

എഴുത്ത് : സ്നേഹ പി. (Gagnants'15)
വര : അഖില (Audra'18)

അതു രാത്രിയിലായിരിക്കണം
ആരോടും യാത്ര പറയാതെ ഉറക്കത്തിന്റെ
നിശബ്ദതയിലായിരിക്കണം.
ആർക്കുമൊരു ശല്യമാവരുത്.
ആരുമൊരു പരാതിയും പറയരുത്.
മഴ വേണം, തിമിർത്തു പെയ്യണം.
പറ്റുമെങ്കിൽ എന്നെയും നനയ്ക്കട്ടെ.
ചിലപ്പോൾ അതുവരെ മുറിവേൽപ്പിച്ച
ഓർമയും കൂടെയൊലിച്ചു പോയെങ്കിലോ ?
നാടു മുഴുവൻ കാണാൻ വരണം.
പക്ഷേ, കാണിക്കാനായി കണ്ണുനിറയ്ക്കരുതാരും.
നിലവിളക്ക് കത്തിക്കോട്ടെ,
ആ വെളിച്ചമെൻ കണ്ണിൽ തട്ടരുത്.
ഞാൻ സ്വസ്ഥമായുറങ്ങിക്കോട്ടെ.
ഞാനൊന്നും ബാക്കിവെക്കില്ല,
ഓർമ്മപോലും.
അതുകൊണ്ടെൻ പേരും മറന്നുകൊൾക.
ഇനിയാ പേരിൽ  ആരും ജനിക്കാതിരിക്കട്ടെ.



# See - Saw

Author : **Ashish V. V.** (Prayaga'16)
Artist : **Akshay Kumar** (Gagnants'15)

The coffin was short by half a foot.
Our poor young man, having no resources
to afford one, cursed his father for being so tall.

But, there was no lacking in smartness.
He cut off his fathers both feet and now the
coffin was more than big enough!

When the burial was over, our young man
walked back home holding his father's cut feet.
In the distance, he might have seen a man
leaning in an arm chair and a little boy,
playing see-saw on his legs...

That image faded all of a sudden...


The old women among the clouds greeted
her beloved husband, and asked with grief

"Where are your feet "?

The old man sighed.

"I left them on earth,
for our son to play see-saw!" he said.











# PRIDE AGAINST PREJUDICE

Author : **Athulya S.** (Audra'18)

Recently India witnessed the most vibrant spectrum of colors in the form of the decriminalization of section 377 of IPC after the longest strive for justice, hence revolutionizing and bringing the social conduct into a whole new level of ideologies and virtues to the slightly lesser recognized citizen of our country. Thus granting them the right to live freely and finally assuring to see the fall of prejudice with pride.

So the verdict is rightly chronicled as the game changer for positive reformation. Ours is a country with male – female dichotomy, infusedinto us by the society, thus creating a havoc in the lives of sexual minorities and ridiculously neglecting the humanness in the.

What makes us human is the right to loveand falling in love is natural, then why is falling in love with a person of the same gender considered as an issue to be rattled about. There isn't anything unnatural to have sexualorientation to something that one gets to choose and that's the reason why this verdict had won the hearts of millions. Granting the right to privacy, a moment to




rejoice, it had opened many doors of acceptance and approval to the existence of the miniscule community. It's high time for our country to embrace the beginning of a new era where equal opportunity and acknowledgment is given to every single individual regardless of their sexual orientation.


Now let's see how the strings of events intended to occur. The infamous section 377 is a section which criminalized any kind of homosexual activities because they were unnatural. It came into existence in 1861, when the colonial rules of British was the norm but ironically after independence of India, the British legalized homosexual activities in their country, whereas our conservative country continued to practice the law till lately.

The journey of thousand miles stars from a single step. It was NGO Naz foundation and AIDSBedhbhawVirodhAdholan who first challenged the colonial era law in 2001 in the Delhi court, only to end in failure.

Late in the 2016 five petitions were filed by the LGBTQ activities claiming that their right to sexuality, sexual autonomy, choice of sexual partner, life, privacy, dignity and equality lay with other fundamental rights guaranteed under part III of constitution were violated by section 377 and finally on September 6, 2018 the archaic law which had long been used to harass the members of the "QUEER" community was declared unconstitutional by 5 judge bench.

Every year a new alphabet is joined to the group. It was just homosexuals at first, and then it got classified into L and G. Then B got added, and then came T and Q and it was as a wrap up that they had won a long deserved victory to live freely without a sense of awkwardness. They can now walk with pride without the sense of embrassament. They are no more a peculiar community of the conservatives; they are now one among us. Yes the section 377 battle ended its long journey with its own ups and down. A historic victory which achieve the real "INDEPENDENCE"





കച്ചവട ചന്തയിൽ വിറ്റു കാശാക്കാത്ത

കലാകാരന്റെ കയ്യിൽ അവന്റെ

# കല

എന്നും ഭദ്രമാണ്....



അധികാരിയും അടിമയും മരിച്ചൊരാ


വെളുക്കുന്നേരം കൂടിയവരൊക്കെ ചോദിച്ചത്

# ശവം

എത്തിയില്ലേ എന്നു തന്നെ....



അടിവയറിലെ കത്തുന്ന വിശപ്പിന്റെ
ചൂടകറ്റാൻ അവളും വിറ്റിരുന്നു
**നഗ്നത എന്ന കല.**



രാവിലെ തുടങ്ങുന്ന ഓട്ടത്തിനിടയിൽ
പെട്ടെന്നൊരു മൊബൈലിൽ
**നോട്ടിഫിക്കേഷൻ,**
നിനക്കു വിശക്കുന്നു ഭക്ഷണം കഴിക്കൂ...



# Seeking abode of Sanctity

Author : **Kavya** (Prayaga'16)
Artist : **Akshay Kumar** (Gagnants'15)

Far far it did lay
In some rusty and dilapidated corners
Of my heart's chambers
Abandoned and lost
Out In the midway.
Dreams that were half matured
Ones that were killed outright
At its very state of infancy

For life had always been a boundless
More than often keeping in pace
With the usual monotony
And hardly set amidst the swirling pools
Of twists and turns
And finally making its route to the eternity

When all those weird notes
Perfectly settle in your tracks
Distorting its rhythms
And when all those colours
Drain out of your heart's fathoms
It's hard to find life within the soul
And then...
Where would one find his sanctity




**വര, എഴുത്ത് : ഉമ്മാക്കി**

വിരിയാൻ മറന്ന ആ പൂവ് നിന്നിൽ വേരോളം
ആഴത്തിൽ ഇറങ്ങിച്ചെന്നൊരു കഥയാണ്.
ഇന്ന് നാം കേട്ട് മറന്ന ഒരു വള്ളിച്ചെടിയുടെ
തേൻ വറ്റിയ പൂവുള്ള
ചെടിയുടെ... വേരുകൾ പിഴുതെറിഞ്ഞപ്പോൾ
വാടിയ പൂവിന്റെ... തേൻ നുകരാൻ
എത്തിയ വണ്ടുകൾ നാമാവശേഷമായതും
ചീവീടുകളുടെയും കിളികളുടെയും
പാട്ടിന്റെ ഉന്മാദത്തിൽ മയങ്ങിക്കിടന്നവളുടെ
നാഭിയിൽ ശൂലം കേറ്റിയ ആ
ജനതയെ അവൾ ശപിച്ചിട്ടുണ്ടാവണം.
വാനോളം സഹനമാണവൾക്ക്.
അറ്റുപോയ അവളുടെ ശരീരങ്ങൾ
ഏതുവേരിനാൽ ഇനി ഞാൻ
തുന്നിച്ചേർക്കേണ്ടു? അവളൊന്നു
പുഞ്ചിരിച്ചുകാണാൻ
വിധിയില്ലാത്തൊരുവന്റെ നൊമ്പരം.

# RIDING MY RED DAYS

Author : **Ayisha M. M.** (Gagnants'15)
Artist : **Shilpa R.** (Gagnants'15)

At 13, She bled.
Was she prepared?
Just like today...!!!
For dying in bits...
Today....Was she prepared to bleed?
We..... Women have vaginas
that can speak to each other....
My all Menstrual cycle always
sync with friends, sister and my Mom.
Everybody I love knows
how to bleed with me.
Dear Reader....,
Please hold on to that,
there is a metaphor in it.
Bleeding my emotions
Staining my white pad.
Yes .....
I m pouring...
My Pain, My Sorrow,
....And My Life..... !!!!



# ഉമ്മാക്കുള്ളത്

എഴുത്ത് : ജസീൽ ആർ. (Gagnants'15)
വര : ശ്രീഷ എം. (Gagnants'15)




അവൾ സ്നേഹം നിറഞ്ഞ രക്തത്തിൽ വിരൽ മുക്കി. അത് സൂര്യനു നേരെ പിടിച്ചു. ജീവന്റെ തിളക്കം! ലൂസിയാകെ ഇളകി മറിഞ്ഞു.

–മാറ്റാത്തി

'ഓരെന്താടാ ഒപ്പന കളിക്കാൻ പോണമാതിരി ഓളെ ഒളിപ്പിച്ചു ക്ലാസ്സീന്ന് പൊറത്തു കൊണ്ടോണേ...?'

മടുപ്പിക്കുന്ന ഹിസ്റ്ററി ക്ലാസ്സിൽ നിന്നും ഓള് കൂട്ടുകാരികളുടെ ഇടയിലൊളിച്ച് വയറിൽ പിടിച്ചുകൊണ്ട് ടീച്ചറുടെ അടുത്തേക്ക് പോകുന്നത് കണ്ട് ഞാൻ അടുത്തിരുന്നവനോട് ചോദിച്ചു. ക്ലാസ്സിന്റെ ഒരു സൈഡിൽ നിന്നും വല്ലാത്ത ചിരി ഉയരുന്നുണ്ടായിരുന്നു. ഒന്നും മനസ്സിലാകാതെ ഞാൻ ചുറ്റും നോക്കി. ഞാനറിയാത്ത എന്തൊക്കെയോ ഉണ്ടെന്നെനിക്ക് മനസ്സിലായി. എന്നാലെന്താണെന്ന് ആരോടും ചോദിക്കാൻ തോന്നിയില്ല. ചിരിയാവുമല്ലോ ഉത്തരം.

അന്ന് പത്തിരി ചുടുന്ന നേരത്തു ഉമ്മാന്റെ അരികത്തുചെന്ന് അടുപ്പിൻ തിണ്ണയിൽ കയറിയിരുന്നു. 'എന്തിനാണുമ്മാ ഓളെ ഇന്നെല്ലാവരും കളിയാക്കിയത്? എല്ലാരും ചിരിക്കേർന്ന്...പാവം തോന്നി.' ഉമ്മ പെട്ടെന്ന് പത്തിരി ചുടുന്നത് നിർത്തി എന്നിട്ടെന്നെനോക്കി പുഞ്ചിരിച്ചു. 'ഓൾക്കേ ഒരുമ്മയാകാൻ കയ്യും, അന്റെ ഉമ്മാനെപ്പോലെ. അതോണ്ടാണ് ഓൾക്കാ വയറുവേദന. ഉമ്മ പെട്ടെന്ന് അകത്തേക്ക് പോയി. എന്നിട്ടൊരു പാക്കറ്റ് കൊണ്ടുവന്നു. 'ഇയ്യ് ഓത്ത് പള്ളിയില് പഠിച്ചിട്ടില്ലേ ഹൈളിനെപ്പറ്റി... ആ രക്തവാർച്ചയാണ് ഇന്നാ മോള്ക്ക് ഉണ്ടായത്. മ്മാന്റെ മോൻ പോയി ദ് വാങ്ങി വാ'. ആ കാലി പാക്കറ്റ് എനിക്ക് നേരെ നീട്ടി. ഞാനത് കണ്ടിട്ടുണ്ട്. പെങ്കുട്ട്യോള് പൊതിഞ്ഞു വാങ്ങണത്. ഒരു മാത്രം.മടിച്ചു നിന്ന എന്നോട് ഉമ്മ കൂട്ടിച്ചേർത്തു, 'പൊതിയാണ്ടന്നെ വാങ്ങണോട്ടോ... നോക്കിച്ചിരിക്കണോരോട് പറേണം മ്മാക്ക്ള്ളതാണെന്ന്.

കടയുടെ മുന്നിലെത്തിയ ഞാൻ ആദ്യം കണ്ടത് അവിടെ ഇരിക്കുന്ന എന്റെ കൂട്ടുകാരെയായിരുന്നു. മടിച്ചാണെങ്കിലും ആ പായ്ക്കറ്റ് ഞാൻ കടക്കാരനെ കാണിച്ചു. കടക്കാരും കൂട്ടുകാരും കളിയാക്കിച്ചിരിക്കാൻ തുടങ്ങി. ഞാൻ പറഞ്ഞു... 'ഇതെന്റെ ഉമ്മാക്കുള്ളതാണ്'. അവർ ചിരി നിർത്തി. തിരിച്ചെത്തിയ എന്നോട് ഉമ്മ ഒന്നും ചോദിച്ചില്ല. അന്ന് അത്താഴത്തിനൊപ്പം എനിക്കും ഇക്കാക്കും ഉമ്മ കുറേ കാര്യങ്ങൾ കൂടെ വിളമ്പിത്തന്നു. അതുകൊണ്ടായിരിക്കണം മാസത്തിലെ ആ നാലു ദിവസങ്ങളിലും ഓളിൽ നിന്ന് ഞാനകലാത്തത്.. നെഞ്ചോട് ചേർത്ത് ഓളെ കൂടെനിർത്തുന്നത്.. എന്റെ മകളുടെ ഉമ്മയാണവളെന്ന അഹങ്കാരത്തോടെ.

# ഒരു ന്യൂ ജൻ യന്ത്രം

എഴുത്ത് : സൽമാൻ (Audra’18)
വര : ഹർസീന (Audra’18)

ടക്... ടക്...
അയാൾ ഡോർ തുറന്നു
ഉച്ചതിരിഞ്ഞെത്തിയ
ബർഗറും ചേർത്ത് ഇതിപ്പൊ
മൂന്നാമത്തേതയാ...

മുന്നിൽ കുന്ത്രാണ്ടവും വച്ച്
തനിക്ക് സുപരിചിതമായ
സായിപ്പിന്റെ മോന്ത പൊളിച്ച,
സ്വപ്നങ്ങൾ ആകാശത്തേക്കെറിഞ്ഞ
കുറേപ്പേർ ആ ന്യൂസ്ഫീഡിലൂടെ പാഞ്ഞു
ആ... ആരുനോക്കാൻ
ഇരട്ടത്താപ്പ്!

കഴിക്കണോ നോക്കണോ എന്നയാൾ!
ചിപ്പിൽ ചിന്തയൊളിപ്പിച്ചവൻ
ഒരു നാനോസെക്കൻഡ്
അത് പ്രയോഗിക്കേണ്ടി വരുമ്പോഴുള്ള
അവസ്ഥ...
ഭീകരം!!!



വിശപ്പ് എന്നെ കരയിക്കാറില്ല. കൊടും ചൂടും എന്നെ
തളർത്താറില്ല. ഇല്ലെങ്കിലും ഞാൻ ഉള്ളതിനെ വലുതായി കാണും.
എന്റെ കറുപ്പിന് കൂലി കുറവാണ്. എന്റെ പുറത്തു വീഴുന്ന
അടിയാണ്  എനിക്കുള്ള ആശ്വാസവാക്കുകൾ.
അകറ്റി നിർത്തുന്നവർ എന്നെ തളർത്താറില്ല.
എന്റെ കയ്യിൽ പിടിച്ചാൽ നിനക്ക് നോവും. ഞാൻ
പെൻസിൽ പിടിച്ചിട്ടില്ല. എന്റെ അടുത്ത് വന്നാൽ നിനക്ക്
മൂക്ക് പൊത്തേണ്ടി വരും. ഞാൻ വിയർപ്പിലാണ് കുളിക്കാറ്.
നാണം മറയ്ക്കാൻ എനിക്ക് വസ്ത്രങ്ങളില്ല.
പക്ഷെ ഉണ്ടായിട്ടും നാണം മറയ്ക്കാത്ത നിന്റെ അഹങ്കാരം
എനിക്കില്ല. മാറ്റി നിറുത്തപ്പെടാൻ പടക്കപ്പെട്ട എനിക്ക് മാറി
നിൽക്കാൻ മടിയില്ല. സമൂഹമേ നിറം നോക്കി പുഞ്ചിരിക്കുന്ന
നിന്റെ മുഖം നിന്റെ സൗന്ദര്യമില്ലായ്മയാണ്..



# ട്രോളുകളിൽ എത്തിനിൽക്കുന്ന ആക്ഷേപഹാസ്യങ്ങൾ

എഴുത്ത് : രാംജിത് എൻ. പി. (Audra'18)

മലയാള ഭാഷാസാഹിത്യത്തിൽ ആക്ഷേപഹാസ്യത്തിന്റെ ആരംഭം കുഞ്ചൻ നമ്പ്യാരിൽ നിന്നാണെന്നു കാണാം. തന്റെ കാലഘട്ടത്തിലെ മിക്ക കൊള്ളരുതായ്മകളെയും അദ്ദേഹം ഹാസ്യരൂപേണ വിമർശിച്ചിട്ടുണ്ട്; യാചകർ മുതൽ രാജാക്കന്മാർ വരെ അദ്ദേഹത്തിന്റെ വിമർശനത്തിന് ഇരകളായിരുന്നു. തുള്ളൽ കലാരൂപത്തിന് ഇത്രയേറെ ജനപ്രീതി നേടിക്കൊടുക്കുന്നതിൽ, അതിലെ ആക്ഷേപഹാസ്യം വഹിച്ച പങ്ക് വളരെ വലുതാണെന്ന് കാണാം. അല്ലെങ്കിലും, ഹാസ്യത്തിൽ ചാലിച്ച എന്തും മലയാളിക്ക് പ്രിയങ്കരമാണ്." തുള്ളൽപോലെ ചാക്യാർകൂത്തും എടുത്തു പറയേണ്ട ഒന്നാണ്. വേങ്ങയിൽ കുഞ്ഞിരാമൻ നായർ, കിഴക്കേപ്പാട്ട് രാമൻകുട്ടി മേനോൻ, ഇ. വി. കൃഷ്ണപിള്ള, സഞ്ജയൻ തുടങ്ങിയവരെ



പരാമർശിക്കാതെ മലയാള ആക്ഷേപഹാസ്യത്തിന്റെ ചരിത്രം പൂർണ്ണമാകില്ല. സിനിമാല തുടങ്ങിയ ചാനൽ പരിപാടികൾ മലയാളികളുടെ മനസ്സിൽ ഇടംനേടിയതും ഇങ്ങനെത്തന്നെ. കാർട്ടൂണുകളും കാരിക്കേചറുകളും കടന്നു മലയാള ആക്ഷേപഹാസ്യം ഇന്ന് എത്തിനിൽക്കുന്നത് ഓൺലൈൻ ട്രോളുകളിലാണ്. ഇത് ട്രോളുകളുടെയും ട്രോളന്മാരുടെയും കാലമാണ് എന്നതിൽ ഒരു തർക്കവുമില്ല.

കേരളത്തിൽ, അല്ലെങ്കിൽ മലയാളികൾക്കിടയിൽ, ഇത്രയേറെ പ്രചാരം നേടിയ ഈ ട്രോളുകൾ ആക്ഷേപഹാസ്യത്തിന്റെ ആധുനിക രൂപമാണ്. ട്രോളുകളുടെ കണ്ണഞ്ചിപ്പിക്കുന്ന വളർച്ച സോഷ്യൽ മീഡിയയോടൊപ്പം ആണെന്നത് ശ്രദ്ധേയമാണ്. സോഷ്യൽ മീഡിയയിൽ സംസാരിക്കാനുള്ള ഒരു മാർഗ്ഗമായുള്ള ട്രോളിന്റെ പരിവർത്തനം, അവയ്ക്ക് നമ്മൾക്കിടയിൽ ലഭിച്ച അംഗീകാരത്തിന്റെ സൂചനയാണ്. ട്രോളുകൾക്ക് ഇവിടെ ലഭിച്ച ഈ സ്വീകാര്യതയുടെ പ്രധാന കാരണം മലയാളികളുടെ Humour sense' ആണെന്നതാണ് സത്യം. മെച്ചപ്പെട്ട സാക്ഷരതയും സാമൂഹിക നിലയും മറ്റുകാരണങ്ങളായി ചൂണ്ടിക്കാണിക്കാം.

മലയാളികളെ സംബന്ധിച്ചിടത്തോളം വെറുമൊരു നേരംപോക്കല്ല ട്രോളുകൾ അതിലുപരി, അത് വാദിക്കാനും വിമർശിക്കാനും അഭിപ്രായം പറയാനും നിർദ്ദേശങ്ങൾ അറിയിക്കാനുമുള്ള വേദിയാണ്. ഇന്ന് ഏതൊരു സംഭവം നടന്നാലും ആദ്യം പ്രതികരണവുമായി മുന്നോട്ടുവരുന്നത് ട്രോളന്മാരാണ്. കാര്യങ്ങളെ അവർ വ്യക്തമായി പഠിക്കുന്നു. Troll malayalam, ICU, Troll Republic തുടങ്ങിയ ഗ്രൂപ്പുകളുടെ പ്രവർത്തനം ഇതിന് ഉദാഹരണമാണ്. രാഷ്ട്രീയക്കാരും, ഭരണാധികാരികളും പത്രപവർത്തകരെക്കാൾ ട്രോളന്മാരെ ഭയപ്പെടുന്നു. എന്നതാണ് ഇന്നത്തെ അവസ്ഥ. അതിനുകാരണം അവ കാര്യങ്ങൾ വായനക്കാരിലേക്ക്, അല്ലെങ്കിൽ സോഷ്യൽ മീഡിയ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിൽ പുലർത്തുന്ന ശ്രദ്ധയാണ്.


മലയാളത്തിലെ ഒട്ടുമിക്ക ട്രോളുകളിലും മലയാള ഹാസ്യചിത്രങ്ങളിലെ തന്നെ മീമുകളാണ് ഉപയോഗിച്ചുവരുന്നത്, എന്നത് ഒരു പ്രത്യകതയാണ്. പ്രസ്തുത വിഷയത്തിന് അനുയോജ്യമായവ തിരഞ്ഞെടുക്കുന്നതിൽ ട്രോളന്മാർ പ്രത്യേക ശ്രദ്ധ വെച്ചുപുലർത്തുന്നു. ചട്ടമ്പിനാട്, മായാവി, ഹരിഹർനഗർ, പഞ്ചാബി ഹൗസ്, സന്ദേശം, മണിച്ചിത്രത്താഴ്, പുലിവാൽകല്യാണം, കല്യാണരാമൻ തുടങ്ങിയ ഒരുപാട് ജനപ്രിയ ചിത്രങ്ങൾ അവയിൽ ശ്രദ്ധേയമാണ്. ഒരേ സമയം ചിരിപ്പിക്കുകയും ചിന്തിപ്പിക്കയും ചെയ്യുന്ന ട്രോളുകൾ ഉണ്ടാക്കുമ്പോൾ അതിനുപയോഗിക്കുന്ന ഭാഷയും, വാക്കുകളും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. മലയാള ഭാഷതന്നെയാണ് ഏവർക്കും പ്രിയം. ഡയലോഗുകൾ വളരെ ചെറുതായിരിക്കും. എഴുതിയിരിക്കുന്നത് ഒന്നും, എന്നാൽ ആന്തരികമായി അതിന്റെ അർത്ഥം മറ്റൊന്നുമാണെന്നത് മിക്ക ട്രോളുകളിലും കാണാം. അതായത്, വെറുതെ വായിച്ചുവിടുന്നതിനെക്കാൾ നമ്മൾ അതിനെക്കുറിച്ചു ചിന്തിച്ച് അതിനെ അപഗ്രഥിച്ചെടുക്കേണ്ടിയിരിക്കുന്നു. അതുതന്നെയാണ് ട്രോളുകളെ വ്യത്യസ്തമാക്കുന്നതും. ആരെയും വേദനിപ്പിക്കാതിരിക്കാനും ട്രോളന്മാർ ശ്രദ്ധിക്കുന്നു. കാരണം അവരുടെ ലക്ഷ്യം ആളുകളെ വേദനിപ്പിക്കുക എന്നതല്ല; ചിരിപ്പിക്കുക എന്നതാണ്. ഈ കാര്യത്തിൽ ട്രോൾ ഗ്രൂപ്പ് അഡ്മിനുകളും നിർബന്ധബുദ്ധി കാണിക്കുന്നു.

ട്രോളുകൾ നമ്മുടെ നിത്യജീവിതത്തിലും ഭാഷയിലും സംസ്കാരത്തിലും ഇത്ര ചുരുക്കം നാളുകൾകൊണ്ട് ഉണ്ടാക്കിയെടുത്ത മാറ്റങ്ങൾ വളരെ വലുതാണ്. ട്രോളുകൾ വായിക്കാൻ മാത്രമായി സമയം മാറ്റിവയ്ക്കുന്ന ഒരു സ്ഥിതിവിശേഷവും നിലവിലുണ്ട്. ഇതിനാൽ തന്നെ, ട്രോളുകളിൽ കാണുന്ന ഹാസ്യം നമ്മുടെ സംസാരത്തിലേക്കും കയറിപ്പറ്റിയിട്ടുണ്ട്. 'കളിയാക്കുക' എന്ന അർത്ഥത്തിന് 'ട്രോളുക' എന്ന പ്രയോഗമാണ് ഇപ്പോഴുള്ളത്. ചിലയിടങ്ങളിൽ മാത്രം പ്രയോഗത്തിലുള്ള വാക്കുകൾ കേരളത്തിലാകെ പ്രചരിച്ചതിൽ പ്രധാന പങ്കു വഹിച്ചതും ട്രോളുകൾ തന്നെ. മാത്രമല്ല, ട്രോളുകളിലൂടെ സുപരിചിതമായ ഒരുപാട് 'ന്യൂജനറേഷൻ' പ്രയോഗങ്ങളും ശ്രദ്ധേയമാണ്. ആ പുതിയ വാക്കുകൾ സോഷ്യൽ മീഡിയ ഏറ്റെടുത്ത കാഴ്ചകളും നമ്മൾ കണ്ടതാണ്. ലെ' എന്ന പ്രയോഗം, 'കൊങ്ങി', 'കമ്മി', 'സംഘി', 'ചങ്ക്', 'കുമ്മനടി' തുടങ്ങിയ വാക്കുകളും വിരലിലെണ്ണാവുന്നത് മാത്രം.

ഇങ്ങനെ പോകുന്നു ട്രോൾ ജൈത്രയാത്ര. സമൂഹത്തിലെ ഏത് അനീതിക്കുനേരെ പ്രതികരിക്കാനും ട്രോളുകളും ട്രോളന്മാരുമുണ്ടാകും എന്നുറപ്പാണ്. പലപ്പോഴും ട്രോൾ ആരുണ്ടാക്കി എന്നതിനെക്കാളുപരി, അതിന്റെ ഉള്ളടക്കമാണ് പ്രധാനം. അതുതന്നെയാണ് അവരുടെ ആവശ്യം. ട്രോളുകൾ സമൂഹത്തിൽ നമ്മുടെ ശബ്ദം തന്നെയാണ്. തമാശരൂപേണയുള്ള അതിന്റെ അവതരണശൈലി എല്ലാവർക്കും ആസ്വദിക്കാവുന്ന തരത്തിലുമാണ്, അതുകൊണ്ടു തന്നെയാണ് ഇവ സോഷ്യൽ മീഡിയയിൽ ഏറെ പ്രചാരം നേടാനുണ്ടായ കാരണം. അടുത്ത ഭാവിയിൽ, ട്രോൾ ഒരു സാഹിത്യ വിഭാഗമായി മാറിയാലും ആശ്ചര്യപ്പെടാനൊന്നുമില്ല. നീണ്ട പ്രസംഗങ്ങളെക്കാളും അന്തമില്ലാത്ത ഉപന്യാസങ്ങളെക്കാളും കൂടുതൽ ജനങ്ങളെ സ്വാധീനിക്കാൻ കഴിയുന്നുണ്ടെങ്കിൽ, അതൊരു നല്ല സൂചനയാണ്.

മഞ്ഞപ്പത്രങ്ങളിലും മറ്റും പ്രസിദ്ധീകരിക്കപ്പെടുന്ന വിമർശനങ്ങളെക്കാളും പ്രമുഖർ ഭയക്കുന്നത് ഫേസ്ബുക്കിലും വാട്ട്സാപ്പിലും പ്രചരിക്കുന്ന ട്രോളുകളെയാണ് എന്നു പറയുമ്പോൾ തന്നെ അവ സമൂഹത്തിന്റെ തലങ്ങളിൽ എത്രമാത്രം ഇറങ്ങിച്ചെന്നിട്ടുണ്ട്, എന്നത് തെളിയിക്കുന്നു. ആക്ഷേപഹാസ്യത്തിന്റെ തലപ്പത്ത് ഇന്നു ട്രോളുകളാണിരിക്കുന്നത് എന്ന് പറയുമ്പോഴും, ഭാവിയിൽ മറ്റേതെങ്കിലും ഒരു മാർഗ്ഗം പ്രത്യക്ഷപ്പെടുമോ എന്ന ചോദ്യത്തെ അത്രകണ്ട് വിലകുറച്ചുകാണുന്നില്ല. അങ്ങനെ വന്നാലും ട്രോളുകൾക്ക് അവയുടേതായ ഒരു സ്ഥാനം ഉണ്ടാകും എന്ന് അധികം ചിന്തിക്കാതെ പറയേണ്ടിവരും. സമുഹം പ്രിയപ്പെട്ടവയെ ചേർത്തുപിടിക്കുക തന്നെ ചെയ്യും എന്നൊരുറപ്പാണ് അത്. കുഞ്ചൻ നമ്പ്യാർ നമ്മുടെ മനസ്സിൽ ജീവിക്കുന്നതുപോലെ, ഇന്നും നമ്മളെ ചിരിപ്പിക്കുന്നതുപോലെ ട്രോളുകളും നമ്മുടെ ഇടയിൽത്തന്നെ സജീവമായിരിക്കും. കാലം കഴിയുംതോറും അവ ശക്തിയാർജ്ജിക്കുക തന്നെ ചെയ്യും! ചെയ്യട്ടെ! ആശയങ്ങളും ചിന്തകളും വിലക്കപ്പെടുന്ന കാലത്ത് മനുഷ്യസമൂഹം യാന്ത്രികമാകുന്നിടത്ത്, നമ്മുടെ ശബ്ദം നമുക്കിടയിൽനിന്ന് ട്രോളുകളായി ഉയരും.

# അട്ടഹസിക്കാത്ത അട്ടിമറികൾ



എഴുത്ത് : ഊർമിള ടി. പി. (Gagnants'15)

ഉണ്ണി ആറിന്റെ 'വാങ്ക്' എന്ന കഥ ഒരു പെൺകുട്ടിയുടെ നിഷ്കളങ്കമായ ആഗ്രഹത്തിന്റെ പൂർത്തികരണമാണ്. സൂക്ഷ്മരാഷ്ട്രീയത്തിന്റെ വിവേകമാണ് ഉണ്ണി ആറിന്റെ കഥകളെ അസാധാരണമായ വായനാനുഭവങ്ങളാക്കി മാറ്റുന്നത്. വാങ്ക് വിളിക്കാനുള്ള റസിയയുടെ ആഗ്രഹം നിഷ്കളങ്കമാണ്. പ്രത്യേകിച്ചു കുറച്ചുകൂടി കടുത്ത മോഹങ്ങൾ താലോലിക്കുന്ന കൂട്ടുകാരികളുടെ ആഗ്രഹങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ... പക്ഷേ നിഷ്കളങ്കത എങ്ങനെ പ്രതിരോധത്തിന്റെ ഏറ്റവും മൂർച്ചയേറിയ ആയുധമായി മാറുന്നുവെന്ന് വാങ്ക് നമുക്ക് കാണിച്ചുതരുന്നു.

സങ്കടങ്ങളാൽ ചങ്കുപൊട്ടി നടക്കുന്ന കഥാപാത്രങ്ങളില്ല ഉണ്ണി ആറിന്റെ കഥകളിൽ. ഉണ്ണി എഴുതുന്നതു കഥകളാണ്, രസിപ്പിക്കുന്ന കഥകൾ. ജീവചരിത്രങ്ങളിൽ നിന്നു സന്തോഷവും സങ്കടവും ഉൾക്കൊണ്ട് പറയാതെ പോയ ആഗ്രഹങ്ങളും ഉപേക്ഷിച്ച മോഹങ്ങളും പൊടി തട്ടിയെടുത്ത് സമാന്തര സാമ്രാജ്യം സൃഷ്ടിക്കുകയാണ് കഥാകൃത്ത്. അവിടെ പരിചയപ്പെടുന്നവർ നമ്മളല്ലെങ്കിലും അവരുമായി ബന്ധത്തിന്റെ ഒരു പാലമുണ്ട്. അവരിലേക്കും അവർ നമ്മളിലേക്കും ഏതൊക്കെയോ നിമിഷത്തിൽ സഞ്ചരിക്കുന്നുണ്ട്. അവരുടെ സങ്കടങ്ങൾ നമുക്കു പരിചിതമാണ്. അവരുടെ ആഗ്രഹങ്ങൾക്കു പ്രതിബന്ധത്തിന്റെ മതിലു സൃഷ്ടിക്കുന്നവരെയും നമുക്കു പരിചിതമാണ്. കഥകൾ ജീവിതത്തിലേക്കു സഞ്ചരിക്കുക എന്ന പരമ്പരാഗത സങ്കല്പങ്ങളിൽ നിന്നു മാറി ഉണ്ണിയുടെ എഴുത്തുലോകത്ത് കഥകൾ ജീവിതത്തിൽ നിന്നു മറ്റൊരു ലോകത്തേക്ക് സഞ്ചരിക്കുന്നു. നാം ആഗ്രഹിച്ചതോ മോഹിച്ചതോ ആയതും സങ്കല്പിച്ചുണ്ടാക്കിയതുമായ ലോകം. അവിടെ നമുക്കു മാത്രം ചെയ്യാവുന്ന കൃത്യങ്ങൾ കാലവും സംഭവങ്ങളും നമ്മിൽനിന്ന് ആവശ്യപ്പെടുന്ന കടമകളുടെ പൂർത്തീകരണം.



അപ്രതീക്ഷിതമായ തുടക്കവും തീരെ പരിചിതമെന്നു തോന്നുന്ന സംഭാഷണങ്ങളുമായി അത്യന്തം ലളിതമായി കഥകൾ തുടങ്ങുന്ന പതിവു രീതി വാങ്കിലും ഉണ്ണി പിന്തുടരുന്നുണ്ടെങ്കിലും നീളം കുറഞ്ഞ വാചകങ്ങളിലൂടെ കഥയുടെ ആന്തരിക ലോകത്തേക്കും വായനക്കാരെ വേഗം കൂട്ടിക്കൊണ്ടു പോകുന്നു. അച്ചടി ഭാഷയെയും ആഖ്യാനത്തിന്റെ പതിവുരീതികളെയും നിരന്തരം പരിഹസിക്കുന്നു

റസിയയുടെ വാങ്കുവിളിയുടെ സൂക്ഷ്മസ്വരങ്ങൾ എത്രയാണ്. മറ്റൊരു വാങ്കുവിളി ഇത്ര ശക്തമായി കാതിൽ മുഴങ്ങിയത് ഖറസാക്കിൽ അല്ലാപ്പിച്ചാമൊല്ലാക്ക വാങ്കു വിളിച്ചപ്പോഴാവണം. ഒരാണും പെണ്ണും കാടിനകത്തേക്കു കടക്കുന്നതു കണ്ടു പിന്തുടരുന്ന ചെറുപ്പക്കാരുടെ കാലുകളെ നിശ്ശബ്ദമാക്കിക്കൊണ്ടാണ് റസിയയുടെ വാങ്കുവിളി മുഴങ്ങുന്നത്. പച്ചയുടെ ഇരുട്ടിൽ നൂറ്റാണ്ടുകളുടെ തിരകൾ തൊട്ടു തെളിയിച്ച ആ നാദം ആകാശത്തിന്റെ തുമ്പത്തും മണ്ണിന്റെ ആഴത്തിലേക്ക് ഉയരംവെച്ച വേരുകളിലും തൊട്ടു എന്ന് ഉണ്ണി എഴുതുന്നു.


പരാജയങ്ങളെ ഭയക്കാതെ ജനപ്രിയതയിൽ അഭിരമിക്കാതെയാണ് ഉണ്ണി ആറിന്റെ കഥകൾ ജനിക്കുന്നത്. ആർപ്പുവിളികളും അട്ടഹാസങ്ങളും ഇല്ലെന്നേയുള്ളൂ. വലിയ അട്ടിമറികളാണ് ആ കഥകൾ സാധിച്ചുകൊണ്ടിരിക്കുന്നത്. പലവ്യഞ്ജനപ്പട്ടികപോലെ രാഷ്ട്രീയത്തെ എണ്ണിയെണ്ണി പറയുന്നതിലല്ല, ഉച്ചകോടിയിലേക്കു സ്വരത്തെ പറത്തിവിടുന്നതിലല്ല, വ്യഞ്ജിപ്പിക്കുന്നതിലാണ് ഈ കഥയുടെ തനിമ. ആളലല്ല അടക്കമാണ് ഇതിന്റെ പൊരുൾ. പ്രകടമായി, വാചാലമായി രാഷ്ട്രീയം സംസാരിക്കുന്നില്ല ഈ കഥകൾ. എന്നാൽ രാഷ്ട്രീയമേ പറയുന്നുള്ളൂ താനും. ഭൂമിയുടെ ചെറിയ ശബ്ദങ്ങളിലേക്കു കാത് താഴ്ത്തിവയ്ക്കപ്പെടുകയാണ്.

ആത്മരതിയുടെ സാമൂഹിക മാധ്യമാഘോഷങ്ങൾ നടത്തുന്നവർ എഴുത്തുകാരായി ആഘോഷിക്കപ്പെടുന്ന കാലമാണിത്. ശരാശരിക്കും താഴെയാണ് ഇന്നത്തെ ശരി. വായനാഭിരുചിയും അങ്ങനെതന്നെ പ്രകടമായ കെട്ടിച്ചമയങ്ങൾ കഥയിൽ നിരത്താൻ എഴുത്തുകാർ പ്രലോഭിക്കപ്പെടുന്നു. തങ്ങളുടെ രാഷ്ട്രീയത്തെ, നിലപാടുകളെ ഉച്ചത്തിൽ പറഞ്ഞില്ലെങ്കിൽ എന്റെ ഒച്ച കേട്ടുവോ വേറിട്ടെന്ന് അവർക്കു സന്ദേഹിക്കേണ്ടി വരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ വേണം ഉണ്ണി ആറിന്റെ 'വാങ്ക്' വായിക്കാൻ.

പുസ്തകത്തിനപ്പുറം വായനയുടെ ഏകാന്തനിമിഷങ്ങൾക്കപ്പുറം ഏറെക്കാലമൊന്നും വാങ്കിലെ കഥാപാത്രങ്ങൾ വായനക്കാരുടെകൂടെയുണ്ടാകുമെന്നു തോന്നുന്നില്ല. പക്ഷേ ദൈനംദിന ജീവിതത്തിന്റെയും ആശയലോകത്തിന്റെയും പിടികിട്ടാത്ത സമൃദ്ധികളെ പൂരിപ്പിക്കാൻ നടത്തുന്ന കഥാകൃത്തിന്റെ ശ്രമത്തെ എടുത്തു പറയണം – ക്ലേശിപ്പിക്കാത്ത ഭാഷയെ അഭിനന്ദിക്കണം. ആവർത്തിച്ച് ആസ്വദിക്കാൻ പ്രേരിപ്പിക്കുക നർമത്തിന്റെ അടിയൊഴുക്കിനെ നമിക്കണം. എല്ലാത്തിലുമുപരി പിടിച്ചിരുത്തി വായിപ്പിക്കുന്ന കഥനകൗശലത്തിന് ഒരു വലിയ നമസ്കാരവും പറയണം.

**ലോകം ഒരു വലിയ നുണയോ ?**
**അതോ ഒരു ചെറിയ കിനാവോ ?**

# the Book with the Light



Author : **Roshna George** (Aagneya'13)
Artist : **Sana Abdul Samad** (Gagnants'15)

Tap!!!!Tap!! Tap!!!......The sound made Eliza look up from the book she was reading. It was that sparrow again, trying to get in through the window. For the past few days, this sparrow had been trying to get in and it has tried all the other windows too. Eliza wondered what is it that is making it to want to get in. She initially thought it might have made its nest somewhere in the Library where she was working as Librarian. This place was her second home and she loved to spent time in the midst of thousands of books. The library was one of the oldest dated to early 1800s and have such a collection of rare books and manuscripts. She looked up at the window and noticed that the sparrow had gone. She shook her head in sympathy for that poor creature who had been trying so hard to get in. Eliza looked at her watch which read 12.00 p.m. and got up to inspect the restricted section in the library, a daily routine she religiously followed. She checks upon this section three times a day as it had a wide collection of valuable manuscripts from very old time periods. She climbed the stairs to the top most floor and let herself into the room. Eliza always loved coming here, the smell in the room like that of old aged paper and

leather was something she loved. As she walked through the room with myriads of books stacked from the ceiling to the floor, she saw a flicker of light at the far end corner. She quickly moved towards the source of light. As she was getting nearer, much to her surprise the light was becoming brighter. She saw that the light was coming from a book, a thick leather bound book. When she reached near it, the light was too much for her to bear that she had to shut her eyes. She blindly took the book and squinted at it in an attempt to see its title. Much to her relief the book no longer emitted light. She scanned through the cover of the book but couldn't find any title or author's name on it. She opened the book and on the first page was a single sentence which read as follows

***"The reader is the writer and so is the story her life. For here lies the one, eternally bound to her love, her book"***

The words seem familiar to Eliza and then suddenly the book started vibrating. She tried very hard to hold it still and all of a sudden the book emitted light again. This time it glowed in golden colour and the light was so blinding that Eliza's eyes were paining. Her head was also aching and then in the next moment everything went BLACK!!!!!!!!!!!!!

She could feel that she was lying on a hard floor. Her entire body was aching. She slowly opened her eyes and looked around her. It was the same place but there was something odd about the room. She couldn't quite understand what was it that was different in the room. She was looking around when it suddenly dawned to her, the bookshelves were not even half filled. It was just less than half its way to the ceiling to be precise. Eliza started to feel panicky, thinking where did all these books go, who would have taken it? She suddenly raceddownstairs and what she saw made her stop short on her tracks. The entire book collection counter was revamped and had some kind of 90s style with the box computer on the counter. Eliza couldn't quite understanding what was going on. She looked at the clock and it showed 12.30 p.m., which means she was unconscious for half an hour. She checked the calendar on the table and there it showed March 1918.

1918!!!!!!!!!!!!!!! What in the world!!!!!!!!!!!! Eliza thought to herself. It was 2018 half hour before and now 100 years have gone by. She was shocked to her wits and then suddenly she heard that sound again. Tap!!!!!Tap!!!!!Tap!!!! She looked up and saw the sparrow again. It was trying to get in again. Eliza ran upstairs again and saw the flicker of light once again. She went and grabbed the book. This time before she could flip it to a new page, everything went BLACK ..........again.

This time she found herself in an old wooden room full of paper manuscripts stacked on shelves. Eliza started to panic as she had an idea about what is happening. She quickly searched for the calendar and found one hanging on the wall. It showed the month of March 1868. She couldn't quite understand how this is happening. The strange part is that she didn't meet anyone else till now. The entire building was empty and quite. She sat down on the chair and started thinking about what had happened. Suddenly a leather bound book lying on the table caught her attention. She took it and opened it. On the first page it was written

***"The reader is the writer and so is the story her life. For here lies the one, eternally bound to her love, her book"***

And underneath was the title **"An eternal bondage of Life with Love"** by **Eliza Gruine.**

Then she heard the sound again........Tap!!!Tap!!!!Tap!!!! The sparrow was back again. Eliza quickly closed the book and then everything went BLACK!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!!

## മലയാള സിനിമയ്ക്ക് വസന്തമൊരുക്കിയ പി. പത്മരാജൻ ഓർമ്മയായിട്ട് 28 വർഷം.

ഇവിടെ ഒരു എഴുത്തുകാരനുണ്ടായിരുന്നു. അക്ഷരങ്ങളിൽ ആത്മാവിനെ ആവാഹിച്ച് എഴുതിയ എഴുത്തുകാരൻ. അയാളുടെ അക്ഷരങ്ങൾക്ക് നിറം കൊടുത്തിരുന്നത് കാലം പറഞ്ഞുപോയ മനസ്സുകളുടെ പ്രണയങ്ങളായിരുന്നു. പ്രണയവും മോഹകാമങ്ങളും വിട്ടെഴുതിയ അയാളെ ഗന്ധർവനെന്ന് വിളിക്കാനാണിഷ്ടം. അക്ഷര ഗന്ധർവ്വൻ. മഴയുടെ പ്രണയം പകർന്ന് മണ്ണിന്റെ കഥ പറഞ്ഞ. ക്ലാരയുടെ ചൂടറിഞ്ഞ ജയകൃഷ്ണനെ കുറുമ്പ് പിടിപ്പിച്ച നവംബറിന്റെ നഷ്ടം പറഞ്ഞ മലയാളിയുടെ പ്രിയപ്പെട്ട എഴുത്തുകാരൻ. സ്വപ്ന നക്ഷത്രങ്ങളുടെ കാവൽക്കാരൻ. ഒന്നാലോചിച്ചാൽ ശാപമോക്ഷം കിട്ടി തിരിച്ചു പോയ ഗന്ധർവ്വൻ തന്നെയായിരുന്നു പപ്പേട്ടൻ. അദ്ദേഹത്തിന്റെ പ്രണയത്തിന്റെ വിത്തുകൾ ഇന്നും മുളപൊട്ടിക്കൊണ്ടേയിരിക്കുന്നു പഴകിയ വീഞ്ഞിനു തുല്യമായ രചനകൾ അക്ഷയപാത്രമായി നിറഞ്ഞു കൊണ്ടേയിരിക്കുന്നു...



# ഉദയചിത്രങ്ങൾ



പുതിയ ഉദയങ്ങളിൽ ചായം മുക്കി ഒഴിച്ചപ്പോൾ പതിഞ്ഞ നിറങ്ങൾക്ക്
പറയാനുണ്ടായിരുന്നു കൈപിടിച്ചുയർത്തിയ ഇന്നലെകളുടെ കഥ...
ചുവരുകൾ ചിലതെങ്കിലും അത് ഒപ്പിയെടുക്കുന്നുണ്ടായിരുന്നത്രേ....

ആരെയാണ് ആദ്യം പ്രണയിച്ചത് ?

'കൃഷ്ണനെ'

ഒടുവിലോ ?

'അതും കൃഷ്ണനെ'



# VODKA

Author : Ashish V. V. (Prayaga'16)
Artist : Akshay Kumar (Gagnants'15)

Vodka was his dream and he finally had one. His eyes sprinkled with elution as the coloured liquid wetted his throat and his spirit. He felt like in paradise and his body and mind now had a power of yet another Hercules.


Back at home he wanted to share the joy with his old parents. He couldn't find them. All he saw was an attractive old lady, who arose those undeniable feelings inside him. The rest was all dark,.............complete under darkness...........For him, that yet another dream come true

******

The dinner was ready and the old lady was awaiting her only son. There was a knock at the door. She rushed expecting to greet her son not knowing that it was darkness that awaited her on the other side of the door....

*******

Early morning the old lady was busy at her work. Her young son stepped in and was in need of money. He said it was to chase a dream. She only smiled and handed over her wedding ring the son was happy and so was the mother



# പ്രണയമാം വേനലെരിയുമ്പോൾ

എഴുത്ത് : നിഷിദ സി. ടി. (Nakshatra'11)
വര : സിബിൻ കെ. (Gagnants'15)

വല്ലാത്ത ചൂടാണ്.
നട്ടുച്ചയ്ക്ക് പുറത്തിറങ്ങി നടക്കരുത്.
ഇക്വിനോക്സ് കൂടിയാകുമ്പോൾ
വെള്ളം നന്നായി കുടിക്കണം,
കുട പിടിക്കണം, സൺ ഗ്ലാസിടണം.
സൂര്യതാപമേറ്റ് ചത്തുപോകും പോലും.

ഹും....
എരിഞ്ഞു കൊണ്ടിരിക്കുന്ന
എന്റെ പ്രണയത്തിന്റെ വേനലാരറിഞ്ഞു ??
എന്റെ ഹൃദയമാം നിളയുടെ
ഉറവ വറ്റിയതാരു കണ്ടു ??
കള്ളിമുൾച്ചെടിപോലുമില്ലാത്ത,
ഒരു മരീചികയ്ക്ക് പോലും പ്രതീക്ഷയില്ലാത്ത
വെറുമൊരു മരുഭൂമിയായിത്തീർന്നിരിക്കുന്നു ഞാൻ
നിലാവുദിക്കാൻ മടിക്കുന്ന കൂരാകൂരിരുട്ടായിരിക്കുന്നു ഞാൻ.

എന്നിൽ വിത്തുപാകി, മുളപൊട്ടി
തഴച്ചു വളർന്ന പ്രണയമേ...
കതിരിടാൻ നേരം നിന്നെയാരാണ്
കൊയ്ത്തുകഴിഞ്ഞ പുഞ്ചപ്പാടം കണക്കെ
തരിശു നിലമാക്കിയത് ?
ഇനിയൊരു ഈർപ്പവും ബാക്കിയില്ലാ വിധം
വിരഹത്തിൻ നീരാവിയാക്കിത്തീർത്തത് ??

കഴിഞ്ഞ സായാഹ്നത്തിൽ ചോലമരച്ചോട്ടിൽ
നാം കഥ പറഞ്ഞിരുന്നപ്പോൾ





ചിറകടിച്ചു പോയ രാപ്പാടിയെവിടെ ?
അതിന്റെ ചിറകുകൾ ഈ നോവിൻ തീവ്രതയിൽ
വെന്തുരുകി ചാരമായിക്കാണും.
എന്റെ കരവലയത്തിനുള്ളിൽ നീ തീർത്ത
സ്വപ്നവസന്തത്തിൽ വിരിഞ്ഞ
പുഷ്പങ്ങളെവിടെ ?
വിരഹത്തിൻ കനലുകൾക്കിടയിൽ ഞെരിഞ്ഞമർന്ന്
കരിഞ്ഞുണങ്ങി ധൂളികളായിക്കാണും.

കടൽക്കരയിൽ നാം കടലും വെയിലും
പ്രണയിക്കുന്നതും കണ്ടിരുന്നപ്പോൾ
നീയെനിക്കുവേണ്ടിയൊഴുക്കിയ കടലാസുതോണിയെവിടെ ?
വറ്റിപ്പോയ ജലപ്പരപ്പിലിനി
എന്തിനു ഞാനെന്നു കരുതി
ഒരു കടലാസുതുണ്ടായി
സ്വയം പിച്ചിച്ചീന്തപ്പെട്ടിട്ടുണ്ടാകും അത്.

ഇത്തിരി അടുത്തേക്കു വരൂ...,
അവളുടെ ഓർമകളാൽ ഇന്നുമെന്നുള്ളം
തിളച്ചു മറിയുന്ന ശബ്ദം കേൾക്കാം...
തീരാവേനലിൻ ചൂടേറ്റ് വറ്റിവരണ്ട കണ്ണുകളിൽ
നഷ്ടപ്രണയം തീർത്ത
കാൽപ്പാടുകൾ കാണാം...

എന്റെ പ്രണയമേ...,
മൺമറഞ്ഞ നിന്റെ ഇല്ലായ്മയിൽ നിന്നും
മുളച്ചു പൊന്തിയ മൈലാഞ്ചിച്ചെടിയെപ്പോലും
ഈ വിരഹ വേനൽ കരിച്ചു കളഞ്ഞുവോ ??॥






എഴുത്ത് : ആയിഷ എം. എം. (Gagnants'15)
വര : അക്ഷയ് കുമാർ (Gagnants'15)

നിലാവെത്തി. അരണ്ട നിലാവ്. ഒന്നും വ്യക്തമല്ലായിരുന്നു. അയാൾ വെറുതെ നടക്കുകയായിരുന്നു. അനക്കങ്ങളൊന്നുമില്ല. തേങ്ങലുകളും വൈകുന്നേരം പ്രാണഭീതിയോടെ പറന്നുപോയ ആ കിളിയെ അയാൾ ഓർത്തു. നിലാവ് കുറേക്കൂടി തെളിഞ്ഞു. പുറത്തു നല്ല തണുപ്പുണ്ടായിരുന്നിട്ടും ബൂട്ടിനുള്ളിൽ തന്റെ കാൽ വിയർക്കുന്നത് അറിഞ്ഞുകൊണ്ട് വേലിക്കപ്പുറത്തേക്ക് അയാൾ നോക്കിനിന്നു. എന്നത്തേയും പോലെ അവളോടിക്കിതച്ചെത്തുന്നതും കാത്ത്.



അന്നും പതിവുതെറ്റിച്ചില്ല. അവളോടിയെത്തി. കിതച്ചുകൊണ്ടുതന്നെ. ആ തണുപ്പിലും നെറ്റിയിൽ വിയർപ്പുപൊടിയുന്നുണ്ടായിരുന്നു. അവയെ തന്റെ കൈത്തലം കൊണ്ട് തടവി മാറ്റാൻ അയാൾ തുനിഞ്ഞെങ്കിലും വേണ്ടെന്നുവച്ചു. എന്നും ആ മുൾവേലികൾ തന്നെയായിരിക്കും തങ്ങളുടെ സ്നേഹത്തിനും തടസ്സം നിൽക്കുക എന്നവർക്കറിയാമായിരുന്നു.

'ലൈലാ, നിന്റെ മുഖത്ത് ഇന്നും ഭയമുണ്ട്. അവൾ ഭയത്തോടെ തന്നെ അയാളെ നോക്കി. 'നിങ്ങൾ പട്ടാളക്കാർക്കല്ലേ ഭയമില്ലാത്തെ, ഞങ്ങൾ പാവം മനുഷ്യർ. അവൾ പറഞ്ഞു. ഓരോ വാക്കിനുമൊപ്പവും ചലിക്കുന്ന അവളുടെ വിരലുകൾ നോക്കി അയാൾ പുഞ്ചിരിച്ചു. അയാൾക്കത് ഏറെ ഇഷ്ടമായിരുന്നു. അവളുടെ കണ്ണുകളിലെ അനന്തമായ വിസ്മയങ്ങളും

അവർക്കിടയിലുണ്ടായിരുന്ന നിശ്ശബ്ദതയോളമുണ്ടായിരുന്നു അവരുടെ പ്രണയത്തിന്റെ ആഴത്തിനും. വേലിയുടെ രണ്ടുവശത്തും മുട്ടോളം പൊക്കത്തിൽ വളർന്നുനിൽക്കുന്ന കാട്ടുപുല്ലും അവിടവിടെ വെള്ളയും കടുംമഞ്ഞയുമായ പൂക്കളും അപ്പുറത്തെ വേലിയിൽ നല്ല ഉയരത്തിൽ നിൽക്കുന്ന പോപ്ലാർ മരങ്ങളും പൂപ്പരുത്തികളും മാത്രമായിരുന്നു ആ അഗാധപ്രണയത്തിനു സാക്ഷി. അവർക്കിടയിൽ ഭാഷയുടെ അതിർവരമ്പുകളുണ്ടായിരുന്നില്ല.ദേശത്തിന്റെ അകൽച്ചയുണ്ടായിരുന്നില്ല. ഇന്ത്യയെന്നോ പാക്കിസ്ഥാനെന്നോ വേർതിരിവുമുണ്ടായിരുന്നില്ല.

അവൾ അയാൾക്കായി ഷാളിന്റെ കെട്ടുകൾക്കുള്ളിൽ നിന്നും ഒരു പൊതിയെടുത്തു. ചപ്പാത്തിയും ചീരസബ്ജിയുമായിരുന്നു അതിൽ. വേലിക്കപ്പുറത്തേക്ക് കൈയിട്ടു കൊണ്ട് അവളത് കൊടുത്തപ്പോൾ അയാൾ അവളുടെ കണ്ണുകളിലേക്ക് നോക്കി. ഇത്രമേൽ നിറമുള്ള അവളുടെ നിഴലാകാൻ പോലും തനിക്ക് സാധിക്കില്ലല്ലോ എന്നോർത്ത് നെടുവീർപ്പിട്ടു. തന്റെ ചെറിയ കൂരയ്ക്കുമപ്പുറത്തായി ഒരു ലോകമുണ്ടെന്ന് അവളറിഞ്ഞു തുടങ്ങിയിരുന്നു. ആ ലോകവുമായി അവളെ ഇണയ്ക്കിയിരുന്നത് ആ പട്ടാളക്കാരനായിരുന്നു.രാത്രിയുടെ നിശ്ശബ്ദതയ്ക്കിടയിൽ അവരെന്നും കണ്ടുമുട്ടിയിരുന്നു. സ്വന്തമാവില്ലെന്നറിഞ്ഞിട്ടും അവരൊരുപാട് സ്നേഹിച്ചിരുന്നു. അവൾക്കവന്റെ കണ്ണുകൾ ഏറെ ഇഷ്ടമായിരുന്നു. അവന്റെ രാജ്യത്തോടുണ്ടായിരുന്ന അതിരുകവിഞ്ഞ സ്നേഹവും അവൾക്കിഷ്ടമായിരുന്നു.

അവരൊരിക്കലും അവരുടെ രാജ്യങ്ങളെപ്പറ്റി സംസാരിച്ചിരുന്നില്ല. അവളുടെ നിസ്ക്കാരത്തഴമ്പിനെപ്പറ്റിയും അവന്റെ മന്ത്രച്ചരടുകളെപ്പറ്റിയും സംസാരിച്ചില്ല. പക്ഷേ രാത്രിയിൽ അവിടവിടെയായി മുഴങ്ങിയിരുന്ന വെടിയൊച്ചകളെയും വിസിലുകളെയും അവൾക്ക് ഭയമായിരുന്നു.

'എനിക്കൊരു തോക്കുണ്ട്' ഒരു ദിവസം അയാൾ പറഞ്ഞു. എന്നിട്ട് ആ തോക്ക് അവളെ കാണിച്ചു. ' സെമി ഓട്ടോമാറ്റിക് ടോറസ് പി.ടി ആണ്. ' അയാൾ പറഞ്ഞു. കറുത്ത് മാരകമായ ഒരു വസ്തു എന്നതിലപ്പുറം അവൾക്കൊന്നും തോന്നിയില്ല. 'എനിക്കിഷ്ടമായില്ല, തോക്കു കണ്ടാൽ എനിക്ക് പേടിയാണ്.' അയാളത് ബൂട്ടിലേക്ക് തിരുകിക്കയറ്റി.

'നിങ്ങൾക്കതിന് ധൈര്യമുണ്ടോ?'
'എന്തിന് ?'
'ഇതുകൊണ്ട് ആരെയെങ്കിലും കൊല്ലാൻ ?... എന്റെ സഹോദരങ്ങളെ കൊല്ലാൻ'
അയാൾ വേലിയുടെ അടുത്തേക്ക് നീങ്ങിനിന്നു.
'നിന്നെ ഞാൻ സ്നേഹിക്കുന്നു, ലൈലാ... നമ്മുടെ രണ്ടുപേരുടെയും രാജ്യങ്ങളോളം നിഷ്കളങ്കതയും വിവേകവും ഒപ്പം തെളിയുന്നൊരു ചിരി അയാളവളുടെ കണ്ണുകളിൽ കണ്ടു.

മുൾവേലികൾക്കപ്പുറം നിന്ന് പ്രണയിച്ചാൽ
അത് രാഷ്ട്രവിരുദ്ധമാകുമോ???

# MEN

Author : Shilpa Karat (M.Sc. Dept. Agri. Extension)
Artist : Arya Satheesh (Advaya'17)



Ever heard of father
who conceive new born daughters in their heart
for the rest of their lives,
shielding them with love melted out of hardships!

Ever heard of brothers
who tread on the heels of their sister
through wild and gardens alike,
Rowing vicious waters only to get her,
her favorite lilies!

Ever heard of boy friends
who shattered rocks with their fists only to
carve mansions to consecrate their woman!
The ones who sacrifice shoulders one each to
saddle her dreams and to weigh her woes!

Ever heard of husbands
who bow down for their queens
to climb up, touch skies
and conquer their fears!

Ever heard of sons
who house their mothers in their soul,
Taking her to places she saw in dreams only to
see the widest curve on her face!

Have you heard about them?
we talk a lot about malevolent males,
who breaks hearts
who disrespect women
who destroy feminity
And too little about the good men
who treat their women as
Queens!




# ചപ്പ്

എഴുത്ത് : അശ്വതി സി. കെ. (Gagnants '15)
വര : സിബിൻ കെ. (Gagnants '15)

ചവറ്റുകുട്ട വീണ്ടും നിറഞ്ഞുകവിഞ്ഞിരിക്കുന്നു. ഇത്തവണ ക്ലീനിംഗ് വർക്കേഴ്സ് രണ്ടു ദിവസം വൈകിയേ വരൂ എന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. വർക്ക്ലോഡ് അധികമാണത്രേ! ക്രിസ്മസ് അലവൻസും പെൻഷനും അനുവദിച്ചുകിട്ടിയില്ലെങ്കിൽ അടുത്തമാസം തൊട്ട് അവരെത്തില്ലെന്ന് സൂചന തന്നത് അയാളോർത്തു! എന്തുചെയ്യും? കുറയ്ക്കാൻ നോക്കുമ്പോൾ കൂടിവരുന്ന ഒന്നാണ് ചപ്പുകൾ. വെറും വേസ്റ്റായിരുന്നുവെങ്കിൽ കത്തിക്കാമായിരുന്നു. ഇതു പക്ഷേ........

ക്ലീനിംഗ് വർക്കേഴ്സിനെ പറഞ്ഞിട്ടു കാര്യമില്ല. അവർക്കെന്തൊക്കെ പണിയാണ്. ഈ ചപ്പെല്ലാം പെറുക്കിക്കൂട്ടി സ്നേഹവും കരുണയും സഹാനുഭൂതിയുമെല്ലാം സ്വർഗ്ഗത്തിലേക്ക് എക്സ്പോർട്ട് ചെയ്യണം. അവിടെവച്ച് ചാരംപോലും അവശേഷിക്കാത്തവിധം കത്തിച്ചു തീർക്കണം. ബാക്കി വരുന്ന കുശുമ്പും സകല വൈരാഗ്യങ്ങളും റീസൈക്ലിംങ്ങിനയക്കണം.

എന്തൊക്കെയായാലും ഈ ദുർഗന്ധം സഹിക്കാൻ വയ്യ. സഹാനുഭൂതിയുടെ അസഹ്യഗന്ധമാണിത്. ഒരാഴ്ചയായി ഇതിവിടെ കിടന്നു നാറുന്നു. അറ്റകൈ പ്രയോഗിക്കുക തന്നെ. അയാൾ തന്റെ അമ്മയെ ഒരു കടലാസിൽ പൊതിഞ്ഞ് ചവറുകുനയിലിട്ടു. അത് ആ ചപ്പുകൾക്കിടയിലൂടെ മുല്ലപ്പൂവിന്റെ നറുഗന്ധം പരത്തി താഴ്ന്നു താഴ്ന്നു പോയി.



പലതും പടിവിട്ടിറങ്ങിപ്പോകും... ചിലതിന്റെ പൊയ്മുഖവും
ഓർമ്മപ്പെടുത്തും ... ദൈവം സംസാരിച്ചുതുടങ്ങിയാൽ.

# ഖസാക്കിന്റെ മുദ്രണങ്ങളും

എഴുത്ത് : സ്നേഹ സെബാസ്റ്റ്യൻ (Audra'18)
വര : മെഹനാസ് സി. (Prayaga'16)

ഒരുയാത്ര നൂറ്റി അറുപത്തി മൂന്ന് പേജുകൾ പകരം നൽകി എന്റെ ഉറക്കം കവർന്നെടുത്ത ഒരനന്തതയെതേടി...

തന്റെ പേനത്തുമ്പിൽ ഇതിഹാസരൂപം നൽകപ്പെട്ട ഖസാക്ക് എന്ന ശ്രീ ഒ. വി. വിജയന്റെ തസ്രാക്ക് തേടി. ഒരു വ്യക്തിയിലും സംസ്കാരത്തിലും കവിഞ്ഞ് ഒരു നാടിന്റെ ഇതിഹാസം രചിക്കപ്പെട്ട ഖസാക്കിന്റെ ഇതിഹാസം മനസ്സിൽ പതിഞ്ഞത് ഒരു പകലിന്റെയോ രാത്രിയുടെയോ മാത്രം ഉല്പന്നമായല്ല.

അന്ന് രവി നടന്നുനീങ്ങിയ പാതകൾ 3 പതിറ്റാണ്ടുകൾക്കിപ്പുറം ഞാൻ പിന്തുടർന്നു. ബസ് കൂമൻകാവിലെ മരവിച്ച മരുപ്പച്ചയിലേക്ക്. ഏറുമാടങ്ങളിൽ തീർത്തപീടികകളിൽ ഇന്നലെയുടെ ബാക്കിപത്രങ്ങൾ തിങ്ങിനിറഞ്ഞപോലെ തോന്നി. ചുമരിലെ നരകപടം എന്തൊക്കെയോ എന്നോട് മാത്രമായി പറഞ്ഞു കൊണ്ടിരുന്നു.



നാട്ടുപാതയിലൂടെ ഇരുട്ടിലേക്കിറങ്ങി. അനുഗമിക്കാൻ ചുമട്ടുകാര നില്ലെങ്കിലെന്താ കണ്ണിൽപതിഞ്ഞ, നെഞ്ചിൽ പതിപ്പിച്ച വാക്കുകൾ ഉണ്ടല്ലോ.

വഴിയോരങ്ങൾ തന്ന കാട്ടുതുളസിയുടെ ഗന്ധം അവിടം എന്നെ സ്വീകരിക്കുന്നതു പോലെതന്നെ തോന്നിച്ചു. ചിലപ്പോൾ ആ പാതയോരങ്ങൾ എല്ലാവരെയും സ്വീകരിക്കാറുള്ളത് അങ്ങനെ തന്നെയാവാം. കരിമ്പനകളും പാറകളും വഴിതെളിച്ചു. കരിമ്പനക്കാടുകളിലേക്ക് വീശാറുള്ള പാലക്കാടൻ കാറ്റ് എന്നെയും മറന്നിട്ടില്ലായിരുന്നു. ഖസാക്കിനു പിന്നിൽ ഉയർന്നുനിന്നിരുന്ന ചിതലുമല വിരഹത്തിന്റെയും മൗന പ്രണയത്തിന്റെയും അടക്കിപ്പിടിച്ച കഥകൾ പറഞ്ഞുകൊണ്ടേയിരുന്നു. നിശ്ശബ്ദതയുടെ സ്വരം ആയതിനാലാവും അന്നും പലരും അറിയാതെ പോയത്. രവിയുടെ ആ ഒറ്റമുറി വിദ്യാലയം എന്റെ മനസ്സിലെ പുസ്തകതാളുകളെ മറിച്ചുകൊണ്ടിരുന്നു.

പ്രകൃതിയോട് തോന്നിയ അടങ്ങാത്ത പ്രണയമാവാം മസാക്കെന്ന തസ്രാക്കിനെ ഇത്ര മനോഹരിയാക്കിയത്. പാറകൾ ചവിട്ടിയിറങ്ങി ഇളംചൂടുള്ള തോട്ടിലെ വെള്ളത്തിൽ കൊലുസണിഞ്ഞ കാലുകൾ ഇറക്കിവച്ചപ്പോൾ ഭാവംകൊണ്ടും, നോട്ടംകൊണ്ടും എഴുത്തുകാരന്റെ മൈമൂനയാവാൻ, ഖസാക്കിന്റെ സുന്ദരിയാവാൻ ഒരു ശ്രമം നടത്തിപ്പോയി.



തിരിച്ചുകയറി നടന്നപ്പോൾ ഖസാക്കിലെ പനങ്കാടുകളിൽനിന്നെ വിടുന്നോ ആ പാണ്ടൻകുതിരയുടെ കുളമ്പടി ശബ്ദം മനസ്സിനെ ഒരല്പം അസ്വസ്ഥമാക്കി. എന്നോടുള്ള എന്റെ വിശ്വാസമാവാം ചാരിത്ര്യവതികളായ പെണ്ണിന്റെ മാത്രം പ്രാർത്ഥ നകേൾക്കുന്ന പുളിങ്കൊമ്പത്തെ പോതിയുടെ മുന്നിൽ നിൽക്കാൻ എനിക്ക് ധൈര്യം തന്നത്. പന്ത്രണ്ട് പള്ളികളാണവിടെ നശിച്ചുപോയിട്ടുള്ളത്. ഖസാക്കിന്റെ ഉൾവേരുകൾ ഊർന്നിറങ്ങിക്കിടന്നത് അവയിലാണത്രേ. അസ്ഥിവാരമറ്റതും എന്നാൽ പ്രാർത്ഥനയുടെ തേജസ്സറ്റെങ്കിലും ഇപ്പോഴും നിലനിൽക്കുന്നതുമായ ചിലതുണ്ട്. അത്തരമൊന്നാണ് പന്ത്രണ്ടാമത്തേത്, രാജാവിന്റെ പള്ളി. അതിനോരമുള്ള അറബിക്കുളത്തിൽ പടവുകൾ ഇറങ്ങിച്ചെന്നു... ആ ജലദേവൻ എന്നെ ഭ്രാന്തമായ് ആലിംഗനം ചെയ്ത പോലെ... ഈറനോടെ രാജാവിന്റെ പള്ളിയിലേക്കു കയറിച്ചെന്നപ്പോൾ ഇരുട്ടിന്റെ മറവിൽനിന്നും ഒരു രൂപം... പുകമറയുള്ള ആ കണ്ണുകളിൽ അയാളെന്നെ തളച്ചിട്ട പോലെ തോന്നി... അതൊരു മിഥ്യയെന്ന തിരിച്ചറിവിനുപോലും സമയമെടുത്തു. പാടവരമ്പത്തെ തുമ്പിക്കൂട്ടങ്ങളെ നോക്കിനിന്നപ്പോൾ ഞാൻ സ്വയം മന്ത്രിച്ചു...

'ചിലപ്പോളക്കൂട്ടത്തിൽ അന്ന് അപ്പുക്കിളി പറത്തിവിട്ടവയും കാണും. കമ്മ്യൂണിസത്തിന്റെ ആരംഭം തന്ന ആവേശത്തിന്റെ ചെങ്കൊടികളും കാണാം പാതയോരങ്ങൾ നീളെ... ഇനി തിരിക്കണം. സമയം അതിക്രമിക്കുന്നു. കാലിൽതട്ടി നോവിച്ച കാരമുള്ളെടുത്ത് കളഞ്ഞ് തിരിച്ചുനടന്നു. ഖസാക്കെന്ന ഇതിഹാസ സാമ്രാജ്യത്തെ ഞാനല്ല അവരെന്നെയാണ്, ആവാഹിച്ചിരിക്കുന്നത്.

കുമൻകറവിൽ ബസ് കാത്ത് നിൽക്കവേ കണ്ണുകൾ പിന്നെ തിരഞ്ഞത് ആ സർപ്പത്തെയാണ്. കൊച്ചുകുഞ്ഞിന്റെ ലാളിത്യത്തോടെ അതെന്റെ കാലുകളെ കൊത്തി നോവിച്ചിരു ന്നെങ്കിൽ..., ആത്മഗതം കേട്ടകണക്കെ അതും സംഭവിച്ചിരിക്കുന്നു. തളർച്ചയേറ്റ് ഭാരംവച്ച ശരീരം നിലത്തേക്ക്... എഴുത്തുകാരന്റെ അവസാനവരികളുടെ അറ്റത്ത് ഞാനെന്ന വായനക്കാരിയും ഒരവശേഷമായി കിടക്കുന്നു.

ഖസാക്കെന്ന ഇതിഹാസ സാമ്രാജ്യത്തോട് ഒരടങ്ങാത്ത പ്രണയം ഉള്ളിലെവിടയോ...


ഒരു വട്ടം കൂടി ഖസാക്കിലേക്കു പോകണം.
കൂമൻ കോവിൽ ബസ്സിറങ്ങി ഒരു തണുത്ത സർവ്വത്തും കുടിച്ച് കാഴ്ചകൾ കണ്ട്
നടക്കണം. ഞാറ്റുപുരയിൽ അൽപനേരം കണ്ണടച്ചിരിക്കണം. രവിയ്ക്കും മൈമൂനയ്ക്കും
മൊല്ലാക്കയ്ക്കും അപ്പുക്കിളിയ്ക്കും ഒപ്പം വീണ്ടും കളിപറഞ്ഞിരിക്കണം.



# Something for EveryOne...

Author : **Aravind R.** (Audra'18)
Artist : **Akshay Kumar** (Gagnants'15)

She saw him walking down the alley...
She smiled and asked
"Did you submit your homework?"




In the midst of heated politics,
he walked through the crowd
and complimented her
"Your dance was amazing."



Amid the responsibilities of a different life,
they found time for themselves in the quaint
suburbs of Delhi. He quietly asked her
"Will you marry me?". She accepted it with glee.





Their matrimony was bound with bliss. But they had a huge gap in their life. The void which they filled with unconditional love. In one quiet moment she asked him "Do you feel emptiness without a child ?". He replied "With you never."

She asked him, "Will you ever leave me?"
He replied, "Only if you leave me."




ഖബറിടം കുഴിക്കാൻ തുടങ്ങി. മരണവാർത്ത അറിഞ്ഞപ്പോൾ തുടങ്ങിയതാണ് പള്ളിക്കമ്മിറ്റിക്കാർ. പെട്ടെന്ന് ഇടി മുഴങ്ങി മഴ പെയ്തു. കുഴിയിൽ മഴയിറങ്ങി വെള്ളം വറ്റിക്കാനാവാതെ അവർ അവനെ അതിൽ അടക്കി. മരണവീട്ടിലെ മഴയെ എല്ലാവരും പഴിച്ചു, പക്ഷേ മഴയെ സ്നേഹിച്ചവന്റെ മരണത്തിനു മഴയ്ക്ക് വരാതിരിക്കാനാകുമോ..? പിന്നെ വന്ന ആ കൊടും വരൾച്ചയിൽ മഴയെ പഴിച്ചവർ മരിച്ചുവീണു.. മരിച്ചവർക്കായി കുഴിയെടുക്കവേ അവന്റെ ഖബറിനോട് ചേർന്നവർ കുഴിച്ചു. അവന്റെ ഖബറിടത്തിൽനിന്നും ഉറവ പൊട്ടി, പ്രളയമായി ഖബർ കുഴിച്ചവരും മരിച്ചു. പ്രണയത്തെ പ്രളയമാക്കിയവർ ചീഞ്ഞുനാറി ആരും കുഴിച്ചിടാനില്ലാതെ

എഴുത്ത് : ജസീൽ ആർ (Gagnants'15)
വര : അക്ഷയ് കുമാർ (Gagnants'15)



# Being Born with Torment


Author : **Hilma Subair** (Advaya'17)
Artist : **Sneha P.** (Gagnants'15)

As I walked past the streets,
The sun popped out its head,
To lit my face with its radiant rays!
But those rays couldn't touch my soul
filled with agony and abuse.
And it relentlessly continued for years,
On the ground of a mere factor – ' complexion '
Ranks were ascertained,
Status preset and communities demarked.
'Their' faces turned bland,
They stared us like aliens,
And the 'logic' cringed my heart.
Was melanin quotient imperative for the so called "status"?
The answer lacked gravity!
And remained ambigious.
That made all the difference.
Triggering an emotional within us.
Cause the genes were unfit to impart the inner beauty.



# ജയങ്ങളെല്ലാം രാജാവിന്റെ, തോൽവികളെല്ലാം പട്ടാളത്തലവന്റെ

എഴുത്ത് : അമൽ ജോസഫ് (Advaya' 17)
വര : അക്ഷയ് കുമാർ (Gagnants'15)




അന്നവിടെ മാമാങ്കം ആയിരുന്നു. ഒരു ഘടികാരത്തിന്റെ രാജാവിനെ തിരഞ്ഞെടുക്കാനുള്ള മത്സരം. '12–ാം' അക്കവും, '6–ാം' അക്കവും തമ്മിലായിരുന്നു പ്രധാന മത്സരം. വിധിയറിയാൻ ബാക്കിയുള്ള '10' അക്കങ്ങളും ആകാംക്ഷയോടെ കാത്തിരുന്നു. എന്തെന്നാൽ ജയിക്കുന്നവൻ രാജാവും തോൽക്കുന്നവൻ പട്ടാളത്തലവനും. കാരണം അത്രയും തലയെടുപ്പുള്ള രണ്ട് അക്കങ്ങൾ വേറെയില്ലായിരുന്നു. '12–ാം' അക്കം തന്റെ ഗുണഗണങ്ങൾ നിരത്താൻ തുടങ്ങി. ഞാനാണ് രാത്രിയും പകലും തീരുമാനിക്കുന്നത്. എന്തിന്, സൂര്യനെ ചുട്ടുപൊള്ളിപ്പിക്കാനും ചന്ദ്രനെ പ്രകാശിപ്പിക്കാനും തനിക്ക് കഴിയുമെന്ന് '12' വാദിച്ചു! കുലീനനായ '6' വാദിച്ചു. സൂര്യനെ ഉദിക്കാനും ഉറങ്ങാനും ഞാൻ അനുവദിക്കുന്നു. മനുഷ്യരെ ഉറങ്ങാനും, ഉണരാനും ഞാൻ സഹായിക്കുന്നു!

വാദം കൊഴുക്കുകയായിരുന്നു. ഘടികാരത്തിലെ ഓരോ അക്കങ്ങളും രണ്ട് വിഭാഗങ്ങളായി മാറി, '12'നേയും '6'നേയും പിന്തുണച്ചു സംസാരിക്കാൻ തുടങ്ങി. എന്നാൽ ഒറ്റപ്പെട്ടവനായി ഒരക്കം മാത്രം നിന്നു, '9'. അവനെ കൂടെ ക്കൂട്ടാൻ ആരും തയ്യാറായില്ല. കൂട്ടത്തിൽ കരുണയുടെ വറ്റുള്ള '6' പോലും കൂട്ടാക്കിയില്ല. രാജപദവി തന്നെയായിരുന്നു അവന്റെ പ്രഥമ ലക്ഷ്യം.

എന്നാൽ കഥയിൽ ട്വിസ്റ്റ് സംഭവിച്ചു. മാറാല തട്ടിക്കൊണ്ടിരുന്ന ചൂല് ഘടികാരത്തെ തട്ടിത്താഴെയിട്ടു. 'ശകടയോഗം' എന്ന് പറഞ്ഞു എല്ലാവരും ശപിക്കാൻ തുടങ്ങി. '9' തന്നെയായിരുന്നു ഇര. എന്നാൽ '6'ന്റെ അടുത്ത കൂട്ടുകാരൻ ആയ '7' '6'ന്റെ ചെവിയിൽ രഹസ്യമായി മന്ത്രിച്ചു. 'താൻ തലകീഴായി മറിഞ്ഞപ്പോൾ എന്റെ ചങ്ക് ഒന്ന് പിടച്ചു. താൻ നേരേ നിൽക്കുന്നത് വരെ '9' ആയിരുന്നടോ'. ആ രഹസ്യം '6'നെ വിദൂര ചിന്തകളിലേക്ക് നയിച്ചു. അവസാനം '6' അവന്റെ തീരുമാനം പറഞ്ഞു. '9'നെ താൻ ചേർത്തുപിടിക്കുമെന്ന്. പിന്നെ ഒന്നും വൈകിയില്ല. '12' രാജാവും '6' പട്ടാളത്തലവനുമായി. നെഞ്ചുവിരിച്ചു നിന്ന '6'ന്റെ ചെവിയിൽ '9' മന്ത്രിച്ചു. 'താൻ തോറ്റതിനുകാരണം എന്നാ അറിയോ? താൻ ശരിക്കും നല്ലവനാണ്. താനാണെടോ..... കുടുംബത്തെ ഒന്നിച്ചു കൂട്ടുന്ന സമയം. മനുഷ്യന് പുതുജീവിതം നൽകുന്ന സമയം.... എല്ലാവരും പ്രണയിക്കുന്ന സമയം...'





Author : **Vysakh Wilson** (Gagnants'15)
Artist : **Akshay Kumar** (Gagnants'15)

Among the whirlpool of smoke and dust,
amidst the unending darkness
and with the last ever ray of hope
she searched....
The heavy load of corpses
and the sickening smell of blood
did force her to faint
But how could she?
The twelve year old was in search
of her most valuables
Forty shattered and disfigured bodies
with flesh and blood afresh
soulless hearts still pounding
in the spirit of Patriotism,
and all of them with their fatigues on ...
Inspecting every single one of them
still far from finding the one
who made her world ...
and yet, there was no giving up
Tumbling over a broken gun
which she knew to have seen before,
she fell over a lifeless body
the smell felt familiar, she thought
and so were those eyes.
Not a drop of fear did she waste
she only kissed her dad one last time,
and then, her little palm
with the fingers closed
and over her forehead
she bid that final good bye...

# കാണാതിരിക്കുന്നതെങ്ങിനെ

എഴുത്ത് : അനസൂയ സെബാസ്റ്റ്യൻ (MSc. Dept. of Agronomy)
വര : ശിൽപ്പ ആർ (Gagnants'15)



ഏറെനേരമായ് നാമിരുകരകളിൽ നിശ്ചലം
തോരാമഴക്കിന്നു കാവലിരിക്കുന്നു
അകലെ നീയും നിശബ്ദം,
ഞാനോ, ഗതകാല സ്മൃതിതൻ കിനാവിൽ,

വാടാതെ വറ്റാതെ ബാക്കിനിന്നു
നാം നട്ട നിമിഷങ്ങളൊന്നുമേയില്ലാതെ
തീർത്ത നോവുകളൊന്നുമേ പുൽകാതെ
ഓളങ്ങളെത്രയോ യാത്രയായിതുവരെ.
അന്ന് നീ സമ്മതിച്ചൊരാ ഇതളുകൾ!
നിൻ ശ്വാസം വാരിപ്പുണർന്നൊരെൻ ഹൃദയവും,
ഇന്നേറെ ദുഃഖഭരിതമായ് പ്രിയേ
നിന്നിലൊന്നാകുവാൻ കൊതിച്ചിടുന്നു.

മഴയേറിവന്നതും
കണ്ണിലിരുളടഞ്ഞതും
ഈ രാത്രി ഭ്രാന്തിൽ മരിച്ചതും
കണ്ടു നിൽക്കാനാകാതൊടുക്കം
മിഴികളടഞ്ഞെങ്കിലും സഖീ,
ഇനിയുമീ മണലിൽ ഞാനിരുന്നിടാം
മറുകരയിൽ നിൻ നിഴൽ
മറയും വരേക്കും!

തിരികെ മടങ്ങുവാൻ പുഴപറഞ്ഞെങ്കിലും
കാറ്റേറെ പഴിപറഞ്ഞെങ്കിലും
ഞാൻ നിന്നെയൊരു ജന്മം
കാണാതിരിക്കുന്നതെങ്ങനെ!

സഖീ നീയുറങ്ങുകയെൻ മിഴികളിൽ
ആർദ്രമാം കണ്ണുനീർ കുളിരിലായ്
എന്റെ ഏകാന്തസ്വപ്നമായ്
ഓർമയായ് ധന്യയായ്

# ...മ്മക്ക് ഓരോ തണുത്ത ചിക്കു ഷേക്കങ്ങ് കാച്ചിയാലോ?

എഴുത്ത് : കൗലത്ത് (Prayaga'16)







കോഴിക്കോട്ടുകാർക്ക് റഹ്മത്ത് ഹോട്ടലിലെ ബീഫ് ബിരിയാണിയോട് വല്ലാത്തൊരു മുഹബത്തുണ്ട്. ആവി പറക്കുന്ന B.B. (ബീഫ് ബിരിയാണി)യും ഐസ് ക്യൂബ്സിട്ട mint ലൈമും മുന്നിൽവെച്ചാൽ ലോകമൊന്നാകെ തന്റെ വലതു കൈവള്ളയ്ക്കുള്ളിലേക്ക് ഒതുങ്ങുമെന്നാണ് ബിരിയാണി പ്രേമികളുടെ ഭാഷ്യം. അവിടെനിന്ന് ഇങ്ങ് തൃശ്ശൂരിലെ തോട്ടപ്പടിയിലേക്ക് zoom ചെയ്യുമ്പോൾ സീൻ കൈയ്യടക്കുന്നത് വേറെ രണ്ട് ഐറ്റംസ് ആണ്. മുട്ടപ്പൊറോട്ട എന്ന 1x1 മീറ്റർ ബോർഡ് വച്ച മുസാക്കയുടെ കടയിലെ കപ്പബിരിയാണിയും പേരിൽ തന്നെ തണുപ്പടിപ്പിക്കുന്ന chill point ലെ ബേബിച്ചേട്ടന്റെ ചിക്കുഷേക്കും. മുസാക്കയുടെ കപ്പബിരിയാണിക്കല്ല, മുട്ടപ്പൊറോട്ടയ്ക്കാണ് ഫാൻസ് കൂടുതലെന്ന് 'pure' വെജിറ്റേറിയൻ ആയ പാറു പറയും. മുട്ടപ്പൊറോട്ടയും ചിക്കുഷേക്കും, അതെന്തൊന്ന് എന്ന് new comers ന് തോന്നാം. അവരോട്, 'ഒന്ന് കഴിച്ചുനോക്കണം മിഷ്ടർ, എന്നിട്ട് വിമർശിക്കു' എന്ന ഡയലോഗടിച്ച് സ്ട്രോ ഇട്ട് ചിക്കുഷേക്ക് അകത്തോട്ട് വലിക്കും. Uber eats കാരും swiggy കാരും ഹർഷ ഹോസ്റ്റലിന് മുമ്പിൽ തമ്പടിക്കുന്നതിനു മുന്നേ ഹോർട്ടിക്കാരുടെ മനസ്സിൽ Glass house പണിതവയാണ് ഈ രണ്ട് items. വൈകീട്ട് 4.00 മണിക്കും 6.30 നും ഇടയിലെ ഉദ്യോഗപരമായ 2.30 മണിക്കൂർ Law of equimarginal returns പ്രകാരമാണ് L.H. ലെ ഓരോരുത്തരും വീതിക്കാറ്. Profit maximisation ഉം cost minimisation ഉം വേണ്ടി Scarce resource ആയ സമയത്തെയും കൈയിലെ 100 രൂപ നോട്ടിനെയും effective ആയി allocate ചെയ്യാൻ പറ്റിയ ഇടമാണ് ഇവിടെ രണ്ടും എന്നു ഒരേ സ്വരത്തിൽ ഞങ്ങൾ പറയും. മുസാക്കയും കപ്പബിരിയാണിയും മുട്ടപ്പൊറോട്ടയും തമ്മിൽ കൈയിലെ 100 രൂപയ്ക്കു വേണ്ടി എന്നും competition ആണ്. ഒടുവിൽ രണ്ടും ഓരോ പ്ലേറ്റ് വാങ്ങി അതിൽ നാല് സ്പൂണിട്ട് നാല് പേര് അടിക്കും. അതിലും ത്രില്ലടിപ്പിക്കുന്നതാണ്


chill point ലെ സീൻ. അവിടത്തെ ചെയറിനുവേണ്ടി ആദ്യം തൊട്ടേ competition ആണ്. സൊള്ളാൻ വരുന്ന കമിതാക്കളെ വകഞ്ഞുമാറ്റി ചേട്ടാ ഒരു ഷേക്ക് എന്ന ഒരൊറ്റ കാറലാണ്. ചിക്കു, pineapple, oreo എന്നൊക്കെ ലിസ്റ്റ് എടുത്ത് ചേട്ടൻ ജ്യൂസടിക്കാൻ തുടങ്ങുമ്പോഴാണ് ento വൈവക്ക് റിപ്പീറ്റ് കിട്ടുന്നപോലെ (literally 'ഇടിത്തീ') പീച്ചിയിലെ transformer അടിച്ചുപോവുക. ലേറ്റായിട്ട് 100 രൂപ ഫൈൻ അടയ്ക്കണോ അതോ കാത്തിരുന്ന് ജ്യൂസടിക്കണോ എന്ന ചിന്ത മനസ്സിനെ വേട്ടയാടും. വേഗം കറണ്ട് വരണേ എന്ന കൂട്ട പ്രാർത്ഥന ക്കിടയ്ക്ക് ഇപ്പൊഴൊന്നും 6.30 ആവല്ലേ എന്ന് പ്രാർത്ഥിക്കുന്ന ടീംസിനെയും കാണാം. ഒടുവിൽ കറന്റ് വരുമ്പോൾ ''ഒരു ജനറേറ്റർ വാങ്ങിച്ചുടേ ചേട്ടാ, മനുഷ്യനിവിടെ ടെൻഷൻ അടിച്ചു ചത്തു'' എന്ന് പറയുമ്പോൾ ചേട്ടൻ ഒരു മറുപടിയായി ചെറുതായി ചിരിക്കാറേ ഉള്ളു. കടല വിതറി തണുത്തുറഞ്ഞ് ചിക്കുഷേക്കും ആവി പറക്കുന്ന കപ്പബിരിയാണിയും ഒരേ സമയം 50 മീറ്റർ രണ്ട് distance ൽ മേശയിലായി രണ്ട് പേർക്ക് മുമ്പിൽ വെക്കപ്പെടുകയാണ്. ''കടലാക്രമണം ഇസ്തം'' എന്നു സ്റ്റാറ്റസ് ഇട്ട് സ്ട്രോയിലൂടെ ചിക്കു ഷേക്ക് ഉള്ളിലേക്ക് ആവാഹിക്കുമ്പോൾ അറിയാതെ അതിനോട് അലിഞ്ഞു ചേർന്നു പോവും, നമ്മളൊന്നാകെ ആ ജ്യൂസ് ഗ്ലാസിലേക്ക് ഒതുങ്ങിപ്പോയപോലെ തോന്നും. ഉസ്താദ് ഹോട്ടലിലെ കരീം ഇക്കയുടെ ഡയലോഗ് ഓർത്തു പോവുകയാണ് ''വയറ് നിറയ്ക്കാൻ ആർക്കും പറ്റും, പക്ഷേ അതു കഴിക്കുന്നവരുടെ മനസ്സും നിറയണം, അതാണ് യഥാർത്ഥ കൈപുണ്യം'' അതാണ് ഇവരുടെ സീക്രട്ട് റെസിപ്പിയും.

## പിൻകുറിപ്പ്

കൂട്ടം തെറ്റി ചിൽ പോയിന്റിലെത്തി കണ്ടവന്റെ ഷേക്ക് ഗ്ലാസിൽ സ്ട്രോ ഇട്ട് മോന്തിക്കുടിച്ചവരും... ഷെരിച്ചു കെട്ടിയ മൂസാക്കാന്റെ തട്ടുകടയിലെ ആൾക്കൂട്ടം കണ്ട് ഓടിക്കയറി പ്ലേറ്റിലുള്ളത് മുഴുവൻ കയ്യിട്ടു വാരി തട്ടിക്കയറ്റിയ ഒറ്റയാനും... ആരാരുമറിയാതെ കുറ്റിക്കൊപ്പം തൊട്ടപ്പടിയിലെത്തി ഷേക്ക് നുണയാനെത്തിയവർക്ക് മുൻപിൽ കട്ടുറുമ്പാവാൻ വിധിക്കപ്പെട്ടവരും... ഇങ്ങനെയിങ്ങനെ... വിസ്മരിക്കപ്പെടേണ്ടവർ വേറെയുമുണ്ട്

# ഗിരിശൃംഗങ്ങളിലെ യുദ്ധഭൂമി

എഴുത്ത് : രാഹുൽ രാജ് (Gagnants'15)



നാഥുലാപാസിലേക്കൊരു യാത്ര ഗാങ്ങ്ടോക്ക്.. ഉറക്കമുണരും മുൻപേ സുപ്രഭാതം പടി കടന്നെത്തുന്ന അത്ഭുത നാട്.. കത്തുന്ന നട്ടുച്ച വെയിലിലും തണുത്ത് വിറയ്ക്കുന്ന പ്രകൃതിയുടെ പച്ചക്കമ്പിളി പുതച്ച സിക്കിമിന്റെ തലസ്ഥാനം, തലേ ദിവസം എൻ. ആർ. സി. കണ്ട് രാത്രിയിലായിരുന്നു ഗാങ്ങ്ടോക്കിലെത്തിയത്. രാവിലെ ഏഴ് മണിക്ക് വാഹനത്തിൽ കയറാനായിരുന്നു നിർദ്ദേശം. അതിരാവിലെ എഴുന്നേറ്റ് കൊടിയ തണുപ്പിനെപ്പോലും അവഗണിച്ചു കുളിച്ച് സുന്ദരനായി ഇറങ്ങി. സക്കീർ സാറിന്റെ നിർബന്ധത്തിനു വഴങ്ങി ഞാനും അർജ്ജുനും വൈശാഖും പ്രഭാതഭക്ഷണം കഴിച്ചു പുറത്തിറങ്ങി.. ഒൻപത് ടാറ്റാ സുമോകൾ പുറത്ത് വരിയായി കിടപ്പുണ്ട്. സ്വെറ്ററും അതിനു പുറത്ത് ജാക്കറ്റും ഗ്ലൗസും ഷൂസും പിന്നെ തൊപ്പിയും മഫ്ളറും.. എല്ലാം ധരിച്ച് വല്ല ചന്ദ്രയാത്രയ്ക്കും തയ്യാറെടുക്കുന്നപോലെ ഞങ്ങൾ 67 പേരും തയ്യാറായിട്ടുണ്ട്.. കാരണം അന്നത്തെ ഞങ്ങളുടെ ലക്ഷ്യസ്ഥാനം ലോകത്തിലെ തന്നെ ഏറ്റവും ഉയരം കൂടിയ യുദ്ധ ഭൂമികളിലൊന്നായ നാഥുല പാസ് ആണ്. 1962 ലെ ഇന്ത്യാ  ചൈന യുദ്ധത്തിനു സാക്ഷ്യം വഹിച്ച സാക്ഷാൽ  നാഥുലപാസ്, പതിനയ്യായിരത്തോളം അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഇന്ത്യാ ചൈന അതിർത്തി രാപകലുകളില്ലാതെ തോക്കേന്തിയ ഇന്ത്യൻ പട്ടാളക്കാരുടെ നിറസാന്നിദ്ധ്യം. ശരിക്ക് ശ്വസിക്കാൻപോലും ഓക്സിജൻ കിട്ടാത്ത സുന്ദര മനോഹര പ്രദേശം.

നേരത്തേ നിശ്ചയിച്ച പ്രകാരം എട്ടു പേർ വീതം ഓരോ വാഹനങ്ങളിലായിട്ടാണ് യാത്ര. നഗരത്തിന്റെ തിരക്കേറിയ റോഡിൽനിന്നും നാഥുലപാസ് സ്ഥിതിചെയ്യുന്ന മലനിരകളിലേക്കുള്ള റോഡിലേക്ക് വാഹനം നീങ്ങി ത്തുടങ്ങിയിരിക്കുന്നു.. ഗാങ്ങ്ടോക്ക് നഗരത്തെക്കാൾ ഒരല്പം തണുപ്പ് കൂടിത്തുടങ്ങിയിട്ടുണ്ട്. അതിർത്തിയിലേക്ക്  അടുക്കും തോറും ആർമ്മി വാഹനങ്ങൾ കണ്ടു തുടങ്ങുന്നുണ്ട്.. ഇരു ഭാഗത്തും ആർമ്മി ഓഫീസുകളും കണ്ടു തുടങ്ങി. കുറച്ചുകഴിഞ്ഞ് ഞങ്ങളുടെയെല്ലാവരുടെയും വാഹനങ്ങൾ ഒരു ജംഗ്ഷനിൽ നിർത്തിയിട്ടിരിക്കുകയാണ്. ഇനി 53 കിലോ മീറ്റർ ദൂരമുണ്ട്.. ഓരോരുത്തരും അവരവരുടെ ഐ.ഡി. കാർഡെടുത്ത് കയ്യിൽ വെച്ചിട്ടുണ്ട്. മുൻപേ ഫോട്ടോയും ഐ.ഡി. കാർഡിന്റെ കോപ്പിയും (ആധാർ !!) ചേർത്തു നാഥുലാപാസിലേക്കുള്ള സന്ദർശനത്തിന് അപേക്ഷിച്ചിരുന്നു. വാഹനങ്ങൾ നീങ്ങിത്തുടങ്ങി. തണുപ്പിന്റെ കാഠിന്യം കൂടിക്കൂടി വരികയാണ്. വലിയ മലനിര യിലൂടെയുള്ള മനോഹര റോഡിലൂടെയാണ് യാത്ര.. ഇന്ത്യൻ ആർമ്മിയുടെ വാഹനങ്ങൾ ഇരുഭാഗത്തേക്കും യഥേഷ്ടം ഒഴുകിക്കൊണ്ടിരിക്കുന്നു. ഇടയ്ക്കിടെ കാണുന്ന ചില കാഴ്ചകൾ ഞങ്ങളുടെ ഡ്രൈവർ വിശദീകരിച്ച് തരുന്നുണ്ട്. ശിവ എന്നാണ് അദ്ദേഹത്തിന്റെ പേര് ഡാർജ്ജിലിംഗ് സ്വദേശിയായ അദ്ദേഹത്തിനു ഹിന്ദി മാത്രമേ അറിയൂ!! ഞങ്ങളുടെ വാഹനത്തിലുള്ളവർക്കൊക്കെ ഹിന്ദിയിൽ മാരക പരിജ്ഞാനമുള്ളതുകൊണ്ട് അദ്ദേഹം പറഞ്ഞതൊന്നും ഞങ്ങൾക്ക് മനസ്സിലായില്ല. വാഹനം മുന്നോട്ട് കുതിച്ചുകൊണ്ടേയിരുന്നു. – കാർ റൈഡിംഗ് ഗെയിമുകളിലെ റോഡിനെ അനുസ്മരിപ്പിക്കും വിധമുള്ള പാതകൾ.

പട്ടാളക്കാരുടെ എണ്ണം കൂടിക്കൂടി വരുന്നുണ്ട്. റോഡിന്റെ ഒരു വശത്ത് ഭീമൻ കൊക്കയാണ്. ഞങ്ങൾക്ക് പോകേണ്ട റോഡുകൾ തൊട്ടപ്പുറത്ത് മലനിരകളിൽ വളഞ്ഞു പുളഞ്ഞ് കിടക്കുന്നുണ്ട്. ഉറുമ്പുകളെപ്പോലെ നിരനിരയായി പോകുന്ന അനേകം വാഹനങ്ങൾ ഞങ്ങൾക്കിവിടെ നിന്നു കാണാം. ഇടയ്ക്കിടെ റോഡിലേക്ക് ഒഴുകിയെത്തുന്ന കാട്ടരുവികൾക്കരികെ ചില വാഹനങ്ങൾ നിർത്തിയിട്ടിട്ടുണ്ട്. ഇന്ത്യൻ ആർമ്മിയുടെ കരവലയത്തിനു കീഴിൽ ഈ മല നിരകൾക്ക് മുഴുവൻ കനത്ത സുരക്ഷയാണ് ഒരുക്കിയിട്ടുള്ളത്. സമയം രാവിലെ 10 മണി കഴിഞ്ഞിട്ടുണ്ട്. വളഞ്ഞുപുളഞ്ഞുകിടക്കുന്ന മലമ്പാതയിലൂടെ അതിസാഹസികമായിട്ടാണ് ഡ്രൈവർ വാഹനമോടിക്കുന്നത്. ഇപ്പോൾ ഞങ്ങൾ എത്തി നിൽക്കുന്നത് പതിനൊന്നായിരം അടി ഉയരത്തിലാണ്. കഴിഞ്ഞ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ കനത്ത മഞ്ഞുവീഴ്ചയായിരുന്നു ഈ പ്രദേശത്ത്... ഡ്രൈവർ അറിയാവുന്ന ഇംഗ്ലീഷിൽ ഇതൊക്കെ പറഞ്ഞൊപ്പിച്ച് വാഹനം ഒതുക്കി നിർത്തി. ഇനി 24 കിലോമീറ്റർ ദൂരം കൂടി സഞ്ചരിക്കാനുണ്ടെന്നും ഗ്ലൗസും ജാക്കറ്റുമില്ലാത്തവരോട് അവിടന്ന് വാങ്ങാനും ശിവ ഭയ്യ ഓർമ്മിപ്പിച്ചു... വിലപേശി അറിയാവുന്ന ഇംഗ്ലീഷിലും ഹിന്ദിയിലുമായി സൂരജ് ജാക്കറ്റും ഞാനൊരു ഗ്ലൗസും വാങ്ങി. ഞങ്ങൾ വീണ്ടും യാത്ര തുടങ്ങി തണുപ്പ് കൂടിവരികയാണ്. ചെവികൾ അടഞ്ഞു തുടങ്ങി ഭാഗ്യത്തിന് ഇതുവരെ ആരും വാളു വെച്ചിട്ടില്ല. പക്ഷേ, ഏത് നിമിഷവും എന്തും സംഭവിച്ചേക്കാം. ഉയരം കൂടുന്തോറും മലനിരകളിൽ കണ്ടുവരുന്ന സസ്യവർഗ്ഗങ്ങളിലും കാര്യമായ മാറ്റം കണ്ടു തുടങ്ങിയിട്ടുണ്ട്. ആദ്യമാദ്യം ഇടതൂർന്ന വനമായിരുന്നെങ്കിലും ഇപ്പോൾ പൈൻ മരങ്ങളും ഇല പൊഴിക്കുന്ന മരങ്ങളുമാണ് കാണുന്നത് വലതു വശത്തായി ഒരു തടാകമുണ്ട്. രണ്ട് മലയിടുക്കിലായി സ്ഥിതിചെയ്യുന്ന ശുദ്ധജല തടാകം മഞ്ചുലേക്ക് എന്നാണ് പേര്. യാത്രയുടെ വേഗത ഒരല്പം കുറച്ചിട്ടുണ്ട്. മുന്നിൽ ആർമ്മിയുടെ ഒരു വലിയ വാഹനമാണ്. ഓവർടേക്ക് എന്നൊരു ഓപ്ഷൻ അവിടെയില്ല. വീതി വളരെ കുറഞ്ഞ റോഡാണ്. അധികം വൈകാതെ ഞങ്ങൾ സോംഗോ (Tsomogo Lake) തടാകത്തിനടുത്തെത്തി ലോകത്തിലെ തന്നെ ഏറ്റവും ഉയരം കൂടിയ പ്രദേശത്ത് സ്ഥിതിചെയ്യുന്ന വലിയൊരു തടാകമാണ് സോംഗോ. ഞങ്ങളുടെ അടുത്ത ലക്ഷ്യം ഇപ്പോഴും പ്രവേശനം ഉറപ്പായിട്ടില്ലാത്ത നാഥുലാപാസ് ആണ്. പട്ടാളത്തിന്റെ കോഡ് ഭാഷയിലെഴുതിയ ചില ബോർഡുകളൊക്കെ ഇടയ്ക്കിടെ കാണുന്നുണ്ട്. നല്ല തണുപ്പും. മൈനസ് ഡിഗ്രി ആണ് അവിടത്തെ സാധാരണ താപനില കുറച്ചുകൂടെ മുന്നോട്ട് പോയപ്പോഴാണ് ആർമ്മിയുടെ ചെക്ക് പോസ്റ്റിലെത്തിയത്. ഓരോ ഐ. ഡി. കാർഡും പരിശോധിച്ചു കാർഡിലുള്ളവർ തന്നെയാണു വാഹനത്തിലുള്ളതെന്ന് ഉറപ്പാക്കുകയാണ് ആർമ്മി ഉദ്യോഗസ്ഥൻ... ആധാറൊക്കെ നോക്കി ആളെ മനസ്സിലാക്കാനുള്ള അദ്ദേഹത്തിന്റെ കഴിവിനെ പ്രശംസിക്കാതെ വയ്യ... ഹിന്ദിയിൽ ആ പട്ടാളക്കാരൻ ഡ്രൈവറോട് എന്തൊക്കെയോ പറഞ്ഞ് അവസാനം ധന്യവാദ് എന്നു പറഞ്ഞപ്പോഴാണു ശ്വാസം നേരെ വീണത്... തോക്കേന്തിയ നിരവധി പട്ടാളക്കാരുടെ ഇടയിലൂടെ ഞങ്ങളുടെ വാഹനം പതിയെമുന്നോട്ട് നീങ്ങി.. ഇതോടെ ഒരു കാര്യമുറപ്പായി... പലരും ആഗ്രഹി



ച്ചിട്ടും പല കാരണങ്ങളാൽ നടക്കാതെപോയ നാഥുലാപാസ് വിസിറ്റ് എന്ന വലിയ സ്വപ്നം യാഥാർത്ഥ്യമാകാൻ പോവുകയാണ്... ഇനി വെറും ആറു കിലോമീറ്റർ!!! പർവ്വതത്തിന്റെ നെറുകയിലേക്കു വാഹനം കുതിക്കുകയാണ്. ക്യാമറകൾക്കും ഫോണിനും അടക്കം പല ഉപകരണങ്ങൾക്കും കനത്ത വിലക്കുള്ള പ്രദേശം 24 മണിക്കൂറും തോക്കിൻ കുഴലിൻ മുൻപിലുള്ള അതിമനോഹര പ്രദേശം കേട്ടും വായിച്ചും മാത്രം പരിചയമുള്ള നാഥുലാപാസ് അതാ ഞങ്ങൾക്ക് മുൻപിൽ... ഏതൊരു ഇന്ത്യക്കാരന്റെയും മനം കുളിർപ്പിക്കുന്ന ഇന്ത്യയുടെ ദേശീയപതാക – മൂവർണ്ണക്കൊടി വലിയൊരു കൊടിമരത്തിലായി ഉയർന്നുപാറുകയാണ്. കാഴ്ചയിൽ ഒറ്റയടിക്ക് മനസ്സിലാകാത്ത ഒരുപാട് ബങ്കറുകളുണ്ട് നമ്മുടെ രാജ്യാതിർത്തിക്കുള്ളിൽ. ആ ബങ്കറുകളിലെല്ലാം ഇന്ത്യൻ പട്ടാളക്കാർ രാപകലുകളില്ലാതെ ജാഗരൂകരായി ഇരിക്കുന്നുണ്ട്!!! വാഹനം നിർത്തുമ്പോൾ ഹിന്ദിയിലും ഇംഗ്ലീഷിലുമായി ഒരു പട്ടാളക്കാരൻ ഓർമ്മപ്പെടുത്തിയത് ക്യാമറയും ഫോണുമെല്ലാം വാഹനത്തിൽത്തന്നെ വെച്ചിട്ട് പുറത്തിറങ്ങണമെന്നാണ്. പതിയെ ഡോർ തുറന്നു ഞങ്ങളോരോരുത്തരായി ഇറങ്ങി. കൊടിയ തണുപ്പ് മൈനസ് നാലാണെന്ന് ആരോ പറയുന്നത് കേട്ടു. മൈനസ് 16 ആയിരുന്നത്രേ ഒരാഴ്ച മുൻപത്തെ താപനില. സ്വെറ്ററും ജാക്കറ്റും ഗ്ലൗസും ഷൂസും തുടങ്ങി എല്ലാം വാരിപ്പുതച്ചിട്ടും തണുപ്പ് അരിച്ച് കേറുകയാണ്. ഗ്ലൗസിനുള്ളിലെ കൈപ്പത്തികൾ മരവിച്ച അവസ്ഥയിലും... ഞങ്ങൾക്ക് മുൻപേ എത്തിയവർ പതിയേ സ്റ്റെപ്പുകൾ കയറിത്തുടങ്ങിയിട്ടുണ്ട്... രണ്ടടി നടക്കുമ്പോഴേക്കും



കിതച്ചു. ശ്വാസം കിട്ടാത്ത അവസ്ഥ!! സ്റ്റെപ്പുകൾ കയറിത്തുടങ്ങി. നിറയെ പട്ടാളക്കാരുണ്ട്... ദീർഘശ്വാസമെടുത്ത് സമയമെടുത്ത് കയറാൻ ബെറിൻ സാർ ഇടയ്ക്കിടെ ഓർമ്മിപ്പിക്കുന്നുണ്ട്... സ്റ്റെപ്പുകളിൽ പലയിടത്തായി മുൻപേ കയറിയവർ മുകളിലേക്കു കയറാനാവാതെ കിതച്ചിരിക്കുന്നുണ്ട്. ശ്വാസമെടുക്കാനാവാതിരുന്നാൽ ഏതു ബലവാനും ദുർബലനാകുമെന്നതാണു സത്യം... തല ചുറ്റലും കനത്ത കിതപ്പും കാരണം ഞാനും ഇരുന്നു... പിന്നെയും വേച്ചു വേച്ചു മുകളിലോട്ട് മുകളിലെത്താൻ നേരത്താണു മെഡിക്കൽ കമ്മിറ്റിക്കാരായ ജസീലും പിന്നെ മുഖമടക്കം പൊതിഞ്ഞ ആരൊക്കെയോ രണ്ട് പേർ ചേർന്ന് ഒരാളെ താഴേക്ക് താങ്ങിപ്പിടിച്ചുകൊണ്ടു വരുന്നുണ്ട്. ഒരാൾക്ക് ഒറ്റയ്ക്ക് നടക്കാൻ തന്നെ ബുദ്ധിമുട്ടുള്ളിടത്ത് ജസീലൊക്കെ പയർ മണിപോലെ ഓടി നടക്കുന്നത് കണ്ടപ്പോൾ സത്യം പറഞ്ഞാൽ അസൂയ തോന്നിയ നിമിഷമായിരുന്നു... ശ്വാസമെടുക്കാനാവാതെ കിതച്ചു തല ചുറ്റി വീണ ശംഭുവിനെ (ഹംന) താഴേക്ക് വലിച്ചു കൊണ്ടു പോവുകയാണ് കൊടിയ തണുപ്പിലും ഐസാകാതെ കണ്ണുനീർ വരുന്നുണ്ടത്രേ... ഇടയ്ക്കിടെ അറിയാവുന്ന ഹിന്ദിയിൽ ... എന്നാലും ശ്വാസം കിട്ടാതെ എന്തൊക്കെയുണ്ടായിട്ട് എന്തു കാര്യം!!

ഇനി ചരിത്രം പിറക്കുകയാണ്. ചന്ദ്രോപരിതലത്തിൽ നീൽ ആംസ്ട്രോങ് കാൽ കുത്തിയതുപോലെ നാഥുലാപാസിൽ 15000 അടിക്കു മുകളിൽ ഇന്ത്യ – ചൈന അതിർത്തിയിൽ ഞങ്ങൾ 73 പേർ കാൽ പാദം പതിപ്പിക്കുകയാണ്. ശ്വാസം കിട്ടുന്നില്ലെങ്കിലും എല്ലാവരുടെയും മുഖം പ്രസന്നമാണ്. ഒന്നു കൈ നീട്ടിപ്പിടിച്ചാൽ അപ്പുറത്ത് ചൈനയാണ്! മുൾവേലിക്കരികെ നിൽക്കുന്ന സിങ്കം സിനിമയിലെ സൂര്യയെപ്പോലെ കൊമ്പൻമീശക്കാരനായ ബൽവീന്ദർ സിംഗ് എന്ന പട്ടാളക്കാരൻ കാര്യങ്ങൾ വിശദീകരിച്ചുതന്നു... ചൈനയുടെ പ്രദേശത്ത് നിർമ്മിച്ചിട്ടുള്ള ചെറിയൊരു ബിൽഡിംഗിൽ അവരുടെ ദേശീയപതാക പാറിക്കളിക്കുന്നുണ്ട് അവരുടെ നിരീക്ഷണ കേന്ദ്രങ്ങളിലെ പട്ടാളക്കാരും പരിസരം കൃത്യമായി വീക്ഷിക്കുന്നുണ്ട്... ഏതൊരു ഇന്ത്യക്കാരന്റെയും മനസ്സിൽ ഭാരത് മാതാ കീ ജയ് എന്ന് ഉറക്കെ വിളിക്കാൻ തോന്നിപ്പോകുന്ന നിമിഷങ്ങൾ... കനത്ത മഞ്ഞ് ആവശ്യത്തിന് ഓക്സിജൻ പോലുമില്ലാത്തിടത്ത് രാജ്യത്തിന്റെ അതിർത്തി കാക്കാൻ അരയും തലയും മുറുക്കി മുന്നിട്ടു വന്നവർ നാമിവിടെ സുഖമായി ജീവിക്കുന്നുണ്ടെങ്കിൽ അതെല്ലാം അതിർത്തിയിലെ പട്ടാളക്കാരുടെ ത്യാഗം ഒന്നുകൊണ്ടു മാത്രമാണ്. തൊട്ടപ്പുറത്ത് മുൾവേലിക്കപ്പുറത്തുനിന്ന് ഒരു ചൈനീസ് പട്ടാളക്കാരൻ ക്യാമറയിൽ ഞങ്ങളുടെ ചിത്രം പകർത്തിക്കൊണ്ടേയിരുന്നു. ഒരിക്കലും നടക്കില്ലെന്നുറപ്പിച്ച നാഥുലാ പാസ് സന്ദർശനവും യാഥാർത്ഥ്യമായി. ശ്വാസം കിട്ടാതെ തല കറങ്ങി വീഴുന്നവരെ വാഹനങ്ങളിലേക്കു കൊണ്ടുപോയിക്കൊണ്ടിരിക്കുകയാണ് മെഡിക്കൽ കമ്മിറ്റിക്കാരും അല്ലാത്തവരും. ഓരോ പട്ടാളക്കാരനും നന്ദി പറഞ്ഞ് താഴേക്ക് ഇറങ്ങുമ്പോഴും മനസ്സിൽ പറഞ്ഞറിയിക്കാനാവാത്ത അത്ര സന്തോഷമായിരുന്നു. അതിനെക്കാളുപരി രാജ്യം കാക്കുന്ന പട്ടാളക്കാരോടുള്ള സ്നേഹവും ബഹുമാനവും... നാഥുലാ പാസ് സന്ദർശിച്ചവർക്കുള്ള സർട്ടിഫിക്കറ്റും വാങ്ങി തിരിച്ചുനടക്കുമ്പോൾ 1962 ലെ യുദ്ധത്തിലും മറ്റുമായി രക്തസാക്ഷികളായ ധീരജവാന്മാരുടെ ധൈര്യവും ത്യാഗവും രാജ്യസ്നേഹവുമായിരുന്നു മനസ്സ് നിറയെ...

# SPACE

Author : **Aravind R.** (Audra'18)
Artist : **Harsheena** (Audra'18)

The skyline of Manhattan simmered in lights from where he looked, it reflected on his face leaving splotches of darkness. The room he stayed in was dimly lit, set according to his mood. He slowly drifted apart from the sprawling view to his palatial suite.

The room was empty except for him and the dozens of articles that the room boasted off. He quickly settled in his chair and took up a photograph. The inspection created both a strong sense of belongingness and extreme sadness, a sadness which was deep and profound.

He gently tilted his head to take in the surroundings, he found things and empty spaces between them. He looked at the chair, neat and boasting of the best in leather, the best money can buy.

He looked at his wardrobe, made from mahogany, housing his clothing, his exquisite collection that made even the affluent of the affluent jealous.

He then slowly returned his head to the photograph, the smiling faces imprinted forever both in his mind and in the photo. The faces that he sacrificed. The faces that he yearned would fill up the space. The spaces between the chairs, the wardrobes and his heart. The void, those chairs and wardrobes have created or perhaps that he has created for them.

Now they will not return. In search of filling up the space in his palace, he didn't find time. He filled up the space but sadly it was filled by things. Things which were devoid of emotion, devoid of life.A vacuum that sucked him in, each and every minute.



# On Walkaholics

Author : **Dr. Meera V. Menon** (Dept. of Agronomy)
Artist : **Jaseel R.** (Gagnants'15)



It was a cool morning in December and I was sitting on the small balcony of my daughter's third floor flat in Mumbai. Immediately below me was a delightful view- that of a well laid out park, with palms and flowering bushes arranged tastefully on an emerald green lawn. It was enclosed by a rectangular path, and beyond that were colourful swings, slides and see saws of various sizes, meant for the children of the neighbourhood. It was a sight to gladden the eye, but it was not on these that my gaze was fixed, I was totally mesmerized by the rapidly moving mass of humanity on the path, who were all, seemingly, moving after some invisible treasure just beyond their grasp. It was a sight I had been witnessing since the first day of my visit: that of the average Mumbaite enjoying (or undergoing) his morning walk.

Walking for exercise is not unknown in Kerala, and I know of several people doing this routinely. However, barring a few fitness freaks, the majority of the walkers had been ordered by their doctors to walk for their diabetes, blood pressure, heart or obesity. But in Mumbai, even six year olds are seen skipping merrily beside their older siblings, parents and grandparents as they determinedly pursued their routine. Some of the walkers moved sedately, while others hurled their bodies forward at breakneck speed, with straight shoulders and swinging arms. A few sweet old grannies, with their saris draped in Maharashtrian style, tottered along gossiping, while teenaged girls in multi-coloured leggings glided stylishly past them, their hair in high pony tails swinging rhythmically to their strides.

You also couldn't miss the muscled young men, who periodically left the path to do push ups, sit ups and other contortions and gyrations on the grass. Though I was awestruck and open mouthed on beholding this scene in the beginning, I gradually grew used to it, and watching the morning walkers along with my morning cup of coffee became a daily pastime.

This obsessive exercise began at 5 o'clock every morning with a group of quite old men and women standing in a circle doing their routine workout. This consisted of stretching and bending, clapping and hollering,finally culminating in forced, almost hysterical laughter, which was the signal for me to take my seat on the balcony to wait for the first of the walkers. I learnt that the exercisers and morning walkers were a regular feature in Mumbai, and our park was a typical representation. Only the monsoon deterred these health conscious folk from taking their daily walk, and even then, you could see a few die hards in plastic raincoats or with flimsy umbrellas, ready to brave the elementsto meet their regular quota!

After my visit I returned home to Kerala tothe spectacle of 'India running'. Marathons and half marathons with celebrity participants were regular items in newspapers, and the television was filled with sights of people running for some mission or the other. It lit a spark in me. 'Look at all these people', an inner voice said, 'walking and running and enjoying themselves and being healthy, and look at you, you lazy lump, you can't even collect the daily newspaper from the front gate without wheezing'. I recollected, shamefully, how climbing the two floors to my office room left me gasping for breath, and then and there I decided that it was TIME TO DO SOMETHING.

I resolved to accompany my husband on his morning walk – he had reached the critical point I was at years back and practised a regular walking regime. I set out one day early in the morning, fired with enthusiasm, and matched him step for step. But alas! this furious pace was not for me, and within minutes my lungs were screaming for oxygen and I had developed a stitch in my side. I had to fall back, while he went on, grinning fiendishly. At a much slackened speed, I persevered heroically and managed to get home in one piece. I was rewarded with aching and stiff muscles that evening, so much so that I almost gave up my resolve. It was only the knowing looks and smirks on the faces of my so loving family that spurred me on and found me, grimly determined, again on the road the next morning.

A week later I was more optimistic. I had found my rhythm and my muscles had stopped protesting. I was beginning to enjoy the walk and had begun looking around (earlier I could only see an all-encompassing grey mist as I concentrated on putting one foot in front of another). Fellow walkers began to catch my notice. There was one old couple, well into their eighties, who held hands while slowly meandering along. They would stop every few minutes and smile at the fitter folks who raced past them. There was one middle aged gentleman in a track suit who seemed to attract all the stray dogs in the vicinity, necessitating his arming himself with a stout stick. There were one or two athletic types, rigged out in sportswear, whose effortless strides ate up the miles. And there were a few beginners like me, who slowly increased the distance covered each day by dint of determination and will power alone.

The neighbourhood too, became more familiar to me day by day. The huge bulldog in one home, the beautiful garden in front of another, the old man who would sit on a stool in the courtyard brushing his teeth while he watched the road, the kingfisher who would always be sitting on the same post beside the canal looking out for his breakfast, all these and other visions became embedded in my mind. On fortunate day, a car stopped by the roadside and a young nubile girl got out, did a few stretches and got back in before it drove off again. I couldn't believe my eyes, for the girl was none other the beautiful heroine of the trending serial show that all my friends watched on television every evening! Let me tell you, I was quite a heroine myself among them for a week. Then the novelty wore off.

Other sights of more practical importance were also thrust on me. Posters and signboards, which usually went unheeded when I passed by in my car, now were scrupulously read and digested. I got to know more about the specialities in local eateries, where I could buy a pedigreed pup or get my sewing machine repaired, most importantly, where I could get fresh 'vellyappams' for breakfast when visitors descended unexpectedly. The changing faces of political leaders became very familiar. Flex boards used to announce deaths in the locality also frequently caught my eye. While earlier these were just more plastic wastes being added to the already polluted environment, now I would read the name and scan the features questioningly, sometimes recognizing the face, always wondering – what had this person's life been like? Was he mourned and would his memory live in his dear ones' minds? Or would he depart without a trace, without causing even a ripple in the ever flowing stream of life?


I would love to end these philosophical ruminations with the vision of me as an energised, fit, ready-for-anything person but I'm sorry to say that this was not the case. One month after I began my walking programme, the monsoon began. The heavens opened up, the landscape was completely drenched, and the roads became rushing rivers of mud. All the regular waterways were plugged by tonnes of waste (mostly plastic), and walking became an activity full of risk.My resolutions were washed awayand it was with relief that I gave up the morning ritual, which had been drastically reducing the already minimal time I spent in the kitchen and on household chores. Also, I was sad to see that there was no discernible impact on flab.

I now restrict my exertions to caring for the fitness freaks in my home. I minister to the one who was bitten by a dog, I sew the torn jeans of another who fell into a ditch when his attention was diverted by a couple of pretty girls, and I assuage the hunger and thirst of the weary walkers. I've just served hot tea and steaming 'idlis' to my thoroughly soaked and bad tempered husband, who's returned from his walk in a deluge of rain. After all, caring for the walkers is as important as the walking itself.

# വിൻസെന്റ് വില്യം വാൻഗോഗ്

# ഭ്രമാത്മകതയുടെ ചിത്രകാരൻ

എഴുത്ത് : അരുണിമ (Audra'18)
വര : അക്ഷയ് കുമാർ (Gagnants'15)




"എന്റെ ചിത്രങ്ങൾ വിറ്റുപോവുന്നില്ല എന്ന വസ്തുത ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ. ഒരു കാലം വരും എന്റെ ചിത്രങ്ങൾക്ക് അവയിലുപയോഗിച്ചിരിക്കുന്ന ചായങ്ങളെക്കാൾ വിലയുണ്ടെന്നു മനുഷ്യൻ തിരിച്ചറിയുന്ന കാലം."

എല്ലാകഥകളും ഒടുവിൽ മരണത്തിലവസാനിക്കുന്നു. എന്നാൽ, മരണത്തിനും വായ്ക്കാനാവാത്ത നിറങ്ങൾക്കും ജീവൻ നൽകിയ അപൂർവ്വവ്യക്തിയാണ് വിൻസെന്റ് വില്യം വാൻഗോഗ്. വരയിലും ജീവിതത്തിലും വ്യത്യസ്തത പുലർത്തിയ ഈ ഡച്ച് ചിത്രകാരൻ യൂറോപ്യൻ ചിത്രകലയുടെ ചരിത്രത്തിൽ നിർണ്ണായക സ്വാധീനമാണു ചെലുത്തിയത്. വാൻഗോഗ് ചിത്രങ്ങളുടെ വൈകാരികതയും വർണ്ണവൈവിധ്യവും ഇരുപതാം നൂറ്റാണ്ടിലെ പാശ്ചാത്യകലയിൽ നിറഞ്ഞുകാണാം.

നിശ്ശബ്ദനും ഗൗരവമനോഭാവക്കാരനുമായ വാൻഗോഗ് തന്റെ ബാല്യകാലത്ത് വിജനമായ പാതകളിലൂടെ ഏകാന്തനായി സഞ്ചരിക്കുമായിരുന്നു. തന്റെ കുട്ടിക്കാലം ഉദാസീനത നിറഞ്ഞതും ശൂന്യവുമായിരുന്നെന്ന് അദ്ദേഹം തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അമ്മയുടെ പ്രചോദനത്താൽ കൗമാരത്തിന്റെ ആദ്യദശയിൽതന്നെ അദ്ദേഹം ചിത്രംവരയ്ക്കുവാൻ തുടങ്ങി. ജീവിതാവസാനം വരെ അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്ത് സഹോദരൻ തിയോ മാത്രമായിരുന്നു. മരണാനന്തരം ഇരുവരെയും ഒരു കല്ലറയിലാണ് മറവുചെയ്തത്. ആർക്കും പിടിതരാതെ അജ്ഞാതനായി നടന്നിരുന്ന വാൻഗോഗിന്റെ ജീവിതരഹസ്യങ്ങൾ പിന്നീട് ലോകമറിഞ്ഞത് അദ്ദേഹം തിയോവിനയച്ച കത്തുകളിലൂടെയാണ്. തന്റെ ജീവിതകാലം മുഴുവൻ ഉത്കണ്ഠയും മാനസികാസ്വാസ്ഥ്യവും നേരിടേണ്ടി വന്ന അദ്ദേഹം ചിത്രകലയെയാണ് തന്റെ ആശ്വാസത്തിനുള്ള ഉപാധിയായി കണ്ടെത്തിയത്.

വിചിത്രങ്ങളായ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയ വാൻഗോഗ് പാതിരിയുടെ വേഷവും അണിഞ്ഞിരുന്നു. എന്നാൽ കേവലം മതപ്രചാരണത്തിനപ്പുറം മനുഷ്യസ്നേഹത്തിലും കരുണയിലുമാണ് അദ്ദേഹം നിലകൊണ്ടത്. കൂടാതെ 'ഇംപ്രഷനിസ്റ്റ്' സിദ്ധാന്തങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ നന്നേ സ്വാധീനം ചെലുത്തിയിരുന്നു. അദ്ദേഹം തന്റെ ജീവിതത്തെ വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ്: "എന്നിലെ ദുഃഖങ്ങളെല്ലാം എന്റെ അന്ത്യംവരെയുമുണ്ടാകും."



വാൻഗോഗിന്റെ ചിത്രങ്ങളിൽ പലതും പ്രസന്നതയില്ലാത്തവയാണെങ്കിലും, അവ പൂർണ്ണമായും ശുഭാപ്തിവിശ്വാസം നിറഞ്ഞവയായിരുന്നു. യാഥാർത്ഥ്യത്തിന്റെയും സാങ്കല്പികതയുടെയും സമ്മിശ്രമായ 'Sir realism' എന്ന മാസ്മരികത തന്നെയാണ് അദ്ദേഹത്തിന്റെ നിറങ്ങളിലെ സവിശേഷത.

തന്റെ 37 വർഷത്തെ ജീവിതത്തിൽ അവസാനത്തെ പത്തു വർഷങ്ങൾ മാത്രമാണ് കാര്യമായി വാൻഗോഗ് ചിത്രങ്ങൾ വരച്ചത്. എന്നാൽ, ഈയൊരു കാലയളവിൽത്തന്നെ 800 – ലധികം കാൻവാസുകളിൽ ഭ്രാന്തിന്റെയും ഉന്മാദത്തിന്റെയും പ്രതീക്ഷകളുടെ യും വർണ്ണങ്ങൾ ചാലിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അതോടൊപ്പം 'പോയിന്റിലിസം' എന്ന പുതിയ ആവിഷ്കാര രീതിക്കു തുടക്കം കുറിച്ചതും അദ്ദേഹം തന്നെ.

1885 ൽ വരച്ച 'Potato eaters' എന്ന ചിത്രം ഡച്ച് കർഷക ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളെ വെളിപ്പെടുത്തുന്നതിനോടൊപ്പം ഏതു കുടിലിലും ചിത്രങ്ങൾ കണ്ടെത്തുവാനുള്ള വാൻഗോഗിന്റെ കഴിവിനെയാണ് സൂചിപ്പിക്കുന്നത്. അതിനാൽ ഈ ചിത്രം വാൻഗോഗിന്റെ "Dark Master piece' എന്നാണ് അറിയപ്പെടുന്നത്.

1889 ൽ പുറത്തിറങ്ങിയ 'Stary night' തന്റെ മരണത്തിന് ഒരു വർഷം മുൻപ് സെയിന്റ് റെമിയിലെ ശരണാലയത്തിൽ താമസിക്കുമ്പോഴാണ് അദ്ദേഹം വരച്ചത്. രാത്രി പകലിനെക്കാൾ ജീവസുറ്റതും വർണ്ണഭരിതവുമാണെന്ന് അദ്ദേഹം ഇതിലൂടെ വരച്ചുകാട്ടി മനുഷ്യന്റെ അവസാനത്തെ യാത്ര നക്ഷത്രങ്ങളിലേക്കാണെന്നുള്ള വ്യാഖ്യാനവും ഇവിടെ തെളിയുന്നുണ്ട്.

അദ്ദേഹത്തിന്റെ ലോകപ്രശസ്തി നേടിയ പല ചിത്രങ്ങളും self portrait ചിത്രങ്ങളായിരുന്നു. അതിൽ ചെവിമുറിഞ്ഞ 'Vangogh self portrait ' എടുത്തു പറയേണ്ട ഒന്നാണ്. ഉന്മാദത്തിന്റെ പാരമ്യത്തിൽ വാൻഗോഗ് തന്റെ ഇടതുചെവിയുടെ കീഴ്ഭാഗം മുറിച്ചുമാറ്റുകയും തുടർന്ന് ചെവി പൊതിഞ്ഞെടുത്ത് തൊട്ടടുത്തുള്ള വേശ്യാലയത്തിലെ വേശ്യയ്ക്ക് സമ്മാനിച്ചതായും പറയപ്പെടുന്നു. പിന്നീട്, വിഷാദത്താലും മതിഭ്രമത്താലും മാറി മാറി ആക്രമിക്കപ്പെട്ട വാൻഗോഗിന് തന്റെ വരയ്ക്കുവാനുള്ള കഴിവ് നാൾക്കുനാൾ നഷ്ടപ്പെടുകയായിരുന്നു.

അതിനുശേഷമുള്ള നീണ്ട നിശ്ശബ്ദമായ മാസങ്ങൾ അത്യാനന്ദത്തിന്റെ കഠിനമായ കാഴ്ചകൾക്ക് അറുതി വരുത്തി. 1890 ജൂലൈ 27 ന് വാൻഗോഗിന്റെ 37–ാം വയസ്സിൽ തോക്കുപയോഗിച്ച് തന്റെ ഹൃദയത്തിലേക്ക് അദ്ദേഹം സ്വയം വെടിയുതിർത്തു എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മരണത്തിനുശേഷം വാൻഗോഗ് ചിത്രങ്ങളുടെ പ്രസക്തിനാൾക്കുനാൾ വർധിക്കുകയായിരുന്നു. ഓരോ തലമുറകൾക്കും അദ്ദേഹത്തിന്റെ വരകൾ ആഴമറ്റ പ്രചോദനം നൽകി. നിറഞ്ഞ വൈഷമ്യങ്ങളിൽനിന്നും ഊർജ്ജസ്വലതയോടെ ഉയിർത്തെഴുന്നേല്ക്കുവാനുള്ള മനുഷ്യന്റെ കഴിവിനെയാണ് അദ്ദേഹം തന്റെ ജീവിതത്തിലൂടെ വരച്ചുകാട്ടിയത്.



# Out of the Woods

Author : **Anjali V. A.** (MSc. Plant Pathology)
Artist : **Sana Abdul Samad** (Gagnants'15)



"Walking through the woods on a moonlit night", she read. As she read, she thought how it would be like to walk, to walk alone through the woods guided by moonlight alone: Reading, it was the only thing that she did this summer and she doesn't regret it. Why should she? When girls of her age chose camps, had parties, went for movies and dates, she chose to read and she considered satisfied with that (or was she really?)

She considered herself an introvert, well not exactly an introvert but she can't tolerate social drama. And so she spent every minute of her life reading. But somewhere in between she wished to have a friend someone with whom she can talk, can share her feelings, someone with whom she can go out with and more over someone who will respond to her than the books with printed lines on. But she had none. Her world included herself with an umpteen number of books and in four days, the school will reopen. And again the monotonous life, each morning getting ready, going and coming back. And somewhere inside she hoped this year would be different.

That morning seemed no different. The same bus, the same awkard remarks and comments and the same classrooms. Her class was technically divided into different gangs of which one she liked and tried to get into, but was denied, and she gave up after that, stupid venture of making friends. She was alright, all alone, she had her books to escape into, and what else did she want isn't it?

"Excuse me, where can I get the textbooks from?" She was pulled back from her thoughts with this question At first she thought she was dreaming, but there was this boy asking her a question. Even though she stumbled with answer, she answered him. It seems he was a new student, new in town, and has been tragically stuck in the seat next to her, she thought. But she didn't imagine, never even thought that her life was going to change that very same moment and ofcourse everthing else.

Sam, who sat next to her talked and he had really talked to her. At first she was reluctant, she wasn't used to talking but there was something in him that made her reply to all his questions. And soon, coming to school was the most best thing in her life. Now, she thought how she had a friend, a person who talks, and listens to her. One day, while having lunch, Sam asked, how come you have been studying in this school for year and still no friends, I haven't noticed anyone talking to you and you neither talk to them. And then she told, how monotonous her life was, how she indulged herself into books, her futile attempts in making friends and so on. He listened, ofcourse. Sam listened always and at the end he asked a single question 'Have you ever really tried to make friends, let alone have you really tried talking to anyone. Even when I came for the first time, it was a bit difficult to make you talk, but I was determined to make you talk. Saying these, he went quiet and he was waiting for her reply. But she had none because she was thinking, thinking hard to find an answer to his questions.

3 months later...

She was busy, she was inviting her friends over to dinner and tomorrow is going to be a big day. Tomorrow she's going to publish her first book, a book of short stories and all the credit goes to her friends, who found those stories, hidden in her cupboard and encouraged her, who persisted her to share it, let others know your writings. That was what 'they' said. Yes 'they'. She had a couple of friends now. After that day, that single question put forth by Sam, she thought and she did make an effort. Coupled with Sam's help, she talked to people she mingled and it was them she reclined, a little effort was that all needed. And overall, it was Sam, it was that act of kindness , that effort he took, that determination and persistence that changed her life. She even now doesn't know why, but it was that which made all the difference.

Now after the dinner, her little cousin came around and asked why don't you read like earlier ? When I came last year, you were sitting your head immersed in a book; But now where are your books?

She smiled at that, even though the question was a rebuke. She smiled at it. And she replied. Ofcourse I read book, but not everytime. Because now for me reality in better than fantasy I found in books and now I spend more time here in the real world with all you guys.

# കോലം


എഴുത്ത് : ആര്യകൃഷ്ണ കെ. ജി. (Dept. Agri. Extension)
വര : നേഹ മറിയം (Advaya'17)

റോഡരികെ
നിഴൽചാഞ്ഞ വക്കിലിരുന്നു ഞാൻ,
കഴുത്തിൽ മുറുക്കിയ
കറുത്ത തിരിക്കു തീവച്ചു

അടുത്തുടൊഴുകിയ ചാലിന്റെ നേർവരമ്പിൽ
അവരുടെ ഛർദ്ദി തികട്ടിക്കിടന്നു

പുകക്കുമ്പിളിലെ ജീവശ്വാസം
എന്നിലെ ബീഡിക്കറുപ്പിനും
അവളുടെ ചുണ്ടിലെ വിതുമ്പലിനുമിടയ്ക്ക്
കണ്ണുതുറിച്ചു ചത്തു.

നാവുവിലങ്ങി,
ചോരചുവച്ച എന്നെ
അവരാ വൈക്കോൽക്കൂനയുടെ
വിയർപ്പിൽ തറച്ചു



# INSIDE MY BURQA



Author : **Fathima Nishin** (Gagnants'15)
Artist : **Sibin K.** (Gagnants'15)

You call me a woman;
A woman defined by the
popular perception of beauty.
A mere woman, considered
to be imbecile.
But, within me resides,
a reader, a writer, a poet, a lover
an overthinker, still pragmatic.
I may have a multitude of emotions
Always commiserating over the sorrows
Yet, I am optimistic.
You will never know that cajoling
me inside my dark burqa.
For the progressive, they demand
uncovered classy look through the
curves of a woman's body.
and yet imperfect

I am neither a precious emerald
covered in silk,
nor any man's insecure honour.
It's not just a fig's leaf
But the unaccepted path to freedom and wisdom
Yeah...!!
Covering my head doesn't mean

I have a static brain.

And I am still a woman defined well
And I wanted to be a verdict;
as I chose to write.

മുദ്രാവാക്യങ്ങൾക്ക് കനം കുറഞ്ഞിരിക്കുന്നു.

യലച്ചോറിലും ചുവരിലും കവിതയും വിപ്ലവവും ആവേശവും

കെട്ടുതുടങ്ങിയിരിക്കുന്നു. നെരൂദയും ചുള്ളിക്കാടും

ചെയ്ത ഇടങ്ങളിന്ന് ചങ്ങലപ്പൂട്ടുകളിലായിരിക്കുന്നു...


അതിവിദഗ്ധമായി എല്ലാ കലാലയങ്ങൾക്കും മൂക്കുകയറിട്ടതാരാണ്...

ഞാനോ... നീയോ അതോ അവരോ?? !!! ക്ഷുഭിത യൗവ്വനങ്ങൾക്ക്

കാതോർത്തിരിക്കുന്ന ഇടനാഴികൾ ഇപ്പോഴും ഉണ്ടാവില്ലേ

ഓരോ ക്യാമ്പസുകൾക്കും






# ഞങ്ങളുടെ

# ജി. ടി. സാർ

എഴുത്ത് : മുഹമ്മദ് അനീസ് (Gagnants'15)
വര : സിബിൻ കെ. (Gagnants'15)

ഹോർട്ടികൾച്ചർ കോളജിന്റെ തലവൻ, അഥവാ അസോസിയേറ്റ് ഡീൻ... 2015 ൽ കാമ്പസിലെത്തിയതിനുശേഷം അന്നത്തെ ഞങ്ങളുടെ ഡീൻ കോശി സാറും പിന്നീട് വന്ന മെയ്സിക്കുട്ടി മിസ്സും കളമൊഴിഞ്ഞു... ശേഷം ഹോർട്ടിയുടെ അധിപനായി സ്ഥാനമേറ്റെടുത്തത് ജി.ടി. സാറായിരുന്നു. അതായത് മികച്ച അക്കാഡമിഷ്യനും നല്ലൊരു വാഗ്മിയും, അറിയപ്പെടുന്ന എഴുത്തുകാരനും സർവോപരി കോളജിലെ അഗ്രോണമി വിഭാഗത്തിന്റെ തലവനും കൂടിയായ ഡോ. സി. ജോർജ്ജ് തോമസ് സാർ... പിന്നീട് ഹോർട്ടി കണ്ടത് അതുവരെയുണ്ടായിരുന്ന മുഴുവൻ രീതികളെയും പൊളിച്ചെഴുതിയ ഒരു പുരോഗമന വാദിയായ ഡീനിന്റെ ഉദയമായിരുന്നു... അതിലൊന്ന്, അപ്രസക്തമായ ഒരു ബോർഡായിരുന്നു... ഡീനിന്റെ റൂമിന്റെ വാതിലിനു മുന്നിൽ ആണിയടിച്ചു വെച്ച ഒരു പച്ച ബോർഡ്. അതിലിങ്ങനെ എഴുതിയിട്ടുണ്ട് 'സന്ദർശന സമയം 3-5 pm' അഥവാ സാധാരണ ഗതിയിൽ ഡീനിനെ വിദ്യാർത്ഥികളടക്കമുള്ളവർക്ക് എന്താവശ്യത്തിനും സന്ദർശിക്കാനുള്ള സമയം വൈകിട്ട് 3 മുതൽ 5 മണി വരെയെന്നാണ് വെപ്പ്. എന്നാൽ സാർ റൂമിനകത്തുള്ള ഏതു സമയത്തും ആർക്കുവേണമെങ്കിലും എപ്പോഴും കയറിച്ചെല്ലാമെന്ന നിലയിലേക്ക് ആ മുറിയുടെ വാതിലുകൾ തുറക്കപ്പെട്ടു. അതിനിടയിൽ ലഞ്ചിനുള്ള ബ്രേക്ക് പോലും ജി.ടി.സാർ മറക്കാറുണ്ടായിരുന്നു എന്നതാണ് വാസ്തവം. കോളജ് യൂണിയൻ നേതൃത്വത്തിലിരിക്കുമ്പോഴാണ് കോളേജ് യൂണിയൻ ഭാരവാഹികളും ഡീനും തമ്മിലുള്ള ബന്ധത്തിന്റെ ആഴം മനസ്സിലാവുന്നത് എന്നുവേണമെങ്കിൽ പറയാം. സ്റ്റുഡന്റ്സ് യൂണിയന്റെ ഓരോ പരിപാടിക്ക് വേണ്ടിയും ക്ലാസ്സ് അഡ്ജസ്റ്റ് ചെയ്യാനും പരിപാടിക്ക് പെർമിഷൻ വാങ്ങാനുമായി ഡീനിന്റെ മുറിക്ക് മുമ്പിലിരുന്ന് ടെൻഷൻ അടിച്ച് അതിനകത്തേക്ക് കയറുമ്പോൾ പുഞ്ചിരിയോടെ കിട്ടുന്ന പോസിറ്റീവ് ആയിട്ടുള്ള മറുപടിയെ എങ്ങനെ വിശദീകരിക്കണമെന്ന് എനിക്കറിയില്ല. എല്ലായ്പ്പോഴും യൂണിവേഴ്സിറ്റിയിലെ മീറ്റിങ്ങുകളിൽ വിദ്യാർത്ഥി പക്ഷ നിലപാടെടുക്കാൻ ശക്തമായി വാദിക്കുന്ന ഞങ്ങളുടെ ജി.ടി.സാർ ഇന്ന് യൂണിവേഴ്സിറ്റിയിലെ ഏറ്റവും ജനപ്രീതിയാർജിച്ച അസ്സോസിയേറ്റ് ഡീൻ ആണെന്നതിൽ സംശയമില്ല. രാത്രി വൈകിയും കോളജിൽ നടക്കുന്ന യൂണിയൻ പരിപാടികൾ യൂണിയൻ ജനറൽ സെക്രട്ടറിക്ക് മിക്കപ്പോഴും ഭയങ്കര തലവേദനയാണുണ്ടാക്കാറുള്ളത്. വൈകിയ വേളയിൽ ടീച്ചേഴ്സിനെ ഉത്തരയിൽ തളച്ചിടുക എന്നത് ശ്രമകരമായ പരിപാടിയാണ്. എന്നാൽ ഓരോ യൂണിയൻ പ്രോഗ്രാമിലും ക്ഷമയോടെ അവസാനം വരെ എത്ര ഇരുട്ടിയാലും ഉത്തരയിലിരുന്ന് ആസ്വദിക്കുന്ന ജി.ടി.സാർ ഞങ്ങൾക്കെന്നും ഒരത്ഭുതമായിരുന്നു. ജി.ടി.സാർ ഈ വർഷം കാമ്പസ്സിൽ നിന്ന് പിരിഞ്ഞു പോകുമ്പോൾ മികച്ച നിലപാടുകളിലൂടെ ഹോർട്ടിയെ നയിച്ച നായകനെയാണ് ഹോർട്ടിക്ക് നഷ്ടമാകുന്നത്. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ച് അവരുടെ ഹൃദയത്തിൽ ഇടം പിടിച്ച പ്രിയപ്പെട്ട ജി.ടി.സാറിന് ഒരായിരം സ്നേഹാശംസകൾ.

# കല്ലടയാളങ്ങൾ



കടന്നു പോയത് യുഗങ്ങളെന്നാലും അവയിന്നും അവശേഷിക്കുന്നു
മറന്നു വെച്ച മുറിപ്പാടുകളായ്...
വഴിതെറ്റി വന്നതല്ല വഴിവെട്ടി വന്നതാണ്
ഇന്നിന്റെ മനുഷ്യനെന്ന ഓർമ്മപെടുത്തലായ് ഗുഹാ പ്രതലങ്ങളിൽ...

അയാളുടെ കൈയിൽ കളിത്തോക്കുണ്ട്. നൂറിലധികം ഉറക്കഗുളികകളുണ്ട്. പതിനഞ്ചു മില്ലിലിറ്റർ വായു ഒരു സിറിഞ്ചിലാക്കി സ്വയം ധമനിയിൽ കയറ്റാനുള്ള സാങ്കേതിക ജ്ഞാനവുമുണ്ട്. പക്ഷേ, വളരെ പ്രാകൃതമായി മരിക്കാനാണ് അയാൾ ആഗ്രഹിച്ചത്. തൂങ്ങി മരിക്കുക.

'കഴുമേറി'
– പുനത്തിൽ കുഞ്ഞബ്ദുള്ള



*I will come to the point rather than starting with. "I don't know where to begin" or "how to begin" cliche. I am bored my dear, I am bored. That's all.*

*Since my phone shattered into pieces, I have been, well acting weird.*

*As you already know, my dear, I am a night owl. When the night is still young, the only thing that excites me is my creation. I just wanna do something for the sake of getting high. Just do it, you know? It's like relieving myself of an irritating itch where my hands cannot reach. And like many others, I have been taking my daily 'shots' of videos on YouTube, chatting with you, watching a movie or resort to my favorite of all-drawing. Now that my phone is dead, that nagging feel of the irritating itch has come back and is slowly engulfing me. Now, there is nothing to calm my mind, to get rid of the itch.*

*And that's when I thought of you.*

*It's the sole purpose of this letter.*

*To excite me.*


*The mere thought of sending a letter to you, sharing these thoughts excited me. The itch slowly faded. The rush of excitement that you will feel when you read the first few lines of this letter, just after thinking that it is not some ordinary official stuff- My God!! The confusion you will have!!*

*I must admit that this experience have been surreal. Drafting this letter during a boring lecture in the class room the very next moment after having this idea, has served its purpose of getting rid of the itch*
*I felt, as well as serve as an opportunity to kill time during the lecture.*

*Thank you for this experience.*

*Come to think of it, You are the lucky one who received an informal letter via post in 2019 rather than a lengthy whatsapp message.*

*Aren't you?*



# നീലേശ്വരത്തിന്റെ ഓർമ്മയ്ക്ക്

എഴുത്ത് : ലക്ഷ്മി സുരേഷ് (Gagnants'15)
വര : ശ്രീഷ എം. (Gagnants'15)




ശരിയാം, നീലേശ്വരത്തിന്റെ മുഴുവൻ ഭംഗിയും നിറഞ്ഞു നിൽക്കുമ്പോഴും നിങ്ങളുടെ നോവലിലെവിടൊക്കെയോ ഒരു സുന്ദരപ്രണയത്തിന്റെ അംശങ്ങൾ മണക്കുന്നു സത്യമെന്താണ്? നാടിനോടിത്രയും സ്നേഹം തോന്നാൻ അവിടെയെന്തെങ്കിലും ബാക്കി വച്ചുകൊണ്ടാണോ പോന്നത്. ടി.വി.ക്കാരന്റെ ആ ചോദ്യം അത്ര രസിച്ചില്ലെന്ന മട്ടിൽ മുഖം വാടിയപ്പോഴും അവളുടെ ചുണ്ടിൽ എവിടെയൊക്കെയോ അറിയാതെ ഒരു പുഞ്ചിരി പടർന്നു, അടക്കാനാവാതെ. ഇന്നലെ വൈകിട്ടത്തെ അവാർഡ് പ്രഖ്യാപനത്തിനുശേഷം ഇത് അഞ്ചാമത്തെ അഭിമുഖമാണ്. ആ കാരണം പറഞ്ഞ് ഷഹാന ഫാത്തിമ ചോദ്യത്തിൽ നിന്നൊഴിഞ്ഞുമാറി. അവരെ പറഞ്ഞയച്ച് യാത്രയ്ക്കൊരുങ്ങി പോണം... ഇതിപ്പോ കാലം കുറച്ചായിരിക്കുന്നു അങ്ങോട്ടേക്കൊന്ന് ചെന്നിട്ട്. ഒരു അഞ്ച് വർഷം. വിവാഹം കഴിഞ്ഞത്, എഴുത്തും ജോലിത്തിരക്കുമൊക്കെ ആയി എന്ന് കാരണം പറയാമെങ്കിലും. മനഃപൂർവ്വം വേണ്ടെന്ന് വച്ചത് തന്നെയാണ് ആ യാത്ര. ഒരിക്കൽ എഴുത്തുതന്നെ നിർത്തിയാലോന്ന് വിചാരിച്ചതാണ്. എഴുതുന്തോറും ഓർമ്മകൾ ശക്തിയോടെ തിരിച്ചെത്തുന്നു. പലതും ഓർക്കേണ്ടെന്ന് വിചാരിച്ചിട്ടുപോലും. എന്നാലും ഇന്നിനി ഒഴിവാക്കാൻ വയ്യ അവാർഡ് കിട്ടിയിരിക്കുന്നു. എന്റെ നാടിനെക്കുറിച്ച് എഴുതിയതിനു തന്നെ. അവിടെ ചെല്ലണം. അവിടത്തെ കാറ്റിനോടും മണ്ണിനോടും പറയണം, എന്നെ എഴുത്തുകാരിയാക്കിയതിന് കിട്ടിയതാണിതൊക്കെ എന്ന്. മനസ്സ് നിറഞ്ഞ സന്തോഷം മാത്രമായിരുന്നു അവൾക്ക്. എത്രയും പെട്ടെന്ന് കൂടണയാൻ വെമ്പുന്ന കിളിയെപ്പോലെ അവൾ യാത്ര തിരിച്ചു. 'ഇയ്യ് ബല്യ എയ്ത്ത്കാരി ആയിപ്പോയീന്ന് കേട്ടല്ലോ മോളേ.. ഉമ്മാനെ നബീസു ഒമ്മക്ക കാട്ടിത്തന്ന് പുസ്തകത്തിമ്മെ അന്റെ പടം. പൈങ്കിട്ട് ടിവിലും ഉണ്ടാർന്ന് സന്തോഷായി മോളേ..' ഖാദറിക്കയാണ്. ചെന്നെറങ്ങിയപ്പോഴേ ഇക്കയുടെ വാക്കുകൾ. പണ്ട് ഇക്കയുടെ കടത്തുതോണിയിൽ സ്കൂളിലേക്ക് പോകുമ്പോൾ വലിയ വാശിയായിരുന്നു എനിക്ക്. തോണിയുടെ വക്കം ചേർന്ന് തന്നെ ഇരിക്കണമെന്ന്. തന്റെ കുഞ്ഞിവിരലുകൾ തോണിക്കൊപ്പം വെള്ളത്തിൽ വരകളിട്ടു കടന്നുപോകുന്നത് അപ്പോഴും അവൾ കണ്ടു. പക്ഷെ കുഞ്ഞുവിനന്ന് പേടിയായിരുന്നു. തന്റെ ഉ[illegible]പോയ പുഴയുടെ ആഴങ്ങളെ അവന് വെറുപ്പായിരുന്നു. അതേ. അവൾ തന്റെ കുഞ്ഞുവിനെ ഓർത്തു. കളിക്കൂട്ടുകാരൻ. കൗമാരത്തിലെത്തിയപ്പോൾ അവൻ തനിക്ക് അതിലും അപ്പുറം

മറ്റെന്തൊക്കെയോ ആയി മാറിയിരുന്നു... തോണിയിറങ്ങി നേരെ പോയത് നബീസയെ കാണാനായിരുന്നു. ആ നാട്ടിൽ താൻ വീണ്ടും പാവാടയിട്ടോടിക്കളിക്കുന്ന കുഞ്ഞിപ്പാത്തു ആയത് അവളറിഞ്ഞു. വഴിയിലതാ നായരേട്ടന്റെ ചായക്കട. പണ്ട് സ്കൂളിൽ പോകുന്നതിനിടയ്ക്ക് താനും നബീസുവും ഇവിടെ മറഞ്ഞ് നിന്ന് നാട്ടിലെ പരദൂഷണങ്ങളൊക്കെ കേൾക്കുമായിരുന്നു. നായരേട്ടന്റെ ഏലയ്ക്ക ചേർന്ന ഒരു ചായ ഊതി ഊതിക്കുടിച്ചിട്ടേ അവിടന്ന് പോരാൻ തോന്നിയുള്ളൂ. ചെറിയൊരു മഴ പെയ്തു. അതൊന്ന് നനഞ്ഞിട്ടുതന്നെ. ഓരോ മഴയും ഓരോ ഓർമകളാണ്. ഇന്ന് തിരക്കിനിടയിൽ മഴ കൊണ്ടാൽ പനി പിടിക്കുമെന്ന പേടി മാത്രമാണല്ലോ എല്ലാവർക്കും. മഴവെള്ളം വീണ് നിറഞ്ഞ ചായ ഗ്ലാസ് തിരിച്ചു കൊടുത്ത് അവൾ നടന്നു. അതാ ഞങ്ങടെ ആനപ്പാറ. പണ്ടെത്ര വലിഞ്ഞ് കേറിയതാണ് അതിന്റെ പുറത്ത്. ഒന്നു കേറിയാലോ... ഇന്നും. കുന്നിനു മോളിൽനിന്ന് കാണണം ദൂരെ കൂകിപ്പായുന്ന തീവണ്ടിയും പാടങ്ങളുമൊക്കെ. അന്നൊക്കെ കുഞ്ഞുവു മുണ്ടായിരുന്നു. അവനോട് മത്സരിച്ചു കയറുമ്പോൾ ക്ഷീണം അറിഞ്ഞിരുന്നില്ല. ഒരു മാറ്റവുമില്ലല്ലോ ഇവിടം. ഇപ്പോഴും എല്ലാം പഴയതുപോലെതന്നെ. അവൾ കണ്ടു... അവിടെ കുറുമ്പു കാട്ടി നിൽക്കുന്ന കുഞ്ഞുവിനെയും പാത്തുനെയും.'കുഞ്ഞൂ... ഞാൻ മയ്യത്തായ ന്നെ ന്താ ചെയ്യാ നിങ്ങള്... 'നിന്നെ കത്തിക്കും' ചിരിച്ചുകൊണ്ടാണ് കുഞ്ഞു അത് പറഞ്ഞത്. 'ന്നിട്ടാ ചാരം എന്താക്കും?' അടുത്ത ചോദ്യം. 'ഞാനങ്ങ്തിന്നും അല്ലാ പിന്നെ' കുഞ്ഞുവിന് ദേഷ്യം വരുന്നുണ്ടായിരുന്നു. 'അയ്യോ വേണ്ടട്ടോ. ചത്താലും ഞാൻ പാത്തുവല്ലേ. നീയ് ഒരു കാര്യം ചെയ്യ്. ഒരു പിടി ചാരം എട്ത്ത്ട്ട് ഈ കുന്ന് കേറി വാ...' 'എന്നിട്ട്'... ഈ പൊട്ടത്തീടെ ഓരോ വർത്താനങ്ങള് എന്ന മട്ടിൽ കുഞ്ഞു ചോദിച്ചു. 'എന്നിട്ട് നീ മോളീന്ന്, നല്ല കാറ്റുള്ളപ്പോ ആ ചാരം അങ്ങ്ട് ഊതിപ്പറത്തിക്കള. ഒരു അപ്പൂപ്പൻതാടി പാറത്തിവിടണമാതിരി. എനിക്കിങ്ങനെ പറന്ന് നടക്കാലോ കൊറേ സ്ഥലത്ത്... കാണാത്ത ദുനിയാവൊക്കെ കാണാ..."ന്റെ പൊട്ടത്തി പാത്തൂ ഇയ്യ് കഞ്ചാവടിച്ച്ണ്ടോ...' കുഞ്ഞുവിന് ചിരിയടക്കാൻ പാട് പെടേണ്ടി വന്നു. ഒരു വിധത്തിൽ അവളുടെ കൈയ്യും പിടിച്ച് അവർ കുന്ന് ഓടിയിറങ്ങുന്നത് അവൾ നോക്കിക്കണ്ടു. നല്ല ആഗ്രഹമാണ്. ഞാൻ മരിച്ചാൽ അങ്ങനെ തന്നെ ചെയ്യണം. അവിടന്ന് ഇറങ്ങാൻ അവൾക്ക് തോന്നുന്നില്ലായിരുന്നു. മരിച്ചു കഴിഞ്ഞും ഈ കാറ്റിലങ്ങനെ പറന്ന് നടക്കണം. അവൾ ആഗ്രഹിച്ചു. കുഞ്ഞുവിനെ കണ്ടിട്ടേ മടങ്ങിപ്പോകൂ. കുന്നിറങ്ങുമ്പോൾ അവൾ ഉറപ്പിച്ചിരുന്നു. നബീസയുടെ വീടെത്തി. പണ്ട് ആവേശത്തോടെ കവച്ച് പാടിയിരുന്ന മുളപ്പടി മാറ്റിവച്ച് അവൾ ഉമ്മറത്തേക്ക് കയറി. 'നബീസോ...' ആദ്യ വിളിയിൽതന്നെ ഉള്ളിൽനിന്ന് നബീസ ഇറങ്ങി വന്നു. തന്റെ കുഞ്ഞിപ്പാത്തുവിനെ കണ്ടതും അവൾ ഓടി വന്ന് കെട്ടിപ്പിടിച്ചു.'ഞാൻ എന്തായീ കാണണേ നബീസോ അന്റെ വയറ് കൊള്ളാട്ടോ...' നബീസയുടെ നിറവയറിൽ ഒരു ഉമ്മ വച്ചുകൊണ്ട് അവൾ പറഞ്ഞു. 'മൂന്നാമത്തെയാടീ...' തൊട്ടിലിൽ കിടന്നുറങ്ങുന്ന കുഞ്ഞിന്റെ അടുത്തേക്ക് അവളെ കൂട്ടിക്കൊണ്ട് പോകുന്നതിന് മുൻപ് നബീസ പറഞ്ഞു നാണത്തോടെ. 'അന്റുമ്മ എവിടെ. എനിക്കിന്നൊരു സുലൈമാനി കുടിക്കണം. പണ്ടത്തെപ്പോലെ തോട്ടിലേക്ക് കാലിട്ടിരുന്ന്. സുലൈമാനി കഴിയും വരെ അവർ പങ്കുവെച്ചു... നാട്ടിലെ വിശേഷങ്ങളെല്ലാം. സീമയും, ലതികയും, പണ്ടത്തെ സ്കൂളും തുടങ്ങി ആടിനെ കെട്ടാൻ കൊണ്ടുപോയിരുന്ന പുൽമേടുവരെ അവരുടെ വർത്തമാനത്തിലെത്തി. നബീസയുടെ ഉമ്മയെ കെട്ടിപ്പിടിച്ച് ഒരു മുത്തം കൊടുത്തിട്ടായിരുന്നു അവൾ അവിടെ നിന്നിറങ്ങിയത്. പണ്ട് വിശന്ന് വലഞ്ഞ് കയറിച്ചെന്നപ്പോഴൊക്കെ ബിരിയാണി വിളമ്പിത്തന്ന ആ കൈകളിൽ. കുഞ്ഞുവിനെ കണ്ടു. എന്ത് വിളിക്കണം എന്നവൾക്ക് പേടിയായിരുന്നു. അവളുടെ മാത്രം കുഞ്ഞുവിനെ വിറയ്ക്കുന്ന വാക്കുകളോടെ അവൾ വിളിച്ചു, 'നിസാമേ...' തിരിഞ്ഞ് നോക്കിയപ്പോൾ തന്നെ നിസാം തിരിച്ചറിഞ്ഞു. തന്റെ വിരലിൽ തൂങ്ങി നടന്ന പാത്തുവിനെ. 'ഇയ്യോ... ഇയ്യെന്താ പെണ്ണേ ഇപ്പോ...' വിശ്വാസിക്കാനാകാതെ നിസാം ചോദിച്ചു. 'ഇവിടെ വരെ വന്നിട്ട് അന്നെ കാണാണ്ട് പോവാൻ പറ്റോ...' അവൾ കണ്ണീരടക്കാൻ പാടുപെട്ട് കൊണ്ട് പറഞ്ഞു. അവർ നടന്നു. തൊടിയിൽ ചാമ്പമരത്തിൽ മഴത്തുള്ളികൾ നിറഞ്ഞുനിൽക്കുന്നുണ്ടായിരുന്നു. പണ്ട് എന്തൊരാവേശമായിരുന്നു അതിൽ പിടിച്ചു കയറാൻ.

അവൻ ചാമ്പ പറിച്ച് അവൾക്കു കൊടുത്തു. 'സുഖല്ലേ പെണ്ണേ നിനക്ക്. അന്റെ പുസ്തകമൊക്കെ വായിച്ചു നമ്മ്ടെ പണ്ടത്തെ കഥകളൊക്കെ ന്ത് രസാർന്നൂലേ...' പൊട്ടിത്തെറിക്കണമെന്ന് തോന്നി അവൾക്ക്. പെട്ടെന്ന് മുഖം തിരിച്ചവൾ പറഞ്ഞു. 'എന്നാൽ ഞാൻ ചെല്ലട്ടെ. നേരം ഇരുട്ടും മുൻപ് വീട്ടിൽ ചെല്ലട്ടെ.' ആയ്ക്കോട്ടെ എന്ന മട്ടിൽ അവൻ തലയാട്ടി. അവർ നടന്നു. അവളെ കൊണ്ടാക്കാൻ പണ്ടൊക്കെ എന്നും പാടം വരെ ചെന്നിരുന്നപോലെ. തിരിഞ്ഞുനിന്നവൾ യാത്ര പറയവേ അവൻ ചോദിച്ചു. 'അന്റെ കുട്ട്യോൾക്ക് ന്താ പേരിട്ടേ... ചിക്കൂന്നും പൊന്നൂന്നും തന്ന്യാണോ...?' പണ്ടേ തങ്ങൾ ഒരുമിച്ച് സ്വപ്നം കണ്ടിരുന്നതാണ് ചിക്കുവിനെയും പൊന്നുവിനെയും. അവൾ ഒന്നും മിണ്ടാതായപ്പോൾ ചോദിക്കണ്ടായിരുന്നു എന്ന് തോന്നിപ്പോയി അവന്. ഒന്നു പുഞ്ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു. 'തൊട്ടില് കേടാ... ചിക്കുവിനും പൊന്നൂനും കെടക്കാൻ തൊട്ടിലില്ലാന്ന് പറഞ്ഞു ഡോക്ടർ.' അവന് പിന്നീട് വാക്കുകൾ ഇല്ലായിരുന്നു. പാടം കടന്നവൾ അകന്നു പോകും വരെ അവനവിടെ നിന്നു. കൂടണയാൻ വെമ്പുന്ന കിളികൾ പറന്നകന്നു. ഫാത്തിമ ഓർത്തു... ഇവിടം തനിക്കെന്താണിത്ര ഇഷ്ടം. എത്രയാണിഷ്ടം... കൊറച്ച്... കൊറച്ച്ന്ന് വച്ചാൽ കൊറച്ചധികം...

# Why the crave was never meant to be normal?



Author : **Athulya S.** (Audra'18)
Artist : **Akshay Kumar** (Gagnants'15)

Often my blissful soul took
the back seat
Reasons never took to
express...
But the parallelism howled in
me with cognitions...
Yet the nook and corner
vanquished my rationalism...
Melancholic divinity thwarted
the proclivity....
The divinity which wrecked
my solidarity...
But the Vicious brute
ardoured for crave...
The crave which is never
meant to be normal...
The crave very few
vehemently zealed...
The crave which clinged to the frame
I wasn't meant to hold on...
Few meters distanced the
Physique.
yet it endured the separation
of miles... shattering the glee within...
And broke my gifted true self
you virtued.
Aching heart concealed
everything that made no
sense to pretty girls...
No other way to shriek
than to sob...
Better let go off the anti
Gravity adrenaline pulsing
Senselessly with fear...

ആർ പറഞ്ഞു അണ്ഡവും ബീജവും തമ്മിലുള്ള കണ്ടുമുട്ടലാണ്

പ്രണയമെന്നും പ്രണയ നിർവൃതിയെന്നും???

# ചില പെണ്ണുങ്ങൾ

എഴുത്ത് : ലിസിന (Audra '18)

'നീ ആടി പെണ്ണ്'; സമൂഹം രാപ്പകൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു ആനുകാലിക വിഷയത്തിൽ എന്റെ അഭിപ്രായം തുറന്നടിച്ചതിന് എനിക്കു കിട്ടിയ പ്രതികരണമാണിത്. അതും വെറുപ്പിന്റെയും അറപ്പിന്റെയും സ്വരത്തിൽതന്നെ.

സമൂഹം വളരെയധികം മാറിക്കഴിഞ്ഞു. ഏതൊരു രംഗത്തും പ്രതീക്ഷയ്ക്കുമപ്പുറമാണ് പുരോഗമനം.

സ്വാതന്ത്ര്യവും സമത്വവും നടപ്പാതകളിൽപോലും തട്ടിത്തടയുന്ന ഇരുപത്തൊന്നാം നൂറ്റാണ്ട്. പിന്നെ എന്തുകൊണ്ട് പ്രതികരിക്കുന്ന സ്ത്രീസമൂഹത്തിനടുത്തെത്തുമ്പോൾ പുരോഗമനം പാരമ്പര്യത്തിന് വഴിമാറിക്കൊടുക്കണം? അഭിപ്രായങ്ങൾ അകത്തളത്തിലടച്ച് നിശബ്ദമായി കുടുംബഭാരം പേറുന്ന സ്ത്രീകൾ എന്നും എഴുത്തുകാരന്റെ പേനത്തുമ്പിലെ വികാരമാണ്. പുരുഷ സങ്കൽപ്പത്തിലെ അടക്കവും ഒതുക്കവുമുള്ളവൾ... സമൂഹത്തിൽ ഉത്തമപത്നി... കുടുംബിനി... സ്ഥാനമാനങ്ങൾ എണ്ണമറ്റതാണ്; കേൾക്കുമ്പോൾ ചിലപ്പോൾ കോരിത്തരിച്ചെന്നു വരാം. എങ്കിലും ഞാൻ പറയുന്ന വിശേഷണങ്ങളുടെ ഇങ്ങേത്തലയ്ക്കൽ അവൾ തൃപ്തയെങ്കിലും അങ്ങേതലയ്ക്കൽ അടങ്ങാത്ത അഭിപ്രായങ്ങളുടെ അഗ്നി ഓരോ രാവും അവളെ വേട്ടയാടിയിട്ടുണ്ടാവും.

തനിക്കിഷ്ടമുള്ളതിനെ സ്വീകരിക്കാനും ഇഷ്ടമല്ലാത്തതിനെ തിരസ്കരിക്കാനും സ്ത്രീസമൂഹം ഇന്ന് സുപ്രഭാതത്തിൽ തുടങ്ങിയതല്ല. എങ്കിലും അന്നത് ചില ഒറ്റപ്പെട്ട സംഭവങ്ങളാണെന്നുമാത്രം. അധികാരത്തിന്റെയും അരക്ഷിതത്വത്തിന്റെയും കറുത്ത കരങ്ങൾ ആ ഉയർന്ന ശബ്ദങ്ങളുടെ വാ മൂടിക്കെട്ടിയ കഥകളും പരസ്യമായ ഒരു രഹസ്യമാണ്. ഇത്തരം പിൻവലികളെയും ഭീഷണികളെയും മറികടന്ന് ഇന്നിന്റെ പെൺസമൂഹം ഉണർന്നിരിക്കുന്നു. അവർ പ്രതികരിച്ചു തുടങ്ങി; ആവശ്യങ്ങൾക്കായി ശബ്ദമുയർത്തിത്തുടങ്ങി. എത്ര തെളിഞ്ഞാലും എണ്ണവറ്റാത്ത ചിത്രവിളക്കുകൾ ആളിത്തുടങ്ങിയപ്പോൾ പലർക്കും പൊള്ളി. ധിക്കാരിയും അഹങ്കാരിയുമായി മാറ്റിനിർത്തിയപ്പോൾ തളർന്നുപോകുമെന്ന് ചിലരുടെ ധാരണ ശരിയായിട്ടുണ്ട്. പക്ഷേ, ഒരു പരിധിവരെ മാത്രം. പ്രതികരണങ്ങളെ പ്രോത്സാഹനങ്ങളായ് കണ്ട് നടന്നുനീങ്ങിയവർ ഇന്നിന്റെ പ്രതീകമായി തുടരുന്നു. അവളുടെ ശബ്ദത്തിനൊപ്പംനിന്നു കരംകവർന്ന് മുന്നിലേക്കു നയിക്കുന്ന ഒരു വിഭാഗം പുരുഷസമൂഹവും ഉണ്ടെന്നത് മറന്നുകൂടാ... ആവശ്യങ്ങൾ നേടിയെടുക്കുക തന്നെ വേണം. ഒരിക്കലും തിരഞ്ഞുവരില്ല, അർഹതയില്ലെന്ന ധാരണയുമായി പിന്നിലേക്ക് മറയുമ്പോൾ നഷ്ടമാകുന്നത് ഭാവിജനതയ്ക്ക് കൈവരേണ്ട സമത്വമാണ്, സ്വാതന്ത്ര്യമാണ്; ഇന്നിന്റെ ബാക്കി പത്രമല്ലേ ഓരോ നാളേകളും.

പെണ്ണ്... വെറും പെണ്ണെന്ന് പുച്ഛത്തോടൊപ്പം ശരിയല്ലാത്ത മറ്റൊരു വൃത്തികെട്ട അർത്ഥത്തോടെയും പറയുന്ന പലരുടെയും മുഖത്തുനോക്കി പറയാൻ ഞാൻ ആഗ്രഹിക്കാറുണ്ട്. അതേ, ഞാൻ പെണ്ണാണ്. നിങ്ങളിൽ പലർക്കും പെങ്ങളും, ഭാര്യയും, കാമുകിയും അമ്മയുമായി ജീവിതം സമർപ്പിക്കാറുള്ള അതേ പെണ്ണ്... പിന്നെ മാറ്റം ഒന്നിനു മാത്രം... ഒരു നിമിഷം എനിക്കുംകൂടിവേണ്ടി ജീവിക്കാൻ തീരുമാനിച്ചു... എന്റെ സ്വപ്നങ്ങൾക്കുകൂടി ചിറകുവെച്ചുകൊടുക്കാൻ പ്രയത്നിച്ചു, അതാണോ ഞാൻ ചെയ്ത തെറ്റ്..?

പെണ്ണാണ് ഞാൻ ... അന്തസ്സും അഭിമാനവുമുള്ള പെണ്ണ് എന്നു സ്വയം പറയാൻ പഠിക്കുന്ന നിമിഷംമുതൽ ആ വാക്കിന് അർത്ഥംകൈവരിച്ചു തുടങ്ങുന്നു. പ്രതികരിക്കുന്ന സ്ത്രീകൾ, അതേ, പെണ്ണ് നാളെയിലെ അന്തസ്സുള്ള പെണ്ണിലേക്ക് വഴിതെളിക്കുന്ന ചില പെണ്ണുങ്ങൾ......

# വേനൽ വറുതികൾ

എഴുത്ത് : ഫസ്ന പി. (Gagnants '15)
വര : സിബിൻ കെ. (Gagnants '15)

കത്തിയമരുന്ന സൂര്യന്റെ പൊൻകിരണങ്ങൾ നോക്കി,
ഉമ്മറക്കോലായിൽ ഉച്ചവെയിൽകൊണ്ട്
വാടിത്തളർന്ന വൃദ്ധ പറഞ്ഞു:
'എന്തൊരു വെയിൽ.....'
ചാട്ടുളിപോലുള്ള സൂര്യരശ്മികളെ തടുക്കാനായ്,
കുട പിടിച്ച് സ്കൂളിൽ പോകുന്ന
വിദ്യാർത്ഥി പറഞ്ഞു:
'ആഗോള താപനം..'
പൈപ്പിൻചോട്ടിലെ തുള്ളിക്കായ്,
കുടങ്ങൾ നിരത്തിവെച്ച് കാത്തുനിൽക്കുന്ന
വീട്ടമ്മ നെടുവീർപ്പിട്ടു:
'ഈ വേനലെങ്ങനെ താങ്ങും..?'
സൂര്യഭഗവാന്റെ ഒളിയമ്പിനാൽ പൊള്ളലേറ്റ്,
വിവശനായ് ചികിത്സ തേടിയെത്തിയ
കൂലിപ്പണിക്കാരനോട് ഡോക്ടർ പറഞ്ഞു:
'സൂര്യാഘാതം ......'
വറ്റിവരണ്ട തൊണ്ട നനയ്ക്കാനായ്,
ഒരു തുള്ളി വെള്ളത്തിനായ് പുഴക്കരയിലെത്തിയ,
മനുഷ്യനോട് പുഴ പറഞ്ഞു:
'എനിയ്ക്കും ദാഹിക്കുന്നു......'



# മൊണാലിസ

എഴുത്ത് : അഞ്ജലി സി. (Gagnants '15)
വര : സിബിൻ കെ. (Gagnants '15)

ലിയനാർഡോ ഡാവിഞ്ചി 16–ാം നൂറ്റാണ്ടിൽ വരച്ച പെയിന്റിങ്ങുകളുടെ കൂട്ടത്തിലെ ചെറിയ ഛായാഗ്രഹണമാണ് മൊണാലിസ അഥവാ 'സംശയിക്കേണ്ട'. ഡാവിഞ്ചിയുടെ സൃഷ്ടികളിൽ കണ്ടു വരുന്ന നിഗൂഢസ്വഭാവം 'മൊണാലിസ' യെയും വ്യത്യസ്തമാക്കുന്നു. തന്റെ അർത്ഥഗർഭമായ പുഞ്ചിരി കൊണ്ടും വസ്ത്രധാരണത്തിലുള്ള വ്യത്യസ്തതകൊണ്ടും വിവിധ വാദപ്രതിവാദങ്ങൾക്ക് സാക്ഷിയാവുകയായിരുന്നു മൊണാലിസ.

മൊണാലിസയുടെ ചുണ്ടിൽ വിരിയുന്ന ചിരിയായിരുന്നു ഈ ചിത്രത്തെ വാദിക്കാത്തക്കവിധത്തിൽ ലോകപ്രശസ്തമാക്കിയത്. ഇതിലെ നിഗൂഢത നിറഞ്ഞ സവിശേഷത ഒരുപക്ഷേ, ചിത്രകാരൻ സൂക്ഷ്മമായി ചുണ്ടിന്റെയും കണ്ണിന്റെയും മൂലകളെ നിഴലിലാക്കിയതായിരിക്കാം. അപ്പോൾ ഈ ചിരിയെ നിർണ്ണയിക്കാൻ കഴിയാതെ വരുന്നു. നിഴലിന്റെ തന്ത്രങ്ങളുപയോഗിക്കുന്ന ഡാവിഞ്ചിയുടെ ഈ രീതിയെ 'സ്ഫുമോട്ടോ' എന്നും, 'ലിയനാർഡോയുടെ പുകവലി' എന്നും വിശേഷിപ്പിച്ചിരുന്നു.

വാസരി പറഞ്ഞത്: 'ആ ചിരി യഥാർത്ഥ മനുഷ്യന്റെ ചിരിയേക്കാൾ ഹൃദ്യമാകുന്നു. അത് കാണുന്നയാൾക്ക് ആ ചിരി മാത്രമല്ല, പെയിന്റിംഗ് തന്നെ ജീവനുള്ളതായി തോന്നും" എന്നാണ്. മൊണാലിസയുടെ മായുന്ന പുഞ്ചിരിയെ പല ചരിത്രകാരന്മാരും പല രീതിയിൽ വ്യാഖ്യാനിച്ചു. മൊണാലിസയുടെ നേത്രങ്ങൾ ആകർഷണകേന്ദ്രമാക്കികൊണ്ടും ചുണ്ടുകൾ ബാഹ്യമാക്കിക്കൊണ്ടുമാണ് ലിയനാർഡോ ചിത്രം രൂപകല്പന ചെയ്തിരിക്കുന്നത്. അതിനാൽ, ചിത്രത്തെ വീക്ഷിക്കുന്ന ഒരാളെ ആദ്യം മൊണാലിസയുടെ നേത്രങ്ങളായിരിക്കും ആകർഷിക്കുക. ആ സമയത്ത് ബാഹ്യ കോണിലൂടെ കാണുന്നതിനാൽ ചുണ്ടുകളിൽ പുഞ്ചിരി ഉള്ളതായി തോന്നുകയും ചെയ്യും. പിന്നീട്, കണ്ണുകളിൽനിന്നും ചുണ്ടുകളിലേക്ക് വീക്ഷിക്കുമ്പോൾ ആ ചിരി മായുന്നതായും തോന്നുന്നു. മൊണാലിസയുടെ പുരികങ്ങളെക്കുറിച്ചും ഏറെ വാദപ്രതിവാദങ്ങളുയർന്നിരുന്നു. ഡാവിഞ്ചി വരച്ചിരുന്ന സമയത്ത് മൊണാലിസയ്ക്ക് പുരികങ്ങളുണ്ടായിരുന്നുവെന്നും, അവ കാലക്രമേണ മാഞ്ഞുപോയതാവാമെന്നൊക്കെയുള്ള പ്രചാരണങ്ങൾ നിലവിലുണ്ട്. പുരികത്തിന്റെ ഈ പ്രത്യേകത മൊണാലിസയുടെ ഭാവത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

ഈജിപ്ഷ്യൻ ദേവനായ 'ആമോൺ', ദേവിയായ 'ഐസിസ്' എന്നിവരുടെ പേരുകളുമായി മൊണാലിസയ്ക്ക് സാമ്യമുണ്ടെന്നും (AMON + ISIS (L' ISA) MONALISA), ആ പേര് സ്ത്രീപുരുഷ സംയോഗത്തെയാണ് സൂചിപ്പിക്കുന്നതെന്നും വാദഗതികൾ ഉണ്ട്. മൊണാലിസ പുരുഷമുഖവുമായി സാമ്യമുള്ളതായും, അത് ഡാവിഞ്ചിയുടെ മുഖം തന്നെയാണെന്നും വാദഗതികളുയർന്നിരുന്നു. ഡാവിഞ്ചിയുടെ തന്നെ മുഖത്തിന്റെ സ്റ്റീരിയോസ്കോപിക് ഇമേജും മൊണാലിസയുമായുള്ള സാമ്യവുമാണ് ആ നിഗമനത്തിലെത്തിച്ചത്. മൊണാലിസയുടെ ദ്വിലിംഗതയാണ് ഇതിലൂടെ വ്യക്തമാകുന്നത്.

മൊണാലിസയുടെ മുഖത്തിന്റെ പശ്ചാത്തലം നിരപ്പുള്ളതല്ല. ഡാവിഞ്ചി ഇടതേ ചക്രവാളരേഖ വലത്തേതിനെക്കാൾ കാര്യമായി താഴ്ത്തിയാണ് വരച്ചത്. ഗ്രാമപശ്ചാത്തലം താഴ്ത്തി വരയ്ക്കുകവഴി മൊണാലിസയ്ക്ക് ഇടത്തുനിന്ന് കാര്യമായ വലിപ്പം തോന്നിപ്പിക്കുന്നു. ചരിത്രപരമായി ആൺ-പെൺ സങ്കല്പങ്ങൾക്ക് വശങ്ങൾ കല്പിച്ചിരുന്നു. ഇടത് പെണ്ണിനും, വലത് ആണിനും ഡാവിഞ്ചിയുടെ സ്ത്രീപക്ഷ തത്വങ്ങളോടുള്ള ആരാധനകൊണ്ടാണ് മൊണാലിസയ്ക്ക് ഇടത്തുനിന്ന് ഗരിമ തോന്നിപ്പിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. ഈ ചിത്രത്തിന്റെ മറ്റു സവിശേഷതയായി കണക്കാക്കപ്പെടുന്നത് മറ്റ് അലങ്കരിക്കപ്പെടാത്ത വസ്ത്രങ്ങളാണ്. കൈകൾക്കും കണ്ണുകൾക്കും വിശദാംശങ്ങളൊന്നും സാമ്യപ്പെടുത്താൻ കഴിയില്ല. നാട്യപരമായ പ്രകൃതി ദൃശ്യവും പശ്ചാത്തലവും ഒക്കെ ലോകം കാണുന്നത് ഒരുതരം ഒഴുക്കിന്റെ രൂപത്തിലാണ്.

അക്കാലത്ത് ചിത്രകാരന്മാർ വെളുത്ത പശ്ചാത്തലമായിരുന്നു ചിത്രങ്ങൾ രചിക്കാൻ ഉപയോഗിച്ചിരുന്നത്. ഡാവിഞ്ചിയാകട്ടെ ഇരുണ്ട പശ്ചാത്തലത്തിലാണ് വരച്ചിരുന്നത്. ഇത് ചിത്രത്തിന് ത്രിമാനപ്രതീതിയുണ്ടാക്കുന്നു. കൂടാതെ, സ്വർണ്ണ ത്രികോണ നിയമമനുസരിച്ച് വരച്ചതിനാൽ മൊണാലിസയെ ഏതു ദിശയിൽനിന്നു വീക്ഷിച്ചാലും കാണികളെ നോക്കുന്നതായി അനുഭവപ്പെടുന്നു.



പോപ്ലാർ മരത്തിന്റെ പലകയിൽ വരച്ച എണ്ണച്ഛായാ ചിത്രമായ മൊണാലിസയുടെ ഇന്നത്തെ സ്ഥാനം പാരീസിലെ ലൂവ്റ് മ്യൂസിയമാണ്. ഫ്രഞ്ചുകാർ മൊണാലിസയെ 'ലാജൊക്കൊന്തെ' എന്നു വിളിക്കുന്നു. ലൂവ്റിൽനിന്നും രണ്ടു തവണ മൊണാലിസ കളവുപോയിരുന്നു. അവസാനമായി 1911 ലാണ് കളവുപോയത്. 2 വർഷങ്ങൾക്കുശേഷമാണ് പിന്നീട് ചിത്രം തിരിച്ചുകിട്ടിയത്. ഇറ്റാലിയൻ വംശജനായ വിൻസെൻസോ പെറൂഗിയ ആയിരുന്നു മോഷ്ടാവ്. ഡാവിഞ്ചി ഇറ്റാലിയൻ വംശജനായിരുന്നതിനാൽ മൊണാലിസയെ ജന്മനാടായ ഇറ്റലിയിലാണ് സൂക്ഷിക്കേണ്ടത് എന്ന വാദം ഉയർത്തിയാണ് പെറുഗിയ 'മൊണാലിസ' മോഷ്ടിച്ചത്.

മൊണാലിസയ്ക്ക് ഡാവിഞ്ചി നൽകിയ അർത്ഥതലങ്ങൾ എന്തായിരുന്നുവെന്നത് ഇന്നും ഒരു നിഗൂഢരഹസ്യമായി നിൽക്കവേ, ഒരുപാട് വാദപ്രതിവാദങ്ങൾക്കു പാത്രമായി ആ കലാസൃഷ്ടി ഇന്നും ലൂവ്റിന്റെ ചില്ലുകണ്ണാടിക്കകത്ത് നിലകൊള്ളുന്നു.

# കൊഴിയുന്നതിനു മുൻപേ

**എഴുത്ത് : രാഗിണി** (Advaya'17)
**വര : സ്നേഹ പി.** (Gagnants'15)

മറന്നചില ഓർമകളുണ്ടായിരുന്നു.
മൗനം പാലിച്ച നിമിഷങ്ങളും
വീണ്ടും വീണ്ടും പാലിക്കപ്പെട്ട
ചില നിയമങ്ങളും
ചങ്ങലക്കണ്ണിയൊന്നു മാത്രം താൻ...
ചങ്ങാതിമാരെല്ലാം മറുകണ്ണികൾ!
പൂവിടരുന്നതിനു മുൻപേ അടർത്തിയെടുത്തു.
കൊഴിയുന്നതിന്റെ സുഖമറിയുന്നതിനു
മുൻപേ ചവിട്ടിയരച്ചു.
സ്വപ്നങ്ങളെ പൊതിഞ്ഞു കെട്ടി
ചോറ്റുപാത്രത്തിലൊളിപ്പിച്ചു.
ആരും എത്തിനോക്കാനില്ലാത്തൊരിടം.
പൂത്തുപോയ സ്വപ്നങ്ങൾ...
ഇന്നും കിടപ്പുണ്ട്, അടുക്കളക്കോണിൽ
ആ ചോറ്റുപാത്രം
ഒരു കൈയ്യിൽ കുഞ്ഞും
മറു കൈയ്യിൽ വീടും
പാത്രത്തെ കണ്ണീരുകൊണ്ട് കഴുകാനാവില്ലല്ലോ...



കാലവും മനുഷ്യനും നിലവറകളിൽ തളച്ച പല
നിഗൂഢതകൾക്കുമുണ്ട് **നിലവിളിക്കുന്ന പഴമകൾ.**



# Breast Ironing: **A Secretive Form of Abuse**

Author : **Murshida S.** (Gagnants'15)

Gender based violence is a problem that affects millions of girls and women, cutting across boundaries of culture, religion, socio economic class, education, age, and other diversity. It has been recognized as a human right issue that manifests itself in physical, psychological, social and cultural forms. This form of violence has been regarded by many as one of the most pervasive of human rights violation, denying women and girls equality, security, dignity, self worth and their right to enjoy fundamental freedom. Various forms of such violence have been recognized globally are female genital mutilation and forced marriages. A prominent example includes the understudied practice of breast ironing.

The west African Republic of Cameroon is one of the most culturally diverse states in Africa and is situated in the gulf of Guinea. The nation known as "Miniature Africa" as a result of its complex demographic profile has in recent times been receiving attention due to a practice imposed on the nation's girl children that is Beast Ironing. While millions in the western world spend billions of US dollars annually on breast augmentation, for the aesthetic reasons, in Cameroon some

parents are willing to subject their girls to the practice meant to reduce and inhibit the growth of their breasts.

Breast ironing is another form of mutilation, is a practice whereby young girls developing breasts are pounded, pressed or massaged with an object usually heated in a wooden fire to make them stop developing grow more slowly or disappear completely. Mainly performed on girls between the ages of 8-14 who have started developing breasts by pressing and ironing the breasts to destroy any indication of emerging womenhood, which is done by a female relative close to the victim (mother, aunt, grandmother, sister or guardian). The objects used in carrying out this practice includes grinding stones, black fruits, Plantain peels, mortar pestles, coconut shells or hammers, all are carefully heated over burning coals. The massage could last from one week to several months depending on how resistant the breasts are and also depending on how resistant the victim or her body to the practice.

The practice of breast ironing has no correlation with religion, ethnicity, wealth or formal educations. This practice is not limited to rural areas or poor families where women are perceived to be uneducated, ignorant or unexposed to women's equality or children's right's but is also reported to be prevalent in urban areas where women are more educated and exposed. Mothers believes that breast ironing to be an efficient means of protecting their. girl from sexual harassment, scope or voluntary sexual activity. Furthermore women justify the practice by urging that it is needed to prevent men from pursuing their daughters too soon and to prevent early pregnancies that could tarnish their family name though it sounds quite shocking it is dire truth that mothers in Cameroon deligently undertaken this brutality with most of their teenaged daughters. Due to the lack of literature on the history of breast ironing, it is not clear whether this practice forms fact of a specific culture or whether it is an old practice that was abandoned and is re-emerging or a practice that has been ongoing, but is now more visible.

In fact statistics reveal that one out of every four teenage girl in the western African country of Cameroon would have had their breasts ironed out by their mother at least once. Shockingly out of the 200 plus ethnic groups is the west African country, all of them practice this cruel ritual. In fact mothers are quite proud of dire fact and many were even willing to demonstrate how they burn their breasts so as to cancel their putative breasts and to make them scared and unattractive.

Breast ironing exposes girls to numerous health problems such as abscesses, cyst, itching and discharge of milk. There can be permanent damage to milk ducts, infection, dissymmetry of breasts, cancer, breast infection, severe fever, tissue damage and even the complete disappearance of one or both breasts. Many girls also suffer emotional distress after experiencing breast ironing. Females are exposed to body image related issues like low self esteem that may affect then in their career, education and public or social affairs due to missing one or both breasts. It may also be inferred that this practice has harmful psychological effects, as it gives a girl the impression that she should not have breasts, which may result in anxiety, shame and frustration when the breasts develops at later stage.

However the saddest part of the story is that in spite of the teenaged girl of Cameron being put to so much of torture. There is no decrease in the number of teenage pregnancies the number of unwed mothers and under aged and malnourished pregnancies are still only rising there. The government of Cameroon has over the years ractified various international instruments and conventions that recognize the rights of women as well as fundamental human rights that serve as a framework for developing a policy for the elimination of all forms of violence and discrimination against women. However, no law has been passed or forced at National level regarding breast ironing or any other traditional harmful practice.


Despite the problems with breast ironing, it has not get been banned by authorities. While victims do have protection under law, very few cases were taken to court victims, however are often too young and very unlikely to report their family member. The absence of a government enforced law benefit many in the generational practice of breast ironing which is a health consequence for the girls and women who experience it. However, Cameroon government must have a political will to promote and enforce eventual laws for the banning of breast ironing or otherwise millions of Cameroonian girls will continue endure physical and psychological trauma.

"If you use very hot objects, if you poured on the breast at this tender age, when the structure are developing of course you could cause damage." -Prof. Andeeson Don



എഴുത്ത് : അനഘ അനിൽ (Audra'18)
വര : സ്നേഹ പി. (Gagnants'15)

അവർ ഞങ്ങൾക്കു മുന്നിൽ പ്രത്യാശയുടെ
ചീട്ടുകൊട്ടാരം പണിയുകയായിരുന്നു.
വികസനസമുച്ചയം മാറു പിളർന്ന് ഉയർന്നിട്ടും
ജീവിതം കടലാസുതുണ്ടിൽ ഒതുങ്ങുന്നു.
ഇതു ഞങ്ങളുടെ കഥയല്ല.
വിദർഭയും വാർധയും ഈ രാജ്യവും
ഇതിൽനിന്നു വിഭിന്നമല്ല.
ജീവൻ പകുത്തുനട്ടും പൊന്നുവിളയിച്ചും
ചരിത്രം രചിച്ചവർ.
നിരക്ഷരർ ഞങ്ങൾ മേലാളക്കോയ്മയിൽ
കബളിപ്പിക്കപ്പെട്ടവർ.
കടക്കെണിയിൽ ഉഴലുമ്പോഴും
ജീവിതം പോലും കരിഞ്ഞുണങ്ങുമ്പോഴും
പ്രതീക്ഷയുടെ വറ്റാത്ത കിണർ
എവിടെയോ ബാക്കിനിന്നു.
ഞങ്ങൾ ഉതിർത്ത ചോദ്യശരങ്ങളും
അവകാശവാദങ്ങളും നീർക്കുമിളകൾക്ക് സമം.
ഞങ്ങളുടെ ചോദ്യങ്ങളെ ഉത്തരങ്ങൾകൊണ്ടു തടഞ്ഞവർ
പൊള്ളയായ വാഗ്ദാനങ്ങളും
വിഫല ക്ഷേമ പദ്ധതികളും
തീരാദുരിതവും പേറി മാഞ്ഞിടുമ്പോൾ
ബാക്കിനിൽക്കുന്ന നിഴൽപ്പാടുകൾ
'ഹേ മൂകരേ ! ഞങ്ങളില്ലെങ്കിൽ നിങ്ങളില്ല'!




നൂറുപേരൊന്നിച്ചുപറഞ്ഞാൽ തെറ്റ് ശരിയാവുന്നതാണ്
നിന്റെ രാഷ്ട്രീയമെങ്കിൽ എന്റെ രാഷ്ട്രീയം തെറ്റുതന്നെ.

# കാൻവാസ്

എഴുത്ത് : റെൻസി ടോമി (Gagnants '15)
വര : ശ്രീഷ എം. (Gagnants '15)

നിറങ്ങളെയായിരുന്നു എനിക്കെന്നെക്കാളേറെ പ്രിയം! ചായം
കാൻവാസിൽ നിറയ്ക്കുന്ന രൂപങ്ങളായിരുന്നു എന്റെ ജീവിതം.
അപ്രതീക്ഷിതമായാണ് ഒരിക്കൽ നിന്റെ നിറങ്ങളും എന്റേതായി മാറാൻ
തുടങ്ങിയത്. പിന്നീടെന്റെ കാൻവാസിൽ നിറഞ്ഞത് നീയും ഞാനും
മാത്രമായി. നിന്റെ ചുണ്ടിനു മുകളിൽ പൊടിയുന്ന വിയർപ്പുതുള്ളി
കളിൽ ചേരാനാണ് ഞാൻ എത്രയും ആഗ്രഹിച്ചത്. നീ വാരിക്കെട്ടിയ
മുടിയിഴകൾ പാറിപ്പറന്നു, കാതിനു താഴെ മുഖത്തേയ്ക്ക്
വീണു കിടക്കുന്നത് കാണാനായിരുന്നു എനിക്കിഷ്ടം. ഒരുപക്ഷേ,
നീ തന്ന ചായങ്ങൾക്കു നിറം മങ്ങിത്തുടങ്ങിയപ്പോഴായിരിക്കാം
ഞാനെന്റെ രൂപത്തെ നിന്റെ ചിത്രങ്ങളിൽ നിന്നടർത്തിയെടുത്തത്.
ഇന്ന് ഞാൻ തിരികെ വന്നത് കാലം മായ്ക്കാതെ
എന്റെ വല്ല ചിത്രങ്ങളും നിന്നിൽ ശേഷിക്കുന്നുണ്ടോ
എന്നറിയാനാണ്. പക്ഷേ, പോകുമെന്നൊരു വാക്കുപോലും
പറയാതെ നീയെന്നെ തനിച്ചാക്കി സ്വസ്ഥമായുറങ്ങുകയാണല്ലോ ......
ചിലപ്പോൾ..... അന്നു നമ്മൾ ഒന്നിച്ചിരുന്നെങ്കിൽ
ഉണ്ടാവുമായിരുന്നില്ലാത്ത എന്തോ ഒന്ന് ഉള്ളിൽ പിടയുന്നുണ്ട്......
ഉത്തരം കിട്ടാത്ത വീണ്ടുമൊരു ചോദ്യചിഹ്നമായി
ഇന്നും അതെന്നിൽ പിടയുകയാണ്.






# The man who made the world laugh at the flip of a hat

Author : **Lisha J Kappen** (Advaya'17)
Artist : **Sibin K.** (Gagnants'15)

Known for his most versatile acting as a comedian, as a director and scriptwriter, Charlie chaplin made impeccable mark in the history of world cinema. The journey from the streets and dusts of busy London to the heart of world cinema was not all roses, born to a music hall entertainer couples, little Charlie had to struggle hard to make a living .
Life as a child was terrible for little Charlie. Financial troubles coupled with not so much beautiful memories of togetherness and parent care worried little Charlie. When life acted as a villan in his life, he began acting at the very tender age of just five years. That's when destiny had no other option but to follow path, and open the stage for a world renounced actor. It was his mother who imbued in him a thirst for acting. Charlie worked hard, even harder than any boy of his age he did a range of jobs while nourishing his dream of being an actor. He struck gold at the age of 14 when his mother was suffering from severe mental illness, he registered with a theatrical agency in London s West end, where he was given his first role as a news boy in harry Arthur saintbury's Jim, ***a romance of cockayne***, though the show didn't worked out well,



Charlie s acting singled out. As it's said when u work hard for something the whole universe conspires to get u there, the manager of the company Mr. Saint bury with his diplomacy secured a role for Charlie in Charles Frohman's production of Sherlock Holmesfield.His role as the **inebriate Swell** is worth mentioning . The trail of success didn't stop there, his young face was a cause of concern for his boss, so he was not used in picture , during which he learned the process of filmmaking, with his first film **one reeler making a living**, and then the most noted film **Mabelsstrange predicament** which gifted the world with Charlie chaplin trademark' the tramp'character. There after Charlies rating increased and so does his renumeration. He became a sensation, a household name which doesn't wane even after decades of his passing away. He was a man with multitude of skills, he directed many movies, which like his acting was also wines of strongest brewing. His life , as a human and actor teach us a lot. A life of immense hope, exhorting to this world that there is never a night or a problem that could defeat sunrise or hope. Legends are not born but made, for sure this legend is going to inspire a lot more future generations to come .






# റാവേ പ്രൊജക്ട് അഥവാ ഒരു ചരിത്ര സൃഷ്ടി
# ചിരി പടർത്തുന്ന പിന്നാമ്പുറങ്ങളിലൂടെ

സീനിയേർസ് പറഞ്ഞുകേട്ട Rawe കഥകളിൽനിന്ന് ഞങ്ങൾ മനസ്സിൽ കുറിച്ചിട്ട രണ്ടു കാര്യങ്ങളാണ് tour ഉം village stay ഉം. Face book ഉം whatsapp ഉം ഇല്ലാതിരുന്നിട്ടും കാന്തല്ലൂരിലെ മൂന്നുദിവസങ്ങൾ All Kerala tour കൂടുതൽ ഭംഗിയാക്കിയതോടെ village stay അവിടെ ആകണമെന്ന് അന്നേ മനസ്സിൽ ആഗ്രഹിച്ചിരുന്നു. അങ്ങനെ All Kerala കഴിഞ്ഞതോടെ അനീസ് മേഴ്സി മിസ്സിന്റെ പിന്നാലെ കൂടി.

village stay കാന്തല്ലൂരിലാക്കാൻ. വളരെയധികം ഭാഗ്യമുള്ളതുകൊണ്ട് ഹോസ്റ്റലിൽനിന്നും അരമണിക്കൂർ മാത്രം ദൂരമുള്ള ആലത്തൂരിൽ village stay നടത്താൻ തീരുമാനിച്ചതായി G. T. Sir അറിയിച്ചു. പിന്നെ ആകെ ഉള്ള ഒരു പ്രതീക്ഷ ഹോർട്ടിയിലെ 97 ബാച്ചിലെ സീനിയറും മികച്ച കൃഷി ഓഫീസർക്കുള്ള അംഗീകാരവും നേടിയ രശ്മി മിസ്സായിരുന്നു.

അങ്ങനെ ഡിസംബർ 26 ന് തന്നെ ക്രിസ്മസ് ആഘോഷങ്ങളെല്ലാം അവസാനിപ്പിച്ച്, 27 ന് തന്നെ ഞങ്ങൾ ആലത്തൂരിലെ ജലസേചനത്തെ അടിസ്ഥാനമാക്കിയുള്ള സർവ്വേക്കിറങ്ങി. എണ്ണത്തിൽ ഞങ്ങൾ കുറച്ചധികം പേരുള്ളതുകൊണ്ടും അവിടെ sluice കൾക്ക് ഒരു പഞ്ഞവും ഇല്ലാത്തതുകൊണ്ടും sluice അടിസ്ഥാനത്തിലുള്ള group വിഭജനവും പെട്ടെന്ന് നടന്നു. ഒരോ ഗ്രൂപ്പുകളും കർഷകരുടെ നേതൃത്വത്തിൽ മുൻകൂട്ടി നിശ്ചയിച്ച sluice കൾ കാണുകയും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും ചെയ്തു. നാടിനൊപ്പം നാട്ടിലെ കർഷകരുടെ സ്നേഹവും മനസ്സിലാക്കിത്തരുന്നതായിരുന്നു survey. കൃഷി ചെയ്യാൻ ആഗ്രഹമുണ്ടായിട്ടും വാലറ്റങ്ങളിൽ വെള്ളം കിട്ടാത്തതുമൂലം കൃഷി ചെയ്യാൻ സാധിക്കാത്തതും നിലവിലുള്ള കൃഷി ഉണങ്ങിപ്പോകുന്നതുമായ അവസ്ഥയും ഞങ്ങൾ നേരിൽ കണ്ടു. കൃഷിയിൽ

നിന്നും മാറിപ്പോകുന്ന ഒരു സമൂഹത്തെ മാത്രം കണ്ടിരുന്ന ഞങ്ങൾക്ക് ആലത്തൂരിലെ കർഷകർ അങ്ങനെ ഒരത്ഭുതമാവുകയായിരുന്നു. വെള്ളം എത്തിച്ചാൽ പൊന്നു വിളയിക്കാൻ അറിയുന്നവരാണ് പാലക്കാടൻ കർഷകർ എന്നു പറയേണ്ടതില്ലല്ലോ. അടുത്തദിവസം എല്ലാവരും കണ്ടുമനസ്സിലാക്കിയ വിവരങ്ങൾ sluice അടിസ്ഥാനത്തിൽ രേഖപ്പെടുത്തി. അതിനുശേഷം Project committee ഒഴികെ ബാക്കി എല്ലാവരോടും പോയ്ക്കൊള്ളാൻ പറഞ്ഞപ്പോഴാണ് പണി കിട്ടിയതിന്റെ ആദ്യസൂചന ഞങ്ങൾക്ക് ലഭിച്ചത്. ആരൊക്കെയോ ചേർന്ന് ഒന്നും മനസ്സിലാകാത്ത കുറേ കാര്യങ്ങൾ ഞങ്ങൾക്ക് പറഞ്ഞുതന്നു. കൂടാതെ Project നു വേണ്ട വിവരങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിനുവേണ്ടി ഒരു പത്തിരുപത് book ഉം തന്നു. തലയ്ക്കുള്ളിൽ നക്ഷത്രം മിന്നിക്കൊണ്ടിരിക്കുകയാണെങ്കിലും പുറമേ എല്ലാം മനസ്സിലായി എന്ന രീതിയിൽ ഞങ്ങൾ തകർത്തഭിനയിച്ചു. ഈ ബുക്കുകളെല്ലാം നോക്കി സാധാരണ Assignment -കോപ്പി അടിച്ച് എഴുതാറുള്ളപോലെ ഒരു 'Super Project' തന്നെ ഉണ്ടാക്കാമെന്ന വിശ്വാസത്തിലായിരുന്നു ഞങ്ങൾ. അങ്ങനെ കിട്ടിയ ബുക്കെല്ലാം മറിച്ച് നോക്കി ഉണ്ടാക്കിയ project idea ഉദ്ഘാടനദിവസം തന്നെ രശ്മി മിസ്സിനെ കണ്ട് പറഞ്ഞു. ഇതൊക്കെ ആ ബുക്കുകളിൽ ഉണ്ടല്ലോ എന്നും ഇതൊന്നും അല്ല ചെയ്യേണ്ടതെന്നും മിസ്സ് വളരെ Soft ആയി ഞങ്ങളോട് പറഞ്ഞു. അങ്ങനെ ഒടുവിൽ ഞങ്ങളെ PAC മെമ്പർ ആയിരുന്ന ഫുവാദ് ഇക്കയെ പരിചയപ്പെടുത്തി. അങ്കിൾ ബണ്ണിലെ മോഹൻലാലിന്റെയും ഉപ്പും മുളകിലെ ബാലുചേട്ടന്റേയും Mix ആയ ഒരു രൂപം. ആലത്തൂരിലെ പ്രൊജക്ട് ചെയ്യാൻ വന്ന ഞങ്ങളോട് മലമ്പുഴ ഡാമിനെപ്പറ്റി ഇക്ക സംസാരിച്ചുതുടങ്ങി. മലമ്പുഴയിലെ വെള്ളം ഇക്ക ആലത്തൂരിൽ എത്തിക്കുന്നതിനിടയിൽ രണ്ടു മൂന്നു മണിക്കൂറുകൾ കഴിഞ്ഞുപോയി. ആലത്തൂരിൽ എന്താണ് ചെയ്യേണ്ടതെന്ന് മനസ്സിലായില്ലെങ്കിലും മലമ്പുഴ irrigation project മുഴുവൻ ഞങ്ങൾ മനസ്സിലാക്കി. കൂടുതൽ മനസ്സിലാക്കാനായി 95 ലെ irrigation project ന്റെ original book തന്നെ ഇക്ക ഞങ്ങൾക്കുകൊണ്ടു തന്നു. seniors– ന്റെ project കോപ്പി അടിക്കാൻ നിന്ന ഞങ്ങൾക്ക് എട്ടിന്റെ പണിയാണ് അന്ന് കിട്ടിയത്. project committee ൽ ഞങ്ങളെ ഇട്ടതിന് LRP ആയ ഊർമ്മിളയെ ഞങ്ങൾ അന്ന് വളരെയധികം സ്മരിച്ചിരുന്നു. അങ്ങനെ മറ്റു പരിപാടികളിൽ ഒന്നും പങ്കെടുക്കാതെ ഞങ്ങൾ project committee ആ ബുക്കുകൾ വായിച്ചു തീർക്കുന്ന തിരക്കിലായി. അപ്പോഴൊക്കെ ഞങ്ങളുടെ കൂട്ടുകാർ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുമ്പോഴും സംസാരിക്കുമ്പോഴും ഞങ്ങൾ ആ UKG ക്ലാസ്സ് മുറിയിൽ 4 ലാപ്ടോപ്പുകളുടെ മുൻപിൽ തളയ്ക്കപ്പെടുകയായിരുന്നു. രണ്ടു ദിവസംകൊണ്ട് ബാച്ചിലെ എല്ലാവരുടെയും സഹായത്തോടെ പങ്കാളിത്ത ജലസേചനത്തെ അടിസ്ഥാനമാക്കി ഞങ്ങൾ ഒരു project തയ്യാറാക്കി. 50 പേജ് ചെയ്യാൻ ഉദ്ദേശിച്ച ഞങ്ങൾ 55 പേജ് കടന്ന ആത്മവിശ്വാസത്തോടെയും പണി കഴിഞ്ഞല്ലോ എന്നുള്ള സന്തോഷത്തിലും ഇനിയുള്ള ദിവസങ്ങളിൽ village stay ആസ്വദിക്കാമല്ലോ എന്ന ആവേശത്തോടെയും പിറ്റേന്ന് രാവിലെ തന്നെ കൃഷി ഓഫീസിലേക്ക് രശ്മി മിസ്സിനെ കാണാനായി പുറപ്പെട്ടു. project ലെ ഓരോ പേജ് മറിക്കുമ്പോഴും മിസ്സിന്റെ മുഖത്തെ പുഞ്ചിരിയുടെ voltage കുറഞ്ഞു വരുന്നതായി ഞങ്ങൾ ഓരോരുത്തർക്കും തോന്നി. തെല്ലൊന്നമ്പരന്ന് ഞങ്ങൾ പരസ്പരം നോക്കി. അവസാനപേജും നോക്കിക്കഴിഞ്ഞ് മിസ്സ് project ലെ തിരുത്തലുകൾ ഞങ്ങളോട് പറഞ്ഞുതുടങ്ങി. വിലയിരുത്തലുകൾ കേട്ട് തഴമ്പിച്ച ഞങ്ങൾക്ക് തുടക്കത്തിൽ അതൊന്നും അത്ര ഗൗരവമുള്ളതായി തോന്നിയില്ല. പിന്നീട് sluice അടിസ്ഥാനത്തിൽ ഉള്ള പ്രശ്നങ്ങൾ യഥാക്രമം google map ൽ അടയാളപ്പെടുത്തി project ൽ ചേർക്കണമെന്നും ഒരോ sluice ൽനിന്നും കിട്ടുന്ന വെള്ളം ഏതൊക്കെ കർഷകർക്കാണ് പ്രയോജനപ്പെടുന്നത് എന്നുമുള്ള പട്ടികകൾ ചേർക്കണമെന്നും പറഞ്ഞപ്പോഴാണ് project മുഴുവനായും അഴിച്ചുപണിയണം എന്ന സത്യം ഞങ്ങൾ മനസ്സിലാക്കിയത്. വെള്ളത്തിൽ വരച്ച വരപോലെ ആ 55 പേജുകൾ ഒന്നുമല്ലാതായിപ്പോയി.

project ന് ഒരു ഹരിശ്രീ ഇനിയും കുറിക്കേണ്ടിയിരിക്കുന്നു!! ഇതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കുന്നതിനായി പാടശേഖരസമിതികളുടെ സെക്രട്ടറിമാരുമായി ഒരു കൂടിക്കാഴ്ച മിസ്സ് സംഘടിപ്പിച്ചു. സെക്രട്ടറിമാരുടെകൂടെ ഇരുന്ന് Map ചെയ്യാൻ ഒരു team അന്ന് രൂപീകരിക്കപ്പെട്ടു. അതോടെ ജസീലിന്റെയും റോസുവിന്റെയും കാര്യത്തിലും ഒരു തീരുമാനമായി. UKG ക്ലാസ്സിലേക്ക് ആളുകൾ കൂടിയതിന്റെ സന്തോഷത്തിലായിരുന്നു ഞങ്ങൾ നാലുപേരും. അപ്പോഴാണ് അടുത്ത ദിവസം ഹർത്താൽ പ്രഖ്യാപിച്ചത്.

Village stay ക്ക് ഇടയ്ക്ക് വീണുകിട്ടിയ അവധി projecter ഇട്ട് സിനിമ കാണാനുള്ള plan ഉം അപ്പുറത്തു പുരോഗമിച്ചുകൊണ്ടിരുന്നു. അതുകേട്ട ഞങ്ങൾ അന്നു രാത്രി തന്നെ പ്രൊജക്ടിന് ഒരു രൂപം ആക്കാനുള്ള പെടാപ്പാടിലായിരുന്നു. രാത്രി മൂന്നോ നാലോ മണിയോടെ പറ്റുന്നപോലെ ഒക്കെ ആക്കിവെച്ച് ഞങ്ങളുറങ്ങാൻ പോയി. രാവിലെ 8 മണിയോടെ കണ്ണുതുറന്ന് വന്നപ്പോൾ കണ്ടത് സ്കൂളിന്റെ മുൻപിൽ scooty യിൽ വന്നു നിൽക്കുന്ന രശ്മി മിസ്സിനെയാണ്. ഞങ്ങളുടെ ഹർത്താൽ അടിച്ചു പൊളിക്കാനുള്ള പ്ലാനുകൾ എല്ലാം തകർന്നു. അങ്ങനെ തീർത്താലും തീരാത്ത corrections മായി ഞങ്ങളുടെ ഹർത്താൽ ദിവസം പുരോഗമിച്ചുകൊണ്ടിരുന്നു. അപ്പോഴും ഉച്ചയ്ക്ക് തീരും എന്നൊരു പ്രതീക്ഷ ഞങ്ങൾക്കുണ്ടായിരുന്നു. അപ്പോഴാണ് ഉച്ചഭക്ഷണവുമായി ഫുവാദ് ഇക്കയുടെ രംഗപ്രവേശനം. മിസ്സ് കറക്ട് ചെയ്ത project ഫുവാദിക്കയെ കാണിച്ചപ്പോൾ സംഭവിച്ചത് മറ്റൊരു വഴിതിരിവായിരുന്നു. Dictionary യിൽ കാണാത്ത കുറേ English വാക്കുകളുമായി പ്രൊജക്ടിൽ വീണ്ടും തിരുത്തലുകൾ നിറഞ്ഞുകൊണ്ടിരുന്നു. കഴിയുമ്പോൾ കഴിയുമ്പോൾ പണി തരാൻ ഫുവാദ് ഇക്ക ഉള്ളതുകൊണ്ട് ഞങ്ങൾ ട്രോളാനും മറന്നില്ല. ഉറക്കം സഹിക്കാൻ വയ്യാതെ Bengu ഉം Rafi യും പോയി കിടന്നുറങ്ങി. അരമണിക്കൂർ കഴിഞ്ഞ് അവർ തിരിച്ചുവന്നു VR ഉം Amru ഉം shift ഇട്ട് ഉറങ്ങാൻ പോയി. shift ഉറക്കമൊക്കെ കഴിഞ്ഞു ഞങ്ങൾ തിരികെ വന്നപ്പോഴും ഫുവാദ് ഇക്കയും മിസ്സും ഒട്ടും മടുപ്പില്ലാതെ പ്രൊജക്ടിനു പുറകേ തന്നെയായിരുന്നു. അങ്ങനെ 7:30 ആയപ്പോൾ ജസീൽ മിസ്സിനോട് ചോദിച്ചു. 'മിസ്സേ, വീട്ടിൽ പോണില്ലേ?... കുട്ടികളൊക്കെ?' അതിനുള്ള ഉത്തരം മിസ്സ് ഒരു ചിരിയിൽ ഒതുക്കിയെങ്കിലും ഫുവാദ് ഇക്ക പറഞ്ഞു, 'മിസ്സിന്റെ ഹസ്ബന്റ് പോലും ഇങ്ങനെ ചോദിച്ചിട്ടില്ല' എന്ന്. അപ്പോൾ മിസ്സ് പറഞ്ഞു, 'ഓരോ പ്രൊഫഷനും അതിന്റേതായ സ്വഭാവമുണ്ട്, അതു മനസ്സിലാക്കിയാൽ പിന്നെ ജോലിയും കുടുംബവും ഒരുമിച്ചുകൊണ്ടുപോകുന്നത് ഒരു ബുദ്ധിമുട്ടുള്ള കാര്യമല്ല.' ഈ ഒരൊറ്റ മറുപടി കൊണ്ട് ഈ പ്രൊജക്ടിനോട് മിസ്സ് കാണിക്കുന്ന ആത്മാർത്ഥത ഞങ്ങളും കാണിക്കണമെന്നും ഇത് നമ്മുടെ പ്രൊജക്ട് ആണെന്നും ഞങ്ങൾ തിരിച്ചറിഞ്ഞു. അങ്ങനെ

അടുത്ത ദിവസം മുഴുവൻ ഇരുന്ന് മിസ്സ് പറഞ്ഞ തിരുത്തലുകൾ എല്ലാം ചെയ്തു തീർത്തു. എല്ലാ തിരുത്തലുകളും ചേർക്കലുകളും കഴിഞ്ഞപ്പോൾ 50 page ഉദ്ദേശിച്ചിരുന്ന ഞങ്ങളുടെ project 250 page കവിഞ്ഞു. ഇത്രയും പേജിലെ ചിത്രങ്ങളും മാപ്പുകളും പട്ടികകളും align ചെയ്യുന്നതായിരുന്നു ഇതുവരെ ചെയ്തതിലും വളരെ ശ്രമകരമായ ജോലി. അങ്ങനെ പ്രൊജക്ടുമായി ഞങ്ങൾ കോളേജിൽ പ്രമീള മിസ്സിനെ കാണിക്കാനായി computer club ൽ ഇരുന്ന് alignment പൂർത്തിയാക്കിക്കൊണ്ടിരിക്കുമ്പോഴാണ് ഞങ്ങൾക്ക് അടുത്ത പണി കിട്ടിയത് word document പെട്ടന്നായിരുന്നു blank document ആയി മാറിയത്. നാലുപേരുടെയും കണ്ണുകൾ ഒരുമിച്ച് അരവിന്ദേട്ടനെ തിരക്കി. പെട്ടന്ന് computer club ൽ കയറി വന്ന സൂരജിനോടും Om P യോടും പിന്നെ ആരോടൊക്കെയോ ചോദിച്ചെങ്കിലും ഒന്നും നടന്നില്ല. ഒടുവിൽ ഞങ്ങൾ തന്നെ എന്തിലൊക്കെയോ കുത്തി blank document വീണ്ടും word document ആയി. പോയ ജീവൻ തിരിച്ചുകിട്ടിയ ആശ്വാസമായിരുന്നു ഞങ്ങൾക്ക്. ഒട്ടും വൈകാതെ project print എടുത്ത് പ്രമീള മിസ്സിനെ കാണിച്ചു. മിസ്സ് വളരെയധികം ആത്മാർത്ഥതയോടെ thesis നോക്കുന്നതുപോലെ തിരുത്തലുകൾ വരുത്തിയപ്പോഴേക്കും സമയം 6.30 കഴിഞ്ഞിരുന്നു. അങ്ങനെ ആലത്തൂരിലേക്ക് പോവാതെ അന്ന് ഹോസ്റ്റലിൽ തങ്ങാൻ ഞങ്ങൾ തീരുമാനിച്ചു. Mess out എന്ന വ്യാജേന work load ന്റെ frustation തീർക്കാനായി uber eats app install ചെയ്ത് കുറേ എന്തൊക്കെയോ order ചെയ്ത് ഞങ്ങൾ തിന്നുതീർത്തു. വളരെ സമാധാനത്തോടെ പണി പൂർത്തിയാക്കി ഞങ്ങൾ കിടന്നുറങ്ങി. പിറ്റേന്നു രാവിലെ തന്നെ ഞങ്ങൾ മേഴ്സി മിസ്സിനൊപ്പം ആലത്തൂരിലേക്കു പുറപ്പെട്ടു. അപ്പോഴും project print എടുക്കാൻ കൊടുത്തിട്ടില്ല. നാളെയാണ് സമാപന ചടങ്ങുകൾ ആലത്തൂരിലെ സ്കൂളിൽ എത്തിയ ഞങ്ങളെയും കാത്ത് ഫുവാദ് ഇക്കയും ഉണ്ടായിരുന്നു. സ്കൂളിൽ Exhibition ന്റെ തിരക്കുകൾ ആയതുകൊണ്ടു രശ്മി മിസ്സ് ഞങ്ങളെയും കൊണ്ട് ഫുവാദ് ഇക്കയുടെ ഓഫീസിലേക്കു പോയി. Technical support നു വേണ്ടി ശ്രീകുമാറിനെയും കൂടെ കൂട്ടി. തീരെ പൊടി തട്ടാത്ത, internet ഉം camera കൊണ്ടും നിറഞ്ഞ ഒരു ഓഫീസ്. അവിടെ ഇരുന്ന് മിസ്സും ഇക്കയും പറഞ്ഞ corrections VR ഉം Amru ഉം കൂടെ ചെയ്തു തുടങ്ങി. Rafi index ഉം Bengu conclusion ഉം എഴുതി. ശ്രീകുമാർ photoshop ൽ cover page design ചെയ്തു. പെട്ടന്നാണ് ശ്രീക്കുവിന്റെ ലാപ്പിലെ ചാർജ്ജ് തീരാറായത്. സമയം 3.15 കഴിഞ്ഞു. വേറെ ഒരും ലാപ്പിലും photoshop ഇല്ല. പക്ഷേ twist അതല്ല. ശ്രീക്കുവിന്റെ Acer lap ന്റെ charger ഇരിക്കുന്നത് 10 മിനിറ്റ് ദൂരെയുള്ള ഞങ്ങൾ താമസിക്കുന്ന സ്കൂളിലാണ്. പെട്ടെന്ന് എന്ത് ചെയ്യണമെന്നറിയാതെ Rafi യും Bengu ഉം തൊട്ടടുത്തുള്ള Medical shop ലെ ചെട്ടനോട് വരെ പോയി Acer ലാപ്പിന്റെ charger അന്വേഷിച്ചു. ഞങ്ങളുടെ നിസ്സഹായാവസ്ഥ കണ്ട് ഫുവാദ് ഇക്ക സ്കൂട്ടറിന്റെ താക്കോൽ ഞങ്ങൾക്ക് നേരെ നീട്ടി. ഒരു നിമിഷം മനസ്സിൽ അമലിന്റെയും അനീസിന്റെയും മുഖം തെളിഞ്ഞു. License ഇല്ലാത്ത ഞങ്ങൾക്ക് എന്തെങ്കിലും പറ്റി (ഭാഗ്യം അല്പം കൂടുതലായതുകൊണ്ട്) ഈ തിരക്കുപിടിച്ച നിമിഷത്തിൽ പ്രശ്നങ്ങൾ വഷളാക്കണ്ടല്ലോ എന്നാലോചിച്ച് ചാവി തിരിച്ചുകൊടുത്ത് ഓട്ടോയിൽ കയറി സ്കൂളിലേക്കു പോയി ഓട്ടോയോട് 5 മിനിറ്റ് wait ചെയ്യാൻ പറഞ്ഞ് റൂമിലേക്ക് ഓടെടാ ഓട്ടം. Door – ന്റെ മുന്നിൽ എത്തിയപ്പോഴാണ് bulb കത്തിയത്, ചാവിയെവിടെ? അതേ ഓട്ടോയിൽ തിരിച്ചുപോയി ചാവി വാങ്ങി ലാപ്പിന്റെ charger എടുത്തുകൊണ്ടുവന്നു. ഞങ്ങൾക്കും ലാപിനും ഒരേ സമയം ശ്വാസം വീണു. അപ്പോഴാണ് exhibition ന്റെ വിളമ്പരയാത്രയുടെ ചെണ്ടമേളം കേൾക്കുന്നത്. ഉള്ളിൽ അല്പം സങ്കടത്തോടുകൂടി നാട്ടുകാരോടൊപ്പം നിന്ന് ഞങ്ങൾ വിളംമ്പരയാത്ര കണ്ടു. സമയം 5.30 കഴിഞ്ഞുട്ടും ചെയ്തുതീർന്നില്ല. അതുകൊണ്ട് പ്രസ്സിൽ ചെയ്യാനുള്ള മോഹം ഉപേക്ഷിച്ച് mission spiral binding ലേക്ക് മാറി. അങ്ങനെ സമയം 8 മണി 'PDF conversion 99% completed പ്രിന്റ് എടുക്കാൻ കൊടുത്തു. ഒടുവിൽ bind ചെയ്ത project മായി ഞങ്ങൾ സ്കൂളിലെത്തി പിറ്റേ ദിവസം സമാപന സമ്മേളനത്തിനായി VC യും മന്ത്രിയും എത്തി. Project കൈമാറുന്ന സമയമായപ്പോൾ പല ജോലികളിലേർപ്പെട്ടിരുന്ന ഞങ്ങൾ നാലുപേരും ആ ചടങ്ങ് കാണാനായി ഒരുമിച്ചെത്തി. Dr. R. Chandrababu sir project പഞ്ചായത്തു പ്രസിഡന്റിനു കൈമാറുമ്പോൾ നാലുപേരുടെയും കണ്ണുകൾ സന്തോഷംകൊണ്ട് നിറഞ്ഞിരുന്നു. പരിപാടി കഴിഞ്ഞു രശ്മി മിസ്സ് ഞങ്ങളോട് പറഞ്ഞു.
'ഈ project അടിസ്ഥാനമാക്കി ഞാൻ മുന്നോട്ട് പോവുകയാണ്. കർഷകർക്ക് വെള്ളം എത്തിക്കേണ്ടത് ഇനി എന്റെ വാശിയാണ്.' അതുകേട്ടപ്പോൾ ഞങ്ങൾക്കുണ്ടായ സംതൃപ്തി വാക്കുകൾക്കതീതമാണ്.

Project ചെയ്ത ഒരാഴ്ച വളരെയധികം ഭാരമായി തോന്നിയെങ്കിലും ഇത് ഒരു നാടിന് നന്മയായി ഭവിക്കുമെന്നുറപ്പായപ്പോൾ ആ പ്രയത്നങ്ങളത്രയും ഒരനുഗ്രഹമായി ഞങ്ങൾക്ക് തോന്നി. ഈ project ചെയ്യാൻ ഞങ്ങളെ സഹായിച്ച മേഴ്സികുട്ടി മിസ്സിനും ജയശ്രീ മിസ്സിനും പ്രമീള മിസ്സിനും നന്ദി

ഒരു കൃഷി ഓഫിസർ എങ്ങനെ ആയിരിക്കണമെന്നു സ്വന്തം പ്രവൃത്തികൊണ്ടു കാണിച്ചു തന്ന രശ്മി മിസ്സിനും നന്ദി.

അതിലേറെ നന്ദിയോടെ...
നിത റാഫി, അമൃത വരേണ്യ,
ആതിര വേണുഗോപാൽ, കൃഷ്ണ വി. ആർ

# കളി

എഴുത്ത് : ഡോ. അനീന ഇ. ആർ. (Dept. of Community Science)
വര : സ്നേഹ പി. (Gagnants'15)



അറുപത്തിനാല് കുടില ചത്വരങ്ങൾ
വൈരം രാകിക്കടഞ്ഞ കരുക്കൾ
തന്ത്രം മെനഞ്ഞ സിരകൾ
നിഗൂഢം ചലിക്കും വിരലുകൾ
കാൽച്ചുവട്ടിൽ കറുപ്പും വെളുപ്പും
മാറിയും മറിഞ്ഞും
രാജാവാകിലും കാവലാളും
കാലാളുമില്ലാത്ത ചത്വരപ്പൂട്ടിൽ
ഗതിവേഗമൊടുങ്ങിടാം
ഒരടി മുന്നോട്ടാഞ്ഞാൽ നോവിക്കുന്നത്
നിന്റെ കാവലാളിന്റെ കുന്തമുന
ഒന്നെടുത്താൽ നീറ്റുന്നത്
കൂടെ നടന്നവന്റെ വാൾത്തല
നിന്റെ ചിരികളിൽ ചോരമണം
നെഞ്ചിൽ വീഴുമൊളിയമ്പുകൾ
കുളമ്പടികൾ കുതിപ്പുകൾ കിതപ്പുകൾ
എല്ലാമൊടുങ്ങുമ്പോൾ ഒഴിഞ്ഞ
കറുത്ത വെളുത്ത കളങ്ങൾ
ചെളിപുരളാതെ കറുപ്പിലും
വെളുപ്പിലും ഒളിച്ചും പതുങ്ങിയും
ചാടിച്ചവിട്ടി അളന്നും കുറിച്ചും
നേടിയതെല്ലാമൊന്ന് എണ്ണുമോ
അണിനിരത്തിയ വിരലുകൾ
കരുനീക്കം വരച്ച ബുദ്ധികൾ
കൈകോർത്ത് കടൽത്തീരത്ത്
കാറ്റുകൊള്ളുമ്പോൾ
അമ്പത്താറു ചോരച്ചാർത്തുകളിൽ
പിടയുന്നു നീയും ഞാനും



# 'MISSION LD 007'

എഴുത്ത് : LD Team

ഒരു വർഷം മുമ്പുള്ള മാർച്ച് മാസത്തിൽ ഒരു രാത്രിയിൽ ആരോ റൂമിൽ വന്നു പറഞ്ഞു. "ലക്ഷദ്വീപിൽ പോകാൻ ആരൊക്കെയുണ്ട്. ഉള്ളവർ വേഗം മുർത്താലിക്കയോട് പറയണം." പെർമിറ്റും കുറേ പേപ്പറുമൊക്കെ റെഡിയാക്കാനുണ്ട്. ഒത്തിരി നാളായി എല്ലാവരും പറഞ്ഞിരുന്ന കാര്യമായിരുന്നു മുർത്താലിക്കയുടെ കൂടെ ദ്വീപിൽ പോകണമെന്ന്. ഇതു കേട്ടതും ഞങ്ങളെല്ലാം പോകാൻ താല്പര്യം അറിയിച്ചു. പിന്നെ വൈകാതെ തന്നെ എല്ലാവരും PCC (Police Clearance Certificate) വാങ്ങി വന്നു.

വാട്സാപ്പിൽ 'Mission LD 007' എന്ന ഒരു ഗ്രൂപ്പും തുടങ്ങി. പിന്നീട് ചർച്ചകളെല്ലാം അതിലായി. അധികം വൈകാതെ പെർമിറ്റ് റെഡിയായി. ഏപ്രിലിൽ പോകാനായിരുന്നു ആദ്യതീരുമാനം. എന്നാൽ കോളേജിലെ തിരക്കുകൾ കാരണം അതിന് സാധിച്ചില്ല. പെർമിറ്റിന് 6 മാസം കാലാവധി ഉള്ളതിനാൽ പിന്നീട് പോകാമെന്നായി തീരുമാനം. എന്നാൽ ഡിഗ്രി അവസാന വർഷമായതിനാൽ JRF-ഉം മറ്റ് എൻട്രൻസുകളുമൊക്കെ വന്നതിനാൽ ഞങ്ങളുടെ ലക്ഷദ്വീപ് സ്വപ്നം നീണ്ട് നീണ്ട് പോയി. 'Mission LD 007' എന്ന ഗ്രൂപ്പ് ചാറ്റ് ലിസ്റ്റിൽ ഏറ്റവും താഴെപ്പോയി. കോഴ്സ് കഴിഞ്ഞ് ഞങ്ങളിൽ പലരും ഇന്ത്യയുടെ പല സ്ഥലങ്ങളിൽ പഠിക്കാനും പോയി. എല്ലാവരുടെയും ലക്ഷദ്വീപ് യാത്രയുടെ പ്രതീക്ഷയൊക്കെ ഏകദേശം അസ്തമിച്ച സമയത്തായിരുന്നു ഗ്രൂപ്പിൽ മുർത്താലിക്ക

യുടെ മെസേജ്. അടുത്ത ദിവസം തന്നെ കൊച്ചിയിൽ പോയി ടിക്കറ്റ് എടുക്കണം. സെപ്റ്റംബർ 6 ന് ഒരു ഷിപ്പുണ്ട് ദ്വീപിലേക്ക്. അതിന് മുൻപ് എല്ലാവരും ഇവിടെ എത്തണം. അങ്ങനെ വരാൻ പറ്റുന്നവരെയൊക്കെ പെട്ടെന്ന് വിളിച്ചുവരുത്തി. കുറച്ച് കഷ്ടപ്പെട്ടിട്ടാണെങ്കിലും പോകാനും വരാനുമുള്ള ടിക്കറ്റും റെഡിയാക്കി, സെപ്റ്റംബർ 6 ന് രാവിലെ ഞങ്ങളുടെ സ്വർഗ്ഗമായ പമ്പയിൽനിന്നും 13 പേരുമായി ആ യാത്ര തുടങ്ങി.

നിറയെ അബദ്ധങ്ങളോടെയായിരുന്നു യാത്രയുടെ തുടക്കം. തൃശൂരിൽനിന്നും ആലുവയ്ക്ക് ട്രെയിൻ കയറി, ജനറലിൽ തിരക്കായതിനാൽ സ്ലീപ്പറിൽ കയറി, TTR വന്നപ്പോൾ എല്ലാവരും പലവഴിക്ക് ഓടിയതും അയാൾ പിറകെ വന്ന് പിടിച്ച് ഫൈൻ വാങ്ങിയതുമെല്ലാം ഇന്നോർക്കുമ്പോൾ രസമായി തോന്നുന്നെങ്കിലും അന്ന് ID-Card ഒക്കെ വാങ്ങിക്കൊണ്ട് പോയപ്പോൾ ചിലരുടെയെങ്കിലും മനസ്സിൽ ഒരു ചെറിയ ആളൽ ഉണ്ടായി. ഹാർബറിൽ ചെക്ക് ഇൻ സമയം 3pm ആയിരുന്നു. എറണാകുളത്തുനിന്നും ഊബർ വിളിച്ചതും, അയാൾ വഴിയറിയാതെ സിറ്റി ഫുൾ കറങ്ങി അവസാനം നേരം വൈകി ഹാർബർ കണ്ടുപിടിച്ച് ഇറക്കിയതും മറ്റൊരു കഥ. ഏറ്റവും അവസാനം ചെക്കിൻ ചെയ്തത് ഞങ്ങളായിരുന്നു. ഞങ്ങളെ കാത്ത് മുർത്താലിക്കയുടെ ഫ്രണ്ട് ഫൈറൂസ് ഇക്ക അവിടെയുണ്ടായി. അങ്ങനെ ഞങ്ങൾ 14 പേരായി യാത്രക്കാർ. M.V. Lagoon എന്ന ഷിപ്പ് കണ്ണിൽപ്പെട്ടു. നൂറ് മീറ്ററിലധികം നീളവും മൂന്നു നിലക്കെട്ടിടത്തിന്റെ ഉയരവുമുള്ള ആ കപ്പൽ ഞങ്ങളുടെ ആദ്യ കപ്പൽയാത്രയ്ക്ക് 'ride' ആയി. കപ്പലിന് മുന്നിൽ നിന്ന് ഫോട്ടോയ്ക്ക് പോസ് ചെയ്യുമ്പോൾ സെക്യൂരിറ്റിക്കാർ വന്ന് ഫോട്ടോസ് അനുവദനീയമല്ലെന്ന് പറഞ്ഞ് ഞങ്ങളെ ഓടിച്ചു. കപ്പൽ യാത്ര തുടങ്ങി. തിരമാലകളെ കീറിമുറിച്ച് M.V. Lagoon മുന്നോട്ട് നീങ്ങുന്ന കാഴ്ച ഡെക്കിൽനിന്ന് ഞങ്ങൾ ആവോളം ആസ്വദിച്ചു. കടൽ പൊതുവേ ശാന്തമായിരുന്നെങ്കിലും ഇടയ്ക്കൊക്കെയുള്ള ഇളക്കം ഡെക്കിൽ നിൽക്കുന്ന ഞങ്ങളെ ചെറുതായി പേടിപ്പിക്കുന്നുണ്ടായിരുന്നു. എങ്കിലും കൂടുതൽ സമയവും സൂര്യാസ്തമയവും കണ്ട് സൂര്യൻ കടലിൽ താഴുന്നതും നോക്കി ഞങ്ങൾ അവിടെത്തന്നെ നിന്നു. കപ്പലിൽ നിന്ന് എടുത്ത ഫോട്ടോസ് സ്റ്റാറ്റസ് ഇടാൻ നോക്കിയപ്പോഴാണ് മൊബൈൽ റേഞ്ച് പോയത് ആദ്യം ശ്രദ്ധിച്ചത്. ഇരുട്ടായപ്പോഴേക്കും നല്ല തണുത്ത കാറ്റ് വീശാൻ തുടങ്ങി. എല്ലാവരും ഡെക്കിൽനിന്നും ബങ്കിലേക്ക് ഇറങ്ങി. വിശാലമായിരുന്നു ഉൾവശം. കാന്റീനും കിടക്കാനുള്ള ബങ്കുമെല്ലാം നല്ല വൃത്തിയുള്ളതായിരുന്നു. രാത്രിയിൽ കപ്പലിലെ ചോറും മീൻകറിയും പിന്നെ ചായയുമൊക്കെ നന്നായി ആസ്വദിച്ചിട്ട് ഒന്നു കൂടി ഡെക്കിൽപോയി കാറ്റ് കൊണ്ടിട്ട് ഞങ്ങളെല്ലാം കപ്പലുറക്കത്തിന് തയ്യാറായി.

പിറ്റേന്ന് രാവിലെ യാത്രക്കാരുടെ ശബ്ദം കേട്ടാണ് ഞങ്ങൾ ഉണർന്നത്. കപ്പൽ ആന്ത്രോത്ത് ദ്വീപിൽ എത്തി. അവിടെ ഇറങ്ങാനുള്ളവർ തിരക്കുപിടിച്ച് കപ്പലിന്റെ താഴേക്ക് പോകുന്നുണ്ടായിരുന്നു. ആന്ത്രോത്ത് ദ്വീപ് ദൂരെ നിന്നും ഞങ്ങൾക്ക് നന്നായി കാണാം. താഴെ ആളുകൾ ചരക്കുസാധനങ്ങൾ ബോട്ടിലേക്ക് മാറ്റി വേഗം ദ്വീപിൽ എത്തിക്കാനുള്ള തിരക്കിലാണ്. ദ്വീപിന് പുറംലോകവുമായി ഏക ബന്ധം ഈ കപ്പലുകൾ വഴിയായതിനാൽ എല്ലാവിധ സാധനങ്ങളും കപ്പൽ മുഖേനയാണ് അവിടെ എത്തിക്കുന്നത്. ഏകദേശം രണ്ട് മണിക്കൂറോളം ചരക്ക് ഇറക്കാൻ തന്നെ എടുത്തു. അടുത്തത് ഞങ്ങളുടെ ലക്ഷ്യസ്ഥാനമായ കൽപേനി ദ്വീപായിരുന്നു. ആന്ത്രോത്തിൽ നിന്നും ഏകദേശം നാല് മണിക്കൂർ അകലെ. ഉച്ചയായപ്പോൾ കപ്പൽ അവിടെ എത്തി. ദൂരെനിന്നും ഞങ്ങൾ കൽപേനി കണ്ടു. കടലിന് ദ്വീപിന് തൊട്ട് പച്ചനിറമായിരുന്നു. 'നീലാകാശവും പച്ചക്കടലും പിന്നെ നിറയെ പച്ചപുതച്ച് നിൽക്കുന്ന ഭൂമിയും! നേരിട്ട് ഇത്തരമൊരു കാഴ്ച ഞങ്ങളാരും കണ്ടിരുന്നില്ല. മിനിറ്റുകളോളം കണ്ണെടുക്കാതെ ഞങ്ങളത് നോക്കി നിന്നു. പച്ചക്കടലിനും നീലാകാശത്തിനുമിടയിൽ വിശ്രമിക്കുന്ന കപ്പലിന്റെ ചിത്രം ഞങ്ങൾ ആവോളം പകർത്തി.

ദ്വീപിൽ ഇറങ്ങിയപ്പോൾ ഞങ്ങളെ സ്വീകരിക്കാനായി മുർത്താലിക്കയുടെ ഉപ്പയും കൂട്ടുകാരനായ സദഹത്ത് ഇക്കയുമുണ്ടായിരുന്നു. ഞങ്ങൾ ആദ്യംതന്നെ ഇക്കയുടെ വീട്ടിൽപ്പോയി വീട്ടുകാരെ പരിചയപ്പെടുകയും ചായയ്ക്കുശേഷം ദ്വീപ് കാണാൻ ഇറങ്ങുകയും ചെയ്തു.

രണ്ട് കാറുകളിലായാണ് ഞങ്ങളുടെ യാത്ര. മുർത്താലിക്കയും സദഹത് ഇക്കയുമാണ് തേരാളികൾ. തെങ്ങുകൾക്കിടയിലൂടെ കേവലം ഒരു വണ്ടിക്ക് മാത്രം പോകാൻ സ്ഥലമുള്ള വഴികളിലൂടെയുള്ള ആ ഡ്രൈവിംഗ് ചങ്കിടിപ്പ് കൂട്ടുന്നതായിരുന്നു. ഒരു പഴയ കടൽപ്പാലമാണ് ഞങ്ങൾ ആദ്യം കണ്ടത്. 'തോക്ക' എന്ന ജീവിയെ കടലിനടിയിൽ ആദ്യം കാണാൻ പറ്റി. പിന്നീട് എവിടെപ്പോയാലും ഇതിനെത്തന്നെ കാണുമെന്ന് അപ്പോൾ ഞങ്ങൾക്ക് അറിയില്ലായിരുന്നു. പച്ചനിറമുള്ള കടൽവെള്ളം മെല്ലെ സൂര്യരശ്മികളേറ്റ് ചുവന്ന് തുടങ്ങിയിരുന്നു. വളരെ വേഗം തന്നെ ആകാശവും കരയുമെല്ലാം ചുവന്ന് തുടുക്കുകയും ഇതുവരെ കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും മനോഹരമായ സൂര്യാസ്തമയത്തിന് സാക്ഷികളാവുകയും ചെയ്തു.

സൽക്കാരത്തിന്റെ മണിക്കൂറുകളായിരുന്നു പിന്നീട്, ഇക്കയുടെ ബന്ധുവീടുകളിൽ നിന്നുമൊക്കെ ചായയും ലക്ഷദ്വീപ് വിഭവങ്ങളുമൊക്കെ കഴിച്ച് ഞങ്ങൾ നടക്കാനിറങ്ങി. അങ്ങനെ ഇരുട്ട് നിറഞ്ഞ തെങ്ങുകൾക്കിടയിലൂടെയുള്ള വിജനമായ ചെറിയ കോൺക്രീറ്റ് റോഡുകളിലൂടെ നടക്കുമ്പോഴായിരുന്നു മുർത്താലിക്ക ആ കഥ പറഞ്ഞത്. അവിടെ അടുത്തുള്ള ഒരു പള്ളി ജിന്ന് പണിതതാണത്രേ. അവിടത്തെ ആമ്പിയൻസ് ഒക്കെ ഏകദേശം ആ കഥയോട് ചേർന്ന് നിന്നിരുന്നതുകൊണ്ട് ഞങ്ങൾക്കൊക്കെ അത് വിശ്വസിക്കാതെ തരമില്ലായിരുന്നു. ഞങ്ങളുടെ പതിഞ്ഞ സംസാരത്തിന് മേലെ തിരമാലകൾ കരയിൽ വന്നടിക്കുന്ന ശബ്ദം നിർത്താതെ മുഴങ്ങുന്നുണ്ടായിരുന്നു...

രുചികളുടെ കാര്യത്തിൽ ലോകത്തിലെ ഏത് സ്ഥലത്തോടും കിടപിടിക്കും ലക്ഷദ്വീപ് എന്ന് ഞങ്ങൾക്ക് മനസ്സിലായിത്തുടങ്ങി, രാവിലെ തന്നെ നൗഷാദിക്കയുടെ വീട്ടിൽനിന്നും സൽക്കാരം! LD സ്പെഷ്യൽ കിലാഞ്ചിയും തേങ്ങാപ്പാലും, മീൻകറിയും, ഫ്രൈയും എല്ലാം നന്നായി കഴിച്ച് ഞങ്ങൾ നേരെ കയാക്കിങ്ങിനിറങ്ങി. അധികം ആഴമില്ലാത്ത ഒരു ലഗൂണിലായിരുന്നു കയാക്കിങ്. പച്ചയും നീലയും കലർന്ന കടലിന്റെ അടിവശം നന്നായി തെളിഞ്ഞ് കാണാമായിരുന്നു. ചെറിയ പേടിയോടെയാണ് ഫൈബർ കയാക്കുകളിൽ കേറിയതെങ്കിലും മുർത്താലിക്കയും ഫൈറൂസിക്കയും സദഹത്ത് ഇക്കയും കൂടെയുള്ളത് ധൈര്യം തന്നു. എന്നാൽ ഞങ്ങളുടെ പേടിയൊക്കെ നിമിഷനേരംകൊണ്ട് പോയി. എല്ലാവരും കയാക്ക് വാശിയോടെ

തുഴയുന്നതിന്റെയും ഫോട്ടോസ് എടുക്കുന്നതിന്റെയും തിരക്കിലായിരുന്നു.

ഇടയ്ക്ക് ആഴം കുറഞ്ഞ സ്ഥലത്ത് എത്തിയപ്പോൾ ഞങ്ങൾ കടലിൽ ഇറങ്ങുകയും ഗൂഗിൾസ് വച്ച് കടലിന് അടിയിലെ അത്ഭുതങ്ങൾ കാണുകയും ചെയ്തു. നാഷണൽ ജോഗ്രഫിക് ചാനലിൽ മാത്രം കണ്ടിട്ടുള്ള കടലിന്റെ അടിവശം ഇത്രയും തെളിച്ചത്തോടെ കൺമുന്നിൽ! പല നിറങ്ങളിലുള്ള മീനുകളും മറ്റ് അമ്പരപ്പിക്കുന്ന കടൽ ജീവികളും, പവിഴപ്പുറ്റും പിന്നെ ആദ്യമേ പറഞ്ഞ തോക്കയും. എല്ലാം കൊണ്ടും വേറൊരു ലോകമായിരുന്നു അത്. സീസൺ ആവാത്തതിനാൽ സ്കൂബ ഡ്രൈവിങ്ങ് ചെയ്യാൻ പറ്റാഞ്ഞതായിരുന്നു ഏക സങ്കടം. അതിന് ശേഷം കൽപേനി ലൈറ്റ്ഹൗസിന്റെ മുകളിൽ കേറി ഞങ്ങൾ. ഏകദേശം 6.5 കിലോമീറ്റർ നീളവും വളരെ കുറഞ്ഞ വീതിയുമുള്ള കൽപേനി ദ്വീപിന്റെ തല മുതൽ വാൽ വരെ ലൈറ്റ്ഹൗസിന്റെ മുകളിൽനിന്ന് കാണാമായിരുന്നു. ഡിസ്നിയുടെ അനിമേഷൻ സിനിമകളിൽ കാണുന്നപോലെ മനോഹരമായ കടലും, ആകാശവും പിന്നെ തിങ്ങിനിറഞ്ഞ് നിൽക്കുന്ന തെങ്ങുകളും ഞങ്ങൾ അത്ഭുതത്തോടെ നോക്കി നിന്നു.

ദ്വീപിലുള്ള ഹെലിപാഡ് ആയിരുന്നു അടുത്ത ലക്ഷ്യം. തൊട്ടപ്പുറത്തുള്ള കടലിനോട് ചേർന്നുള്ള മതിൽക്കെട്ടുകളും സംരക്ഷണഭിത്തികളുമെല്ലാം തകർന്ന് കിടക്കുകയാണ്. പ്രകൃതിയുടെ വികൃതിയായ 'ഓഖി' സമ്മാനിച്ചതായിരുന്നു ഇത്. കടൽ മീറ്ററുകളോളം ഉള്ളിലേക്ക് കേറുകയും ദ്വീപിനും ബോട്ടുകൾക്കുമെല്ലാം ഒത്തിരി നാശം വിതയ്ക്കുകയും ചെയ്തു. ദൂരെ കടലിൽ ഒരു കപ്പൽ നങ്കൂരമിട്ട് കിടക്കുന്നുണ്ടായിരുന്നു.

പിറ്റേന്ന് രാവിലെ തന്നെ ഞങ്ങൾ കൽപേനിക്കടുത്തുള്ള 'ചെറിയത്ത്' ദ്വീപിലേക്ക് ബോട്ടിൽ യാത്രയായി. മുർത്താലിക്കയുടെ ഉപ്പയും കൂട്ടുകാരുമൊക്കെ കൂടെയുണ്ടായിരുന്നു. കടലിൽ മീൻ പിടിക്കാനും അവിടെവെച്ച് തന്നെ ഭക്ഷണം ഉണ്ടാക്കാനുമൊക്കെയുള്ള എല്ലാ സാധനസാമഗ്രികളും കൈയിൽ കരുതിയിരുന്നു. ബോട്ടിന്റെ വേഗത കുറച്ച് ചൂണ്ടയിട്ടും... ചെറിയ വലയിട്ടും ഒക്കെ ഞങ്ങൾ മീൻപിടുത്തം തുടങ്ങി. ദ്വീപിൽ എത്തിയപ്പോൾ ഉപ്പയും കൂട്ടുകാരും വലിയ വലയുമായി കടലിൽ ഇറങ്ങി.

പിന്നാലെ സഹായിക്കാൻ ഞങ്ങളും കൂടി. പല സ്ഥലങ്ങളിൽനിന്നും വലയിട്ട് മീൻ പിടിച്ചു. പല നിറങ്ങളിലും വലിപ്പത്തിലുമുള്ള നിറയെ മീൻ ഞങ്ങൾക്ക് കിട്ടി. ഉച്ചയായപ്പോഴേക്കും ഭക്ഷണം പാകം ചെയ്ത് കഴിക്കുകയും പിന്നെ തെങ്ങോലകൾക്ക് മേലെ കിടന്ന് ഉറങ്ങുകയും ചെയ്തു. ആൾത്താമസമില്ലാത്ത ദ്വീപായിരുന്നു ചെറിയത്ത്. ഒരുപാട് ഇളനീരും ഞങ്ങൾ കുടിച്ചു. സന്ധ്യയോടുകൂടി അവിടന്ന് ഞങ്ങൾ മടങ്ങി. തിരിച്ച് വീട്ടിൽ എത്തിയതും ഉമ്മയുടെ വക നല്ല ബിരിയാണിയും മറ്റ് വിഭവങ്ങളും സ്പെഷ്യലായി ഞങ്ങൾക്ക് കിട്ടി. സദഹത്ത് ഇക്കയുടെ വീട്ടിൽനിന്നും സൽക്കാരമുണ്ടായി. പിറ്റേന്ന് ഉച്ചയ്ക്കായിരുന്നു ഞങ്ങൾക്ക് തിരിച്ചുപോകാനുള്ള കപ്പൽ. പിറ്റേന്ന് കാണാത്ത സ്ഥലങ്ങളിലൊക്കെ പോവുകയും വീട്ടിലേക്ക് മീനച്ചാറും പലഹാരങ്ങളും വാങ്ങിക്കുകയും ചെയ്തു ഞങ്ങൾ. ടൂറിസ്റ്റ് സീസൺ അല്ലാത്തതുകൊണ്ട് എല്ലാവർക്കും അച്ചാർ കിട്ടാതെ വന്നപ്പോൾ ഉമ്മ ഉണ്ടാക്കിത്തരുകയും ചെയ്തു. അങ്ങനെ ഉച്ചയായപ്പോഴേക്കും എല്ലാവരോടും യാത്ര പറഞ്ഞ് ഞങ്ങൾ ഒരല്പം സങ്കടത്തോടെ M.V. കവരത്തി കപ്പലിൽ കയറി.

കൽപേനി എന്ന കൊച്ചുദ്വീപിൽ ഞങ്ങൾ ഉണ്ടായിരുന്നത് മൂന്നു ദിവസം മാത്രമായിരുന്നെങ്കിലും അവിടത്തെ ഓരോരുത്തരും ഞങ്ങൾക്ക് വേണ്ടപ്പെട്ടവരായി മാറി. ഞങ്ങളുടെ കൂടെ എല്ലാ സമയത്തും ഒപ്പമുണ്ടായിരുന്ന സദഹത്ത് ഇക്ക ഒരു പച്ചയായ നാട്ടിൻ പുറത്തുകാരനും നല്ലൊരു മനുഷ്യസ്നേഹിയുമായിരുന്നു. അതുപോലെ ഉപ്പ, ഉമ്മ, ഫൈറൂസ് ഇക്ക അങ്ങനെ കുറേയധികം ആളുകൾ ഞങ്ങൾക്ക് പ്രിയപ്പെട്ടവരായി മാറി.

ലക്ഷദ്വീപ് എന്ന് ഗൂഗിളിന്റെ ഏത് മൂലയ്ക്ക് അടിച്ചുകൊടുത്താലും കിട്ടുന്ന വിവരങ്ങളും വിവരണങ്ങളും ശരിക്കുമുള്ള അതിന്റെ മനോഹാരിത പകർന്ന് തരില്ല എന്ന കാര്യം ഉറപ്പാണ്. കടലാൽ ചുറ്റപ്പെട്ട്, പവിഴപ്പുറ്റുകളാൽ സ്ഥാപിതമായ, വിദേശരാജ്യങ്ങൾക്കുപോലും അവകാശപ്പെടാനില്ലാത്ത ഭംഗിയും, മനസ്സിൽ നന്മ മാത്രം നിറഞ്ഞ മനുഷ്യരും എല്ലാം ഈ നാടിന്റെ പ്രത്യേകതകളാണ്. അതൊക്കെ ഒരിക്കലെങ്കിലും ഒരു മനുഷ്യൻ അനുഭവിച്ചറിയേണ്ടതാണ്.

മറ്റൊരു കൗതുകം എന്തെന്നാൽ, എല്ലാവരുടെയും സ്മാർട്ട് ഫോണുകൾ ഈ ദിവസങ്ങളിൽ വെറും അലങ്കാരവസ്തുക്കൾ മാത്രമായി ഒതുങ്ങി. പഴയ നോക്കിയ 1100 ൽ ഒരു BSNL സിം ഇട്ട് ഇടയ്ക്ക് വീട്ടിലോട്ട് വിളിക്കാൻ മാത്രമായി ഫോണിന്റെ ഉപയോഗം. സോഷ്യൽ മീഡിയകൾ ഇല്ലാതെയും സോഷ്യൽ ആവാം എന്ന ചിന്തയിലേക്ക് ഒരു തിരിച്ചുപോക്ക് കൂടെയായിരുന്നു ഇത്. എല്ലാവരും പരസ്പരം തലകുനിക്കാതെ സംസാരിച്ചും കളിച്ചും ചിരിച്ചും സമയം കടന്നു പോയി. ഏകദേശം 8Km മാത്രം ചുറ്റളവുള്ള ഈ സ്ഥലത്താണല്ലോ ഞങ്ങൾ ഇത്രയും അത്ഭുതങ്ങൾ കണ്ടതും അനുഭവിച്ചതും എന്നോർത്തപ്പോൾ എന്തെന്നില്ലാത്ത സന്തോഷമായിരുന്നു.

M.V. കവരത്തിയിൽ തിരിച്ച് കൊച്ചി എത്താറായപ്പോഴും എല്ലാവരുടെയും മനസ്സ് കൽപേനിയിൽത്തന്നെ നിൽക്കുകയായിരുന്നു. പിറ്റേന്ന് പുലർച്ചെ ആയപ്പോൾ ഞങ്ങൾ കൊച്ചിയിലെത്തി. ഞങ്ങൾ ഹോർട്ടിയിൽ എത്തിയപ്പോൾ മുതൽ നന്നായി അറിയാവുന്ന, ഇത്രയും ദിവസം ഞങ്ങളെ സഹിച്ച, ഞങ്ങളുടെ കൂടെ നിന്ന, സ്വന്തം അനിയന്മാരെപ്പോലെ നോക്കിയ മുർത്താലിക്കയോട് എത്ര പറഞ്ഞാലും തീരാത്ത നന്ദിയുമായി ഞങ്ങൾ കൊച്ചിയിൽ കപ്പലിറങ്ങി. എല്ലാവരുടെയും ഫോണുകൾ മെല്ലെ അനങ്ങിത്തുടങ്ങി. കഴിഞ്ഞ കുറേ ദിവസത്തെ വാട്സപ്പ് മെസ്സേജുകൾ വന്നുകൊണ്ടേയിരുന്നു. 'Mission LD 007' എന്ന ഗ്രൂപ്പിലും കുറേ നല്ല ഓർമ്മകൾ ഒപ്പിയെടുത്ത ഫോട്ടോസും വന്നുകൊണ്ടിരിക്കുന്നു. വൈകാതെ തന്നെ ആ ഗ്രൂപ്പിന്റെ പേരും മാറി. 'Mission LD 007 Completed.'

# *The* People's *Poet*

Author : **Nafid C.** (Advaya'17)
Artist : **Sibin K.** (Gagnants'15)



*I grew up in this town, my poetry was born between the hill*
*and the river. It took its voice from the rain and like the timber,*
*it steeped itself in the forests*

- Pablo Neruda

Neruda as an adolescent poet announced almost as a parody of the type, worryingly thin, melancholic and shy and got up all in black unlike ophysical labour done by his mates. Also, as a lazy pupil at school he did not suggest a country doctor or lawyer in making. He appreciated the splendors of the natural world, and mooned over the pretty girls who occupied his world of books. One day the boy's father hurled his bookcase along with his books and papers out of the window which ignited his pen.

*"I love you without knowing how,*
*Or when or from where,*
*I love you simply, without*
*Problems or pride*
*I love you simply in this way because*
*I do not know any other way*
*Of loving but this*
*In which there is no I or you"*

Neruda remains today as an unusually popular poet, in utterly changed conditions. If some of his best poetry eludes an easy comprehension, he has more often produced verse after transparent verse. Even the surreal imagery of early work can create a sensation of cloudless transmission of emotion, as young people in love still frequently discover when they encounter their own frames of passion while reading them in their beds.

*"Tonight, I can write the saddest lines*
*I loved her, and sometimes she loved me to"*

In his solitude, he produced some of the most remarkable Spanish writings of the twentieth century smokily elusive paraphrase, much less interpretation, which project onto the mind's eye in a dissolving succession of images that can be seem at once as inevitable and inexplicable in the best surrealistic way.

Later he felt that the bitterness in all poetry had to end. He decided that from now on his poems would not face inward towards the isolate individual but outward, towards "our fellowman". He was on to find the road which humans outlawed from contemporary literature but deeply rooted in the aspirations of mankind. He says, "it has been the privilege of our time with its wars, revolutions and tremendous social up heals to cultivate more ground for poetry than anyone ever imagined. The common man has had to confront it, attacking or attacked, in solitude or with an enormous mass of people at public rallies.

To a country which has a poetic history of less than a century he read his works to the common thousands as one among them. Old, beyond his years and sad, beyond any misfortune he had yet suffered, he wrote, Neruda spurned the genteel conversations still prevailing in lone poetry at that time.

*"I love you as certain dark things*
*Are to be loved, in secret between*
*The shadow and the soul"*

Neruda invented a way to capture how language sounded inside his mind, prior to demands of articulation in obscure imagery and lines of uneven length. This was both novel and thus unacceptable to the "established" as his heart couldn't feel the world and it just wanted to be itself.

As he writes.

*"you can cut all the flowers, but you cannot keep spring from coming...."*

At night I dream that you and I are two plants
that grew together, roots entwined, and that you
know the earth and the rain like my mouth, since
we are made of earth and rain

- Pablo Neruda

# ഓണൊരു അഗ്രിക്കാരൻ !!!

എഴുത്ത് : ആതിര കെ. (Gagnants'15)
വര : സിബിൻ കെ. (Gagnants'15)

ആദ്യവർഷത്തെ ഒരു എന്റമോളജി ക്ലാസ്... ഹസീന മിസ്സ് തകർത്തുകൊണ്ടിരിക്കുകയാണ്. "May I Come in mam" വാതിൽ പതിയെ തള്ളിമാറ്റിക്കൊണ്ട് നീണ്ടുമെലിഞ്ഞ ഒരു രൂപം... നീട്ടി വളർത്തിയ മുടി, 32 പല്ലും പിന്നെ മോണയും കാട്ടിയുള്ള ഒരു മനോഹരമായ ചിരി. ഒന്നു മുഖത്തേക്ക് നോക്കിയശേഷം ഹസീനമിസ്സ്: "ആരാ". പുതിയ അഡ്മിഷൻ മാഡം!" "come in" അവൻ ക്ലാസിൽ കയറി സ്വയം പരിചയപ്പെടുത്തി, "ഞാൻ സൂരജ്, വയനാട്ടിൽനിന്നും വരുന്നു"... അതേ 2015 ബാച്ച് ആകാംക്ഷയോടെ കാത്തിരുന്ന ആ മഹാൻ ഞങ്ങളുടെ ക്ലാസിൽ എത്തിച്ചേർന്നിരിക്കുന്നു. ഞാൻ വന്ന അന്ന് മുതൽ കേൾക്കാൻ തുടങ്ങിയതാണ് സൂരജ് എന്ന പയ്യൻ വരുന്നുണ്ടെന്ന്. കേരള ഗവൺമെന്റിന്റെ മികച്ച കുട്ടികർഷകനുള്ള അവാർഡ് നേടിയ സാക്ഷാൽ വയനാട്ടുകാരൻ സൂരജ് എന്ന അപ്പു.

2014 15 വർഷത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയിൽനിന്നും അവാർഡ് വാങ്ങി മന്ത്രിമാർക്കും ഉന്നതവ്യക്തിത്വങ്ങൾക്കും മുമ്പിൽ തന്റെ അനുഭവങ്ങൾ വിവരിക്കുമ്പോൾ ഏവരും മൂക്കത്ത് വിരൽവെച്ചിട്ടുണ്ടായിരുന്നു. മൊബൈൽഫോണിലും, ഇന്റർനെറ്റിലും ടിവിയിലുമായി സമയം കൊല്ലുന്ന കൗമാരക്കാർക്കിടയിൽ കൊയ്ത്തരിവാളും മൺവെട്ടിയുമായി മണ്ണിലേക്കിറങ്ങിയവന്റെ അനുഭവങ്ങളും ജ്ഞാനവും ഏവരെയും അത്ഭുതപ്പെടുത്തുന്നവരുമായിരുന്നു.

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിക്കടുത്ത് ഒരു ശുദ്ധ വെജിറ്റേറിയൻ കുടുംബത്തിൽ ജനനം കൂട്ടുകാർ ക്രിക്കറ്റ് ബാറ്റുമേന്തി ഗ്രൗണ്ടിലിറങ്ങുന്ന നേരം സൂരജ് അച്ഛന്റെയും അമ്മയുടെയും കൂടെ മൺവെട്ടിയുമായി പറമ്പിലേക്കാണ് ഇറങ്ങി തുടങ്ങിയത് താൻ നട്ടതൊക്കെ പതിൻമടങ്ങ് വിളവ് തന്നുതുടങ്ങിയപ്പോൾ കൃഷി എന്നത് ഒരു അഭിനിവേശമായി മാറി. ഒരുതരം നല്ല ഭ്രാന്ത്. രാസവളങ്ങളും കളനാശിനികളും ഉപേക്ഷിച്ച് ജൈവമാർഗ്ഗത്തിലൂടെയുള്ള സൂരജിന്റെ അദ്ധ്വാനത്തിനു പകരം മണ്ണ് മനസ്സറിഞ്ഞു നൽകിയെന്നു സാരം ഹൈസ്കൂൾ പഠനശേഷം VHSE യിൽനിന്ന് കൃഷി വിഷയമായി എടുത്തു പഠനം തുടങ്ങിയത് ഒരു വഴിത്തിരിവായിരുന്നു.

2017 ൽ ഡൽഹിയിൽവെച്ച് നടന്ന ഓർഗാനിക് വേൾഡ് കോൺഗ്രസിൽ പ്രബന്ധം അവതരിപ്പിച്ച ആളാണ് സൂരജ്. കാർഷിക സർവ്വകലാശാലയെ പ്രതിനിധീകരിച്ചെത്തിയ



വർക്കുപോലും അവിടെ പ്രബന്ധമവതരിപ്പിക്കാൻ പറ്റാതിരുന്നപ്പോഴാണ് വയനാട്ടിൽനിന്നും വന്ന കുട്ടികർഷകന് അതിനുള്ള അവസരം ലഭിക്കുന്നതെന്നോർക്കണം. ചെറുപ്രായത്തിൽതന്നെ സംസ്ഥാനയുവകർഷക പ്രതിഭാപുരസ്കാരത്തിന് അർഹനായ അവൻ കീടനാശിനിയുടെ ദോഷവശങ്ങൾ ഉയർത്തിക്കാണിച്ച് ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തത് ഏറെ ശ്രദ്ധയാകർഷിച്ചിട്ടുണ്ടായിരുന്നു. വർഷങ്ങൾക്കുമുമ്പ് "Zero Budget Farming" നെക്കുറിച്ചു സുഭാഷ് പല്ലേക്കറുടെ ഒരു സെമിനാറിൽ പങ്കെടുത്തതാണ് തന്റെ ജീവിതം മാറിമറിയാനുള്ള കാരണം എന്ന് അപ്പു പറയുന്നു. 4 ഏക്കറിൽ പച്ചക്കറി കൃഷി ചെയ്തു തുടങ്ങിയ ഈ കുട്ടികർഷകൻ ഇപ്പോൾ 15 ഏക്കറിൽ എത്തിനിൽക്കുന്നു. വയനാട്ടിൽ നട്ടുവളർത്താവുന്ന ഒട്ടുമിക്ക പഴവർഗ്ഗങ്ങളും അവന്റെ കൃഷിയിടത്തിൽ ഉണ്ട്. അന്യം നിന്നുകൊണ്ടിരിക്കുന്ന നാടൻനെല്ലിനങ്ങളുടെ ഒരു ശേഖരണം തന്നെ സൂരജിന്റെ പക്കലുണ്ട്.

ഇനിയും വെള്ളവും വളവും നൽകി ഒരുപാട് സ്വപ്നങ്ങളും വിളയിക്കാനുണ്ട്. തന്റെ ബ്രാന്റ്നെയിമായ സംസ്കൃതിയുടെ വളർച്ച, വിദേശത്തേക്കുള്ള കയറ്റുമതി, കൃഷിയിലൂടെ ആളുകളെ ഒരുമിപ്പിക്കുന്ന ആനന്ദ് ഫാമിങ്, 'Project Earthworm'... സ്വപ്നങ്ങളുടെ പുറമെ ഓടുന്ന ഈ ചെറുപ്പക്കാരന് ഇതെല്ലാം സാധ്യമാക്കാനാവും. കാരണം വിശ്രമം എന്നത് പേരിനുപോലുമില്ലാത്ത ഒരാളാണ് നമ്മുടെ അപ്പു! കാർഷിക ബിരുദം പൂർത്തിയാക്കിയതിനുശേഷം തന്റെ കൃഷിയിടം 70 ഏക്കറിലേക്ക് വ്യാപിപ്പിക്കണം എന്ന ആഗ്രഹത്തിലാണ് മൂപ്പരിപ്പോൾ.

വാൽക്കഷ്ണം: All India Tour ന്റെ ഭാഗമായി ഞങ്ങൾ സിക്കിമിലെത്തിയ സമയം നാഥുലാപാസ് കണ്ട് മടങ്ങുമ്പോൾ Gangtok നഗരത്തിനു സമീപത്തുവെച്ചു സൂരജിനൊരു ഫോൺ call, എന്തൊക്കെയോ English ലും Hindi യിലുമായി സംസാരിക്കുന്നുണ്ട്. ഡ്രൈവറോട് കാർ നിർത്താൻ പറഞ്ഞ് ഇറങ്ങുമ്പോൾ അവനെ കാത്ത് അവിടെയും ആളുകൾ നിൽപ്പുണ്ട്! അവന്റെ കൃഷിരീതി പഠിക്കാനെത്തിയവർ. സ്വന്തം നാട്ടിൽപോലും നാലാളറിയാത്ത നമുക്ക് ഇതൊരു കൗതുകമായി തോന്നാം. എന്നാൽ സൂരജിനിതൊക്കെ സാധാരണം! 32 പല്ലുകാട്ടി ചിരിച്ച് അവൻ അവരോടൊപ്പം നടന്നുനീങ്ങി...

**നാലു വർഷം.. എട്ടു സെമസ്റ്ററുകൾ.. ഓരോ സെമസ്റ്ററിലും ഇരുപതും ഇരുപത്തിയഞ്ചും ക്രെഡിറ്റുകൾ... പഠിച്ചു തീരാത്ത ഫോട്ടോസ്റ്റാറ്റ് കെട്ടുകളേന്തി ഉത്തരയിലേക്ക്... അവിടെ ഉത്തരം കിട്ടാത്ത ചോദ്യങ്ങൾക്ക് വേണ്ടി അന്തം വിട്ടിരുന്നു ക്വിസ്സ്, മിഡ്, ഫൈനൽ പരീക്ഷകൾ... അതോടൊപ്പം പ്രാക്ടിക്കൽ പരീക്ഷകളും.. ആത്മവിശ്വാസത്തോടെ മണ്ടത്തരം വിളിച്ചു പറഞ്ഞ വൈവകളും.. ഒടുവിൽ ബോണസ്സായി നല്ല നടപ്പിന് ഡിപ്പാർട്ട്മെന്റ് തരുന്ന RPCW... വരച്ചും മായ്ച്ചും എഴുതിയും തീർക്കുന്ന എണ്ണമറ്റ റെക്കോർഡുകളും.. ലൈബ്രറിയിലും കമ്പ്യൂട്ടർ ക്ലബ്ബിലുമായി അലഞ്ഞ് തിരിഞ്ഞ് എങ്ങനെയൊക്കെയോ തീർക്കുന്ന അസൈൻമെന്റുകൾ, സെമിനാർ, പ്രെസന്റേഷനുകൾ... വിരലിലെണ്ണാവുന്ന മാർക്കിന് വേണ്ടി കൊന്നു തള്ളിയ പൂമ്പാറ്റയും വണ്ടുകളും.. റെയറിങ് എന്ന പേരിൽ കവറിലിട്ടു കൊന്ന പുഴുക്കൾ... പാടത്തിറങ്ങി പറിച്ചു കൊണ്ടുവന്ന ചെടിയെ അപ്പാടെ ഉണക്കിയെടുത്ത് ഹെർബേറിയമാക്കി സബ്മിറ്റ് ചെയ്തും.. 75 ശതമാനം അറ്റൻഡൻസ് ഇല്ലാതെ മുൾമുനയിൽ നിന്നും.. ഒരു മാസം നീണ്ടു നിൽക്കുന്ന ഓൾ ഇന്ത്യ ടൂറും... പിന്നെ റാവെയും, എക്സ്പീരിയെൻഷ്യൽ ലേർണിങ്ങും.. ഇങ്ങിനെയൊക്കെ അല്ലെങ്കിൽ ഇതിനേക്കാളേറെ കഷ്ടപ്പെട്ടിട്ടാണ് ഓരോ അഗ്രിക്കാരനും പഠിച്ചിറങ്ങുന്നത്... അതുകൊണ്ട് കളപറിയും തെങ്ങിന് തടം തുറക്കലും മാത്രമാണ് അഗ്രിക്കാർ പഠിക്കുന്നതെന്ന ആ മിഥ്യാ ധാരണ അവിടെ കളഞ്ഞേക്ക്...**

# പ്രതി ഹാജരാണ്

**എഴുത്ത് : ബിയ ബേർണി** (Audra '18)
**വര : സിബിൻ കെ.** (Gagnants '15)

സാധാരണയിലും തിരക്കാണ് ഇന്ന് തെരുവ് ഒട്ടാകെ. സന്ധ്യയായപ്പോൾ ആളുകൾ സഞ്ചിയും തൂക്കി ഇറങ്ങിയിട്ടുണ്ട്. പരിചിതമായ പലരും വിലപേശി പലതും വാങ്ങുന്നുണ്ട്. അവരുടെ കയ്യിലെ തുടുത്തു നിറച്ച സഞ്ചിക്കൂട് കണ്ട് മാളു അവളെ നോക്കി, നിസ്സഹായയായി അവൾ തിരിച്ചും. നാളെമുതൽ പട്ടിണിയാണ് മകളെ, എന്നവൾ പറയാതെ പറഞ്ഞു. ഒന്നും മിണ്ടാതെ രണ്ടാളും നടന്നു.

ഒരുപാട് അലഞ്ഞിട്ടാണ് നമ്പ്യാർ സാറിന്റെ വീട്ടിലെ കുശനി പണി കിട്ടിയത് എന്നാൽ ഇനിമുതൽ അങ്ങോട്ടില്ല. നമ്പ്യാർ സാറിന്റെ പേരക്കുട്ടിയുടെ ഒരു തരിപൊന്ന് കാണാതായത്രേ. അതിന് തല്ല് മാളുവിനും. ഒടുവിൽ സാറിന്റെ ഭാര്യ അത് എവിടെന്നോ തപ്പിപ്പിടിച്ചു കൊണ്ടുവന്നപ്പോഴേയ്ക്കും കുഞ്ഞിന്റെ ജീവൻ പാതി തീർന്നിരുന്നു. മുറ്റത്ത് കളിച്ചു നടന്ന കുഞ്ഞിനെ വലിച്ചു പിടിച്ച് അടിക്കുന്നത് കണ്ടിട്ടും അവൾക്കൊന്നും പറയാൻ ആയില്ല. നിസ്സഹായയായി, ഒരു അടിമയെപ്പോലെ നോക്കി നിൽക്കുകമാത്രം. ആ നിമിഷം ഇറങ്ങി രണ്ടാളും അവിടെ നിന്ന്. ഇനി മുന്നോട്ടുള്ള പ്രയാണം..

ഏറെ വൈകി വീടെത്താൻ. എത്തിയപാടെ രണ്ടാളും കിടക്കാൻ ധൃതികൂട്ടി: 'നാളെതൊട്ട് ഞാൻ ഇവിടെ കിടന്നോളാം, ഇനി അങ്ങോട്ട് ഞാൻ വരില്ല. അമ്മ മാത്രം പോയാ മതി'. 'ഇനി അമ്മയും അങ്ങോട്ടു പോണില്ലാട്ടോ'

പതിനൊന്ന് വയസ്സായിട്ടും കുഞ്ഞിനെ വീട്ടിൽ ഒറ്റയ്ക്കാക്കി പോകാൻ അവൾക്കു പേടിയാണ്. പക്ഷേ, നാളെമുതൽ പോകാൻ ഇടമില്ല. കഴിക്കാൻ ഭക്ഷണം തികയില്ല. എടുക്കാൻ കയ്യിൽ ഒരുരൂപപോലും ഇല്ല. ദിവസങ്ങൾ കടന്നുപോകുന്തോറും അവൾ അറിഞ്ഞു തുടങ്ങി; വിശപ്പിന്റെ വിളി.

അവസാന കലം ചോറിന്റെ ആദ്യ ഉരുള ഉരുട്ടി മാളുവിനു കൊടുക്കുമ്പോൾ അവൾ ഓർത്തു; പണ്ട് ഭക്ഷണത്തിനു മുൻപിൽ ഇരുന്ന് അപ്പനേയും അമ്മയേയും തള്ളിപ്പറഞ്ഞത്. പുറത്ത് കാത്തുനിന്നവന്റെകൂടെ ഇറങ്ങിപോകുമ്പോ മനസ്സിൽ കടലോളം സ്വപ്നങ്ങളാണ്; ഏതൊരു കൗമാരക്കാരിയും കാണുന്ന ക്ഷണികമായ സ്വപ്നങ്ങൾ. ഒടുവിൽ വെറും ഒരു വെപ്പാട്ടിയായി താൻ മാറുകയാണെന്ന് അറിഞ്ഞ് ഓടി രക്ഷപ്പെട്ടപ്പോഴേക്കും കാലം അവളെ ചതിച്ചിരുന്നു. ഇന്ന് വീണ്ടും അതു പോലൊരു വളവിൽ എത്തിനിൽക്കുകയാണ്. ഇടത്തും വലത്തും ചേർത്തു നിർത്താൻ ആരുമില്ല. ഇരുട്ട് പതിക്കുമ്പോൾ മാത്രം വലിച്ചു കീറാൻ ആ കൂരയ്ക്ക് മുമ്പിൽ കാത്തുനിൽക്കുന്ന കുറെ കഴുകൻമാർ മാത്രം.

ഇനി ആ ഒരൊറ്റ വഴിയേ ഉള്ളൂ; ബലിമൃഗമായിമാറുക. അടിമയായുള്ള ജീവിതം അവൾക്ക് മടുത്തു. മാളു, അവൾ മാത്രമായിരുന്നു ജീവിതത്തിന് ഇന്ധനം. പക്ഷേ, ഇന്നവൾക്കുവേണ്ടി ശബ്ദിക്കാൻ ആവാതെ നിന്നപ്പോൾ അവൾ മനസ്സിലാക്കി: നല്ലൊരു മകൾക്കേ നല്ലൊരു അമ്മയാകാൻ കഴിയൂ. നൊന്തുപെറ്റ അമ്മയെ സ്നേഹിക്കാത്തവൾക്ക് വിധിച്ചിരിക്കുന്നത് ഈ നരകജീവിതം ആണ്.

'മുന്നൂറ് രൂപ' പച്ചക്കറിക്ക് വിലപറയുംപോലെ അയാൾ ആ കുഞ്ഞിനു വിലയിട്ടു; 'സമ്മതം. മോള് അകത്തു കിടന്ന് ഉറങ്ങുന്നുണ്ട്' അവൾ ആ വാതിൽക്കൽ കാത്തു നിന്നു. ന്യായം കാക്കുന്ന ന്യായാധിപൻമാർ ഓടിഎത്തി. 'സ്വന്തം കുഞ്ഞിനെ..' 'നീയൊക്കെ ഒരു അമ്മയാണോ?' ലാത്തി വീശുമ്പോഴും അവരുടെ ശബ്ദം മുഴങ്ങിക്കൊണ്ടിരുന്നു. വലിച്ചിഴച്ച് വണ്ടിയിലോട്ട് കയറ്റുമ്പോഴും അവൾ ഒന്നുനോക്കി, ഒന്നും അറിയാതെ ഉറങ്ങുന്ന സ്വന്തം കുഞ്ഞിനെ. 'അമ്മയ്ക്ക് ഇനി ഇതു മാത്രമേ നിനക്ക് ചെയ്തു തരാനാകൂ... ഇനി നിന്നെ വലിച്ചുകീറാൻ ആരും വരില്ല. മൂന്നു നേരം ഭക്ഷണം തരാൻ ആളുണ്ട്. കൂടെയുള്ള കുട്ടികളോടൊപ്പം സന്തോഷമായി ഇരിക്കൂട്ടോ.'



കണ്ണിലെ [illegible] അവളെ വിചാരണ ചെയ്യുന്നുണ്ട്. സ്വന്തം കുഞ്ഞിനെ കാമുകനു വിറ്റ കേസിലെ പ്രതിയാണ് ഇന്നവൾ. അയാൾ ആരാണെന്ന് അവൾക്ക് അറിയില്ല. പക്ഷേ, മേലാളന്മാർ ഒരു കാമുകനായിയങ്ങു ചാർത്തിക്കൊടുത്തു. അങ്ങ്, ദൂരെ കോടതിക്കു മുന്നിലുള്ള വഴിയിൽ ബോളിവുഡ് നടിയുടെ വണ്ടിക്ക് കാവലായി പുറകെ പായുന്നുണ്ട് പോലീസ് ജീപ്പുകൾ. ഇങ്ങ്, ഇവിടെ അവൾ ഒരു പ്രതിയായി ഹാജരാണ്... പ്രതി ഹാജരാണ്.





# 'For' our security

Author : **Athulya S.** (Audra'18)

The scribbles in his notebook
Concealed within his snatch
But have seen his manoeuver not once but many...
Envisaged his age more than the chronology..
In the darkest cone of light...
'Watchman 'heard a shriek splintering the night's silence.
His whistle contemplated him but none bothered..
never had the courage to ask his scribbled content but once...
OM NAMA SHIVAY said him in low tone..
A ton its meant it to be said him in high tone...
This man strengthened up me to endure life the way it is..
Helped me to ride over the monotony in my life...said him from within

















"മച്ചാനേ, ഒരു കട്ട് വലിച്ചാലോ"









## മൺമറഞ്ഞ കലാരൂപങ്ങളുടെ





ഈ കഥയിലെ കഥയും കഥാപാത്രങ്ങളും സാങ്കൽപ്പികമല്ല.
തികച്ചും യാഥാർത്ഥ്യമാണ് !!!
ജീവിച്ചിരിക്കുന്ന പലർക്കുമായും സാദൃശ്യം തോന്നിയേക്കാം...









"അവൾ തേച്ചെടാ !!!"

എഴുത്ത് : മുഹമ്മദ് അനീസ്, അമൽ ബാബു (Gagnants'15)



ഇത് പമ്പ... ഒരുപാട് ചരിത്രങ്ങളുറങ്ങുന്ന മണ്ണ്. ഹോർട്ടിയിലെ ചരിത്രത്തിലെ സകലവിപ്ലവങ്ങൾക്കും തുടക്കമാവാൻ ഭാഗ്യം സിദ്ധിച്ചയിടം. പമ്പയിൽ ജീവിച്ചവർക്കും ഇത് കേവലം ഇഷ്ടികകളാൽ പണിതുയർത്തിയ നിർമ്മിതിയല്ല. അതിനുമപ്പുറം ഞങ്ങളുടെ സ്വർഗ്ഗീയ ആരാമം തന്നെയാണ്. ഹോസ്റ്റലും മെസ്സ് ഹാളും സ്റ്റോറും ജിമ്മും ബാഡ്മിന്റൺ കോർട്ടും റീഡിംഗ് റൂമും കമ്പ്യൂട്ടർ ക്ലബ്ബുമെല്ലാമടങ്ങുന്ന ഞങ്ങളുടെ സ്വർഗ്ഗീയ ആരാമം.

ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയവർ ഒരുമിച്ച് ഉണ്ടും ഉറങ്ങിയും അടിച്ചുപൊളിക്കുന്ന ഈ പമ്പയ്ക്കുമുണ്ട് ഒരുപാട് കഥകൾ പറയാൻ. ഒരുപക്ഷേ ഇന്ത്യയിലെ മറ്റേതു ഹോസ്റ്റലുകൾക്കുമില്ലാത്ത ആചാരങ്ങളുടെ കഥകൾ... ചിലതെല്ലാം മൺമറഞ്ഞ് പോയെങ്കിലും മറ്റുചിലതെല്ലാം പൂർവ്വാധികം ശക്തിയോടെ തിരിച്ചു വന്നിട്ടുണ്ട്. അതോടൊപ്പം പുതിയ ചില ആചാരങ്ങൾ തുടങ്ങിയിട്ടുമുണ്ട്.

**പരിചയപ്പെടൽ**

ഇതൊരു ആചാരമാണോ അനുഷ്ഠാനമാണോ എന്നെനിക്ക് അറിയില്ല... പ്ലസ്ടു ജീവിതവും കഴിഞ്ഞ് റിപ്പീറ്റ് എന്ന മഹാ ദുരന്തവും കഴിഞ്ഞ് ഇവിടെയെത്തുമ്പോൾ കൗതുകത്തോടെയും പകപ്പോടെയുമാണ് ഞങ്ങൾ ഈ ഹോർട്ടിയെയും അതിലെ പമ്പയെന്ന മഹാപ്രപഞ്ചത്തെയും നോക്കിക്കണ്ടത്. ആദ്യത്തെ കുറച്ച് നാളുകൾ പുതിയ പിള്ളേരെന്ന നിലയിൽ ഞങ്ങളെ Isolate ചെയ്തു മാറ്റി നിർത്തിയിരുന്നു. ഏതെങ്കിലും ഒരു അധ്യാപകന്റെ തണലിൽ ബോർഡിംഗ് സ്കൂൾ സിസ്റ്റം... രാവിലെ എണീക്കുന്നു, കഴിക്കുന്നു, ക്ലാസ്സിൽ പോകുന്നു... വീണ്ടും ഉറക്കം... ഹാ... അങ്ങനെയങ്ങനെ നാളുകൾ അധികം കഴിയും മുമ്പേ ഞങ്ങൾക്കൊരു കാര്യം മനസ്സിലായി... ഈ കാണുന്നതല്ല പമ്പ അതിനുമപ്പുറം ഇതിലും മനോഹരമായ ഒരിടമുണ്ടിവിടം. Isolation period കഴിഞ്ഞ ദിവസം അഥവാ ഞങ്ങളുടെ ഫ്രഷേഴ്സ് ഡേയുടെ അന്ന്... അന്നായിരുന്നു ഞങ്ങൾ പമ്പയുടെ ഹൃദയത്തിലേക്ക് ഇറങ്ങിയത്. അതുവരെ കൂട്ടിയിടിച്ചാൽപോലും മുഖത്ത് നോക്കാതെ പോകുന്ന സീനിയേഴ്സ് ഞങ്ങളോട് മിണ്ടിത്തുടങ്ങി!!! freshers day കഴിഞ്ഞ് ഉത്തരയിൽനിന്നും ഇറങ്ങി പമ്പയിലേക്ക് എത്താൻ വേണ്ടത് കേവലം പത്ത് മിനുട്ടിൽ താഴെ മാത്രമാണ്. എന്നാൽ freshers day ക്ക് ശേഷം അന്നേദിവസം ഇതുവരെ ആരും പത്തുമിനിട്ടുകൊണ്ട് പമ്പയിൽ എത്തിയിട്ടില്ലെന്നതാണ് സത്യം. ഒരു മണിക്കൂറൊക്കെ എടുത്ത മഹാൻമാരൊക്കെയുണ്ട് പോൽ. "വിശദമായി" സീനിയേഴ്സിനെ പരിചയപ്പെട്ടുകൊണ്ടുള്ള ആ നടത്തം ചെന്നെത്തുന്നത് പമ്പയുടെ മുമ്പിൽ. ശേഷം ജിമ്പ്രൂ കുടുകുടു അവർകളെ വന്ദിച്ച് വിശാലമായ മെസ്സ് ഹാളിലേക്ക്. പൂരപ്പറമ്പാണവിടം. കാട്ടാനക്കൂട്ടത്തിനിടയിൽ പെട്ട ഒരവസ്ഥ... ഹൊറർ സിനിമകൾക്കൊക്കെ സെറ്റിട്ട ഒരു കെട്ടിടംപോലെയാണ് അന്നെനിക്ക് ആ മെസ്സ് ഹാൾ അനുഭവപ്പെട്ടത്. ഏത് നിമിഷവും എന്തും സംഭവിക്കാം. മങ്ങിയ വെളിച്ചം... പിന്നെ Ice breaking സെക്ഷൻ... ഇന്നുവരെ കാണാത്ത, അനുഭവിക്കാത്ത അതിമനോഹര സെക്ഷൻ... എന്തുകൊണ്ട് ഈ ഹോർട്ടിയൻസ് ഇത്ര ബോൾഡായി എന്നതിനുള്ള ഉത്തരം എനിക്കവിടെ നിന്നും കിട്ടി. പിന്നെയങ്ങ് ഉത്സവമേളം തന്നെയായിരുന്നു freshers day കഴിഞ്ഞ് വരുന്നവഴി പരിചയപ്പെടാൻ അവസരം ലഭിക്കാത്ത ചേട്ടൻമാരെല്ലാം ഞങ്ങളെ ഇരുത്തി വിശേഷങ്ങൾ ചോദിച്ച് പരിചയപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്നും പരീക്ഷയുടെ തലേ ദിവസങ്ങളിൽ എല്ലാ ടെൻഷനും മറന്ന് ഓർത്തോർത്ത് പൊട്ടിച്ചിരിക്കാൻ അന്നത്തെ ആ ദിവസങ്ങൾ കാരണമാവാറുണ്ട്... നന്ദി പ്രിയപ്പെട്ട ചേട്ടൻമാരെ.

**ബർത്ത്ഡേ... അഥവാ... വെറുത്ത ഡേ!!!**

എല്ലാ ഹോസ്റ്റലുകളിലും ജന്മദിനാഘോഷങ്ങൾ മറക്കാൻ പറ്റാത്ത അനുഭവങ്ങളാക്കിത്തരുന്നവരാണ് നമ്മുടെ കൂട്ടുകാർ. ജനിക്കേണ്ടായിരുന്നു എന്നു തോന്നിപ്പോകുന്ന നിമിഷങ്ങൾ: ജന്മദിനം... ആ ദിനം, ജീവിതത്തിൽ സന്തോഷത്തേക്കാളേറെ ടെൻഷനും പേടിയും വരുന്ന ദിവസം. പമ്പയിലെ ജന്മദിനാഘോഷങ്ങൾക്കെല്ലാം ഒരു പൊതുവായ രൂപമുണ്ട്. ഹോസ്റ്റൽ മുറിയിൽനിന്ന് ബാഡ്മിന്റൺ കോർട്ടിലേക്കു കൂട്ടുകാരുടെ തോളിലായി എഴുന്നള്ളിപ്പ്. ശേഷം ബാഡ്മിന്റൺ കോർട്ടിലും വോളിബോൾ കോർട്ടിലുമായി അർദ്ധരാത്രി മുതൽ തുടങ്ങുന്ന 'ആഘോഷം' സമാപിക്കുമ്പോഴേക്കും ഒരു നേരമായിട്ടുണ്ടാകും. പഴകിപ്പുളിച്ച സാമ്പാറഭിഷേകം, മെസ്സിലെ വേസ്റ്റുകൊണ്ടുള്ള അഭിഷേകം, തെറിയഭിഷേകം... പിന്നെ മുമ്പേ ബർത്ത്ഡേ കഴിഞ്ഞവരുടെ പ്രതികാരം... കൂടാതെ കൂട്ടുകാരുടെ സ്നേഹം കൂടുമ്പോൾ കയ്യിൽ കിട്ടിയതൊക്കെകൊണ്ടുള്ള അഭിഷേകം. ഇരുകയ്യും കാലും പോസ്റ്റിൽ കെട്ടിവെച്ചിരിക്കുന്നതുകൊണ്ട് തന്നെ നമുക്കു പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ല... എല്ലാം അവർ ചെയ്തുകൊള്ളും!!! ജന്മദിനമാഘോഷിക്കുന്ന ആൾക്ക് പ്രത്യേക ഡ്രസ്സ് കോഡെല്ലാം ഉണ്ട്. ജന്മദിനമല്ലേ, ശരിക്കും ആ ദിവസത്തെ ഓർമ്മിപ്പിക്കുന്ന തരത്തിലുള്ള ക്ലോസ്സും തന്നെയായിരിക്കാം. പിന്നെ പുലരുവോളം ആഘോഷം... നേരം പുലരുന്നതിന് തൊട്ടുമുൻപ് ബർത്ത്ഡേ ബോയ് തന്റെ സന്തോഷം എല്ലാവരോടുമായി പങ്കുവെക്കാൻവേണ്ടി പരസ്പരം കെട്ടിപ്പിടിക്കാൻ വേണ്ടി ഓടുന്നതാണ് രംഗം. നേരത്തേ മേൽപറഞ്ഞ അഭിഷേകങ്ങളൊക്കെ നടത്തിയതിനാൽ അവന്റെ ഏഴയലത്ത് പോയാൽ മണം കാരണം ഛർദ്ദിച്ചു പോകും.

അതുകൊണ്ടു തന്നെ അവൻ നമ്മളെ തേടിപ്പിടിച്ച് കെട്ടിപ്പിടിച്ചോളും. പമ്പയ്ക്ക് നിന്നവരൊക്കെ ബർത്ത്ഡേ ആഘോഷം കണ്ടു ചിരിച്ച ചരിത്രം ഉണ്ട്!!!

## പുതുവത്സരാഘോഷം... പമ്പ ഫെസ്റ്റ്

ഓരോ പുതുവർഷവും പമ്പ വരവേൽക്കുന്നത് അതിമനോഹരമായിട്ടായിരുന്നു. ചില സാങ്കേതിക തടസ്സങ്ങൾ കാരണം കഴിഞ്ഞ മൂന്നു വർഷങ്ങളായി അത്തരമൊരു ആഘോഷം നടന്നിട്ടില്ലാത്തതാണ് വസ്തുത. ആദ്യവർഷം വന്ന അന്നുമുതൽ കേൾക്കാൻ തുടങ്ങിയതാണ് പമ്പയിലെ പുതുവത്സരാഘോഷത്തെക്കുറിച്ചും അവിടത്തെ ചില പുതുവത്സര അവാർഡുകളെക്കുറിച്ചുമെല്ലാം... ഫസ്റ്റ് ഇയർ വിദ്യാർത്ഥി എന്ന നിലയിൽ വളരെ ആകാംക്ഷയോടെയും കൗതുകത്തോടെയുമാണ് ഈ ആഘോഷത്തെ കേട്ട് മനസ്സിലാക്കിയിരുന്നത്. അങ്ങനെ ആ സുദിനം വന്നെത്തി ഡിസംബർ 31... വൈകുന്നേരമായപ്പോഴേക്കും ക്യാമ്പ് ഫയറിനുള്ള വിറകൊരുക്കിവെച്ചു. അന്നത്തേക്കുവേണ്ടി സ്പെഷ്യൽ ചിക്കൻ കപ്പ, ബീഫ് കപ്പ തുടങ്ങിയ ഭക്ഷണവിഭവങ്ങളും റെഡിയാക്കിവെച്ചിട്ടുണ്ട്. രാത്രി പത്ത് മണിയോടുകൂടി പരിപാടിക്ക് തുടക്കം കുറിക്കും. റൂഫ് ടോപ്പിൽവെച്ച് "പമ്പ ദേശീയഗാനത്തോടെ" ഉദ്ഘാടനം... പിന്നെ ക്യാമ്പ് ഫയറിനടുത്തേക്ക്. ക്യാമ്പ് ഫയർ ആരംഭിച്ചാൽ, കഴിഞ്ഞുപോകുന്ന വർഷത്തെ പാപങ്ങളെല്ലാം കഴുകിക്കളയാനെന്ന വണ്ണം അന്നുടുത്തിരിക്കുന്ന വസ്ത്രം മുഴുവൻ ആ തീയിൽ ഇട്ട് കത്തിക്കും... (അന്നത്തേക്ക് സ്പെഷ്യൽ കോസ്റ്റ്യൂം ആണ്). ഹോർട്ടിയിലുള്ള മുഴുവൻ ആൺ തരികളും പ്രായ - ദേശ - ഭാഷ ഭേദമന്യേ ഒരുപോലെ ആഘോഷിക്കുന്ന ഈ പരിപാടി പുലരും വരെ നൃത്തവും പാട്ടുമായി തുടരും (പല കാര്യങ്ങളും സെൻസർ ബോർഡ് ഇടപെടുന്നതിനാൽ വെളിപ്പെടുത്താനാവില്ല). നല്ല എരിവുള്ള ചിക്കനും കപ്പയും കൂട്ടുകാരിലൊരാൾ മറ്റൊരുത്തന്റെ മേൽ പ്രത്യേക ഭാഗത്ത് തേച്ചതും എരിവുകൊണ്ട് പുളകമണിഞ്ഞ് അതവിടുന്ന് എടുത്ത് തിരിച്ച് തേച്ചതുമെല്ലാം ചിരി പടർത്തുന്ന ഓർമ്മകളായി അവശേഷിക്കുകയാണ്.

## പമ്പയ്ക്കുണ്ടൊരു ദേശീയ ഗാനം...


ഒരു ഹോസ്റ്റലിനു സ്വന്തമായി ദേശീയ ഗാനം ഉണ്ടാവുക എന്നത് അത്യന്തം കൗതുകകരമായ വസ്തുതയാണ്... അതേ... പമ്പയ്ക്കുണ്ടൊരു ദേശീയ ഗാനം!!! പമ്പയുടെ [illegible] ഗാനസംഘം ആർത്തു പാടുന്ന ഗാനം... ആ ഗാനത്തോടെയാണ് പമ്പയിലെ പല ചരിത്രങ്ങളും പിറന്നിട്ടുള്ളത്... സെൻസർ ബോർഡിന്റെ ഇടപെടൽ കാരണം കൂടുതൽ വെളിപ്പെടുത്താൻ പറ്റില്ല. എങ്കിലും ഇന്നും ഓരോ ഹോർട്ടിയന്റെയും ചുണ്ടിൽ മായാതെ നിൽക്കുന്ന ആ ഗാനത്തിന്റെ വരികൾ നവോത്ഥാന കേരളത്തിൽ നാം കേട്ടുമറന്ന ഏതെങ്കിലും ആചാര അനുഷ്ഠാനത്തിന്റെ ഭാഗമായുള്ള വായ്ത്താരികളുമായി എന്തെങ്കിലും സാമ്യം തോന്നുന്നുവെങ്കിൽ അതെല്ലാം തികച്ചും യാദൃശ്ചികം മാത്രം...

## ഞാൻ സമർപ്പിക്കുന്ന എന്റെ അഗ്രിസല്യൂട്ട്!!!

എന്റെ വലതുഭാഗത്ത് നിൽക്കുന്ന എന്റെ "പ്രിയപ്പെട്ട" • • • • • • • ക്കും... മുൻഭാഗത്ത് നിൽക്കുന്ന അതിനേക്കാൾ പ്രിയപ്പെട്ട ചേട്ടന്മാർക്കും... ഇടതുവശത്തും പുറകിലും നിൽക്കുന്ന കൂട്ടുകാർക്കുമായി ഞാൻ (പേര്) സമർപ്പിക്കുന്ന എന്റെ അഗ്രിസല്യൂട്ട്.

ഹോ" കൃഷിസംസ്കാരത്തിന്റെ സകലമാന മൂല്യങ്ങളും ഉൾക്കൊണ്ട ഒരു പ്രത്യേക അഭിസംബോധനാരീതിയാണിത്... കൊയ്ത്തരിവാളും, നെൽക്കതിരും തുടങ്ങി മണ്ണിൽ പണിയെടുക്കുന്ന കർഷകനെയും സ്മരിച്ച് ഇടത് വെട്ടി വലത് മാറി ഓതിരകടകം മറിഞ്ഞ് ചാടിയടിക്കുന്ന സല്യൂട്ടിന്റെ മുഴുവൻ വശങ്ങളും ഇവിടെ പറയാൻ സാധിക്കില്ല. എങ്കിലും ആദ്യമായിട്ട് അഗ്രിസല്യൂട്ട് കിട്ടിയതും, കൊടുത്തതും, കൂട്ടുകാരന്റെ ബർത്ത്ഡേയുടെ അന്നു ഗാർഡ് ഓഫ് ഹോണർ കൊടുത്തതുമെല്ലാം ഓരമ്മയിൽ മറക്കാനാവാത്ത ചരിത്രസംഭവങ്ങളാണ്.

ഇനിയും ഒരുപാട് കഥകളുണ്ട്... മൺമറഞ്ഞുപോയ ആചാരങ്ങളുണ്ട്... പമ്പ ദേവതയും, മെസ്സിലെ തൂണുകളും, ബർത്ത്ഡേ ദിവസം സ്റ്റോറിലെ ബുക്കും, ആദ്യ ടൂറിനു മുൻപുള്ള കോസ്റ്റ്യൂം ഡിസൈനിങ്ങും, അതിനുശേഷമുള്ള ട്രീറ്റും... അങ്ങനെയങ്ങനെ ഒരുപാട് കഥകൾ... ഓരോ ഹോസ്റ്റലിലും നടന്നേക്കാവുന്ന തികച്ചും സാധാരണമായ കഥകൾ ഹോസ്റ്റലിലെ ഓരോ മുക്കിനും മൂലയ്ക്കും നൂറായിരം കഥകൾ പറയാനുണ്ട്... വിസ്മൃതിയിലാണ്ടു പോയ ആചാരങ്ങളും സംസ്കാരങ്ങളും പൂർവ്വാധികം ശക്തിയോടെ തിരിച്ചു വന്നതും... അങ്ങനെയങ്ങനെ ഒരുപാട്... നാല് വർഷം കൊണ്ട് ഇവിടെനിന്ന് പഠിച്ചിറങ്ങുമ്പോൾ നാമോരോരുത്തരും തികച്ചും പ്രൊഫഷണലാകാൻ കാരണമെന്താണെന്നതിന്റെ ഉത്തരങ്ങളിൽ ചിലതാണ് ഇവ. ഈ ആചാരങ്ങളും സംസ്കാരങ്ങളുമൊക്കെ തന്നെയാണ് ഞങ്ങൾ ഹോർട്ടിക്കാർ തമ്മിലുള്ള വേർപിരിക്കാനാവാത്ത ബന്ധത്തിന്റെ മൂലകാരണമെന്നു സാന്ദർഭികമായി ഓർമ്മിപ്പിക്കുന്നു.



ആരുടെ കാൽ തിരുമ്മുമ്പോഴാണ് നാം രാജ്യസ്നേഹികളാവുന്നത് ?

അന്നം തരുന്നവരെന്നുമുതലാ ശത്രുക്കളായത് ?

കൊടിയുടെ നിറം നോക്കി വെട്ടി വീഴ്ത്തിയവന്റെ ചോരയും ചുവപ്പായിരുന്നല്ലേ ?

വയനാട്ടിലെയും ഇടുക്കിയിലെയും കർഷകർ മരിച്ചത്
വയറിളക്കം കരണമായിരുന്നോ ?

അവളും ഞാനും രണ്ട് ജാതിയിലായത് ഞങ്ങളുടെ തെറ്റാണോ ?

# MENS' HOSTEL UNION REPORT 2017-'18

It is with great pride and elation that I present before you the Pampa Men's Hostel Union report. The Hostel Union took charge on 11th December 2017. From the outset itself, the union has been both proactive and extra ordinarily blessed.

Along with the hard work and ingenuity of the Hostel Secretary Mr. Arjun P. K, Joint Hostel Secretary Mr. Ashish V. V, the union members and inmates, the mission to improve conditions and facilities in the hostel have been further boosted by the timely support and advice of our beloved warden, Dr. C George Thomas and Assistant Warden, Dr. Deepu Mathew. In addition, the past year has witnessed sustained efforts by the clubs to make hostel life more enriching and wholesome through enhanced facilities and activities.

### INFRASTRUCTURE AND MAINTENANCE

For maintenance and repair of the hostel facilities, a planning fund has been approved and it was worth Rs.10 lakh to cater the needs of the inmates. For enriching the hostel residence facilities, the union took efforts to paint the interiors of the hostel, repair works of doors and windows, carried out electrical repair works, reconstructed the drainage pit, protective wire mesh were provided to the first block to prevent the menace of snakes, a new water purifier has been bought along with utensils and other equipments that are needed for the kitchen.

### RECREATION CLUB

The club carried out its functions under the able leadership of Mr. Harigovind P. For improving the recreational facilities of the students, sound system were provided at the gym. The Subscriptions for various publications were also done. For enriching the sports activities the badminton court was renovated and repaired lightings. The club also conducted a film fest "PICTURE ABHI BAAKI HAI" from 8th -10th January 2019. Also, special occasions like Diwali, Onam, Christmas and New year were celebrated jubilantly. An aquarium was also installed in the reeding room of the hostel.

### COMPUTER CLUB

Under the leadership of Mr. Om Prakash Barik, the club had a distinguished run. It solved all the problems regarding the Wi-Fi connections and the entire hostel is now Wi-Fi enabled.Two new computers, speakers and chairs were bought to the computer club and the printing facilities are now extended to all the inmates on a paid basis. A new computer room was also started in the girls wing.

### GARDEN CLUB

The club functioned under the leadership of Mr. Amal Suresh. It carried out gardening activities like planting a large number of vegetable crops which provide fresh vegetables to the mess and planting of potted ornamentals in the verandas of the hostel. It also carried out planting of saplings on the occasion of Environmental Day on June 5th. Regular maintenance of hostel premises was ensured by cutting grasses and weeds in the surrounding area.

### STORE

The store operated under the leadership of Mr. Josfine George. It catered the needs of the inmates and brought profits for the mess. The store room of the hostel provided the inmates with eatables and stationaries 24x7 and made hostel life more comfortable.

### FLOOR REPRESENTATIVES

Shilpasree N, Megha L M, Alfin Santhosh, Adarsh S and Mohd Hilal did a commendable job and found enthusiasm in noticing any defects in their respective floors and actively participated in clarifying them.They provided sufficient light and fans in every rooms and repaired leaked taps and locks.

**CELEBRATIONS CONDUCTED**

Onam was celebrated by making Onasadhya in the hostel. Diwali was celebrated by lighting the hostel and firing the crackers during night. Iftar was celebrated by conducting an iftar feast to the inmates. A big Christmas star was also made by the inmates to adorn the hostel during Christmas. Newyear was also celebrated with campfire and crackers.

Overall the hostel union was fuelled with enthusiasm and determination to make the activities and facilities for the hostel inmates as better as possible. Every member of the union supported whole heartedly for making each and every union programme colourful. We also worked together on the view that the future inmates of the hostel should have a very comfortable environment to study and also to enjoy their hostel life.

Sd/-
Arjun P K
( Hostel Secretary)

# UNION REPORT 17-18

It is with a sense of pride and glory that I concise before you the Students' Union report for the academic year 2017-18, College of Horticulture. This report depicts the passion of every single student wholeheartedly giving their support to the Union, our effort, our crowning glories, grant achievements and laurels won.

The following members were elected to Union.

| | | |
|---|---|---|
| President | : | Jyothish Babu |
| Vice President | : | Nitha Rafi |
| General Secretary | : | Muhammed Anees M |
| Joint Secretary | : | Reshma R |
| Arts Club Secretary | : | Amal Babu |
| Student Editor | : | Sibin K |
| Sports Club Secretary | : | Sreehari |
| S. S. League Secretary | : | Athira Venugopal |
| Planning Forum Secretary | : | Ayisha V V |
| Quiz Club Secretary | : | Aysha M M |
| Environment Club Secretary | : | Ashique E |
| Readers Forum Secretary | : | Varna Murali |
| Councillors to the University Union | : | Amritha Varanya |
| | | Amal Baby |
| | | Justin Sabu |
| Class Representatives | : | Nafid (2017) |
| | | Haris M S (2016) |
| | | Rahul Raj M (2015) |
| | | Shinu Thomas (2014) |
| | | Anirudh K C (P.G.) |

The Students' Union was framed with Dr. C. George Thomas as the Patron and Dr. Jyothi Bhaskar as the Associate Patron. The following members took charges as the staff advisors of the Union.

| | | |
|---|---|---|
| Dr. Berin Pathrose | : | Advisor, Arts Club |
| Dr. Jayasree Krishnankutty | : | Staff Editor |
| Dr. T I Manoj | : | Advisor, Sports Club |
| Dr. Haseena Bhaskar | : | Advisor, Social Service League |
| Dr. Seeja Thomachan | : | Advisor, Planning Forum |
| Dr. Beena V I | : | Advisor, Quiz Club |

The Union activities could achieve such perfection only because of the wholehearted support and guidance offered by the staff advisors. We, the Students' community express our sincere gratitude to our staff advisors.

## INAUGURATION

The Students' Union 2017-18 was inaugurated on 17th January 2018. The function MEHAK 2K18 turned out to be an event of splendor and fervour. The event was presided over by Mr. Jyothish Babu, President Students' Union 2017-18. The Students' Union 2017-18 was inaugurated by Sri. Roji M. John, MLA. Chief guest for the function, Dr. Leenakumari, Registrar of KAU lead the oath taking ceremony where in our Union bearers pledged commitment to loyality. The arts club was inaugurated by the famous cine artist Sri. Kailash. The literary club was inaugurated by Sri. Balachandran Vadakkedath, well known writer and former vice chairman of Kerala Sahithya Academy. A wall magazine along with newly introduced online magazine PEN & PALETTE were inaugurated on the same day. The General Secretary extended the vote of thanks to the gathering. After the inaugural ceremony the crowd enjoyed the performance by the students.

## ARTS CLUB

The arts club, Students' Union 2017-18 under the excellent leadership of Mr. Amal Babu, as secretary and wisdom, experience and dynamism offered by the advisor Dr. Berin Pathrose added more victorious stories to the history.

The interclass arts festival NAHASRA '18 was conducted from 10th April onwards. The program was inaugurated by Mr. Milon Manoj Earath, renowned pianist. After three vivid days of ecstasy, mesmerizing some unique performances, GAGNANTS '15 came out as the overall champions and PRAYAGA '16 finished second. Ms. Amritha Varanya of GAGNANTS '15 crowned the Kalathilakam and Mr. John K P of SPARTANZ bagged the Kalaprathibha title. Mr. Muhammed Anees M. of GAGNATS '15 was titled Best Actor and the Best Actress of the event was Ms. Sarga of SPARTANZ. The Best Skit Artist was titled by Ms. Rency Tomi Pulickal of GAGNANTS '15. The title of Best Promising Star of the event was bagged by Ms. Arya Satheeshan of ADVAYA '17. The Online score event and result update system was a very new concept which was brought forward to make the result updates available to each and every student in the college that adds to the massive success of the arts festival.

In the Inter Collegiate Arts Festival SIKAR 2K18 conducted by the University Union, our college maintained the winning streak and its superiority in arts in the University by becoming champions for the seventh consecutive time. In this regard all credits goes to all Horticos family for fighting off massive odds and practicing with massive dedication and effort. Ms. Amritha Varanya, Mr. Sibin K, Mr. Arjun P K, made the college proud by becoming Kalathilakam, Sarga Prathibha and Best Actor in the event respectively.

## MAGAZINE CLUB

Magazine club 17-18 functioned effectively under the directions of Student editor, Mr. Sibin K and the much dignified staff editor, Dr. Jayasree Krishnankutty. The Interclass literary festival was conducted as a part of NAHASRA 2K18 on March 27 and April 3. A handwritten magazine competition was also conducted in connection with NAHASRA 2K18, in which PRAYAGA '16 bagged the first prize and GAGNANTS '15 bagged the second prize. With the dynamic efforts of magazine club, the students performed extremely well in Intercollegiate literary fest.

## SPORTS CLUB

The most enthusiastic club of Students' Union 2017-18 was led by Mr. Sreehari, as secretary and Dr. T I Manoj, as advisor. The Interclass sports fest INCENDIO 2K18 was conducted from 22nd April onwards. TAURUS 14 won the championship in cricket, football, basketball men, basketball women, table tennis men and chess competition. SPARTANZ won the championship in volleyball men and volleyball women tournament. ADVAYA 17 won the championship in women chess competition. GAGNANTS 15 won the competition in table tennis women competition.

In the Intercollegiate volleyball women tournament team Horticos won the championship. In the Intercollegiate cricket and volleyball men tournament team Horticos won the runners up. In the Intercollegiate athletics meet, Mr. Noushad won first prize in shotput and discus throw, Mr. Muhammed Murthala won second prize for shotput and Ms. Rakhi P won first prize for 200 m race and team Horticos won third prize for 4 x 100 m relay.

## QUIZ CLUB

Under the vibrant leadership of Ms. Aysha M M and Dr. Beena V I as advisor the club excelled and brought laurels to the college. In relation with NAHASRA 2K18, Arts fest, a quiz competition was held on April 7, 2018 which was lead by quiz master Feny Joy. GAGNANTS '15 were the winners of the competition. A prediction contest related to FIFA 18 was organized on June 21.

## SOCIAL SERVICE LEAGUE

Under the able leadership of Ms. Athira Venugopal as secretary and Dr. Haseena Bhaskar as advisor the club made worthy achievements. The club used to take the lead role in raising funds for charity activities. ONE DAY ONE RUPEE Programme was launched through which we could raise fund for flood victims. A Road safety rally was conducted during the road safety awareness week on 4th May 2018 in association with Kerala Police. The club was succeeded in understanding the pulse and needs of students and staff community.

## PLANNING FORUM

The forum carried out its activities under the leadership of Ms. Ayisha V V as the secretary and Dr. Seeja Thomachan as the advisor. The forum conducted a talk on How to feed the World sustainabily on 17th December 2017. The session was handled by Dr. Sobha Sivasankar, former director of CGIAR. A talk on From sea slugs to developing Alzheimers therapeutics was conducted on July 12th 2018 by Dr. P V Sathyanarayanan, Associate Professor, Department of Neuroscience from Scripps Research Institute, Florida.

## ENVIRONMENT CLUB

Under the leadership of Mr. Ashique E. and Dr. Jyothi Bhaskar the club has conducted various programmes. In relation to the Earth day a Photography contest was conducted on 23rd April 2018. A remarkably informative debate over Organic farming was conducted on May 5th 2018.

## OTHER ACTIVITIES

Students' Union activities began with Christmas celebration on 22nd December 2017 which was joy for Horticos family. A film promotion programme for the movie Angarajyathe Jimmanmar was organized on 12th February 2018. Valentines day was also celebrated as ENNOD PARA on 14th February. An Online caption writing competition at PEN & PALETTE and a singing competition using smule App were the major highlights of the programme that made it worth entertaining.

Students' Union bid a heartfelt and emotional farewell function IMMINI NALLA NERAM to our loving seniors of TAURUS '14. The Union conducted the freshers day programme and talent exhibition for UG first years OPPAM KOODIKKOLEEN on 12th October 2018.

The Union records its gratitude to the teachers of the college and also our beloved seniors for their unending support and timely counsel. The Students' Union has always stood up to the demands of time and fate with remarkable resilience only because we stand united against all odds, and because with all our might we strive to be one in the path towards freedom and salvation of our dreams.

Yours sincerely,
**Muhammed Anees M.**
General Secretary
Students' Union 2017-18

# LADIES HOSTEL REPORT 2017-18

It is with great dignity and ecstasy that I present before you the Ladies Hostel Union Report 2017-2018. The hostel union took charge on 21.02.2018. The hostel activities were boosted by the support of our beloved Warden Dr. C George Thomas, along with immeasurable support of our Asst. warden Dr.Beena V I. The sincere efforts of our dear matrons Mrs. Indira, Mrs. Sindhu, Mrs. Sandhya, Mrs. Lakshmi and Mrs. Lucy are also commendable. The support of Ms. Anjitha H, Joint Hostel Secretory also helped me in carrying out all the activities of the union.

### INFRASTRUCTURE AND MAINTENANCE

The past year has witnessed sustainable efforts by the hostel authorities to enhance hostel facilities. It included renovations under the leadership of various club secretaries. The mess hall was extended and the new mess hall contained modern facilities which aided to the better dining experience of the inmates. Surveillance cameras were installed in front of Harsha, Haritha and Harmya blocks. A set of new study tables were established in the reading room. Hostel union also bought a new water cooler, utensils and other equipments to the kitchen.

### RECREATION CLUB

Under the eminent leadership of Ms. Haneena K M, activities of recreation club were carried out. Club arranged various recreational activities of the inmates. Various occasions like Christmas, Diwali and Vishu were celebrated. Easter egg designing competition was conducted on the occasion of ester. The hostel union also bid a heartfelt farewell function to our beloved seniors of 2014 UG, 2016 PG and 2013 Phd batch students in the hostel in the name ENNU SWANTHAM. A formal sendoff function was also arranged for our lovable matron Mrs. Indira Devi after her retirement.

### COMPUTER CLUB

Initiatives were taken to renovate the computer club under the leadership of Ms. Gopika Satheesh. Computers were upgraded and access to the computer club was made easier.

### GARDEN CLUB

Under the leadership of Ms. Ananya P S, the garden was renovated, cleaned and properly maintained. Club also planted amorphophallus infront of Harmya block which brought about an additional profit to the mess. Regular maintenance of hostel premises was ensured by cutting grasses in the surrounding areas in regular intervals.

### STORE

The store was operated under the leadership of Ms. Fathima Nishin and Ms. Surya Joseph. Various items required by the inmates were easily made available with systemic operation of the store.

### READING ROOM

Smooth functioning of reading room was being assured by reading room secretory Ms. Sreelakshmi K B. A quiz competition was conducted by the quiz club in relation to world book day and winners were awarded prizes.

### FLOOR REPRESENTATIVES

Chijina K, Haritharaj, Krishnasree, Anju Gladston, Anagha M U, Fasna Sherin, Arya S and Vandhana being the floor representatives, played key roles in the hostel union, conveying the problems of each floor and ensuring maintenance of amenities in their respective floors.

The union could function effectively due to the support and cooperation shown by inmates and other staffs.

# Results

## Inter Collegiate Arts and Literary Festival Winners 2017-18

1. Essay writing (English) : 1st Ashish V.V.
   3rd Darsana Dilip K.C.
2. Essay writing(Hindi) : 3rd Athira Venugopal
3. Poetry(Hindi) : 1st Athira Venugopal
4. Short story (English) : 3rd Ashish V.V.
5. Short story (Hindi) : 2nd Arya Satheesan
6. Pencil drawing: 3rd Shilpa R.
7. Poster making: 2nd Mehanaz C.
8. Cartoon : 3rd Akshay Kumar
9. Collage : 3rd Sibin K. & Kavya K.T.
10. Flower arrangement: 3rd Abhin P.K. & Lalvin C.S.
11. Clay modeling: 1st Sibin K. & Krishna V.R.
12. Rangoli : 1st Sibin K. & Niveditha K. Divakaran
13. Vegetable carving : 1st Anjitha H. & Ansila Jabin U.K.
    2nd Sibin K. & Haneena K.M.
14. Fabric painting : 1st shilpa R.
15. Mehandi : 1st Haneena K.M.
    2nd Fathima Ismath
16. Light music(male) : 2nd Vysakh V.S.
17. Classical music vocal : 3rd Rima K.R.
18. Western vocal solo: 3rd Rose K. Alex
19. Instrument music – String : 1st Aswathi C.K.
20. Instrument music – Percussion : 2nd John K.P.
21. Instrument music –Wind : 1st Vandana G. Pai
22. Folk dance : 1st Gopika sathees
23. Recitation(English) : 1st Athira Venugopal
24. Recitation (Malayalam) : 2nd Rima K.R.
25. Recitation (Hindi) : 3rd Athira Venugopal
26. Fancy dress : 1st Harigovind P.
    3rd Abishek
27. Mohiniyattam : 2nd Amritha Varanya
28. Bharathanatyam : 2nd Amritha Varanya
29. Kuchuppudi : 1st Amritha Varanya
30. Adaptune- Male : 2nd Hubaib Hassan
31. Adaptune- Female : 1st Amritha Varanya
32. Mappilappattu : 1st Shafna Thorakkal
33. Debate : 2nd Darsana Dilip K.C.
    3rd Shilpa Karat
34. Elocution(Hindi) : 1st Athira Venugopal
    2nd Om Prakash Barik
35. Group song Malayalam : 3rd Vysakh V.S, Shafna Thorakkal, Nitha Rafi, Ananya P.S,Dilshada T, Anjali P.
36. Western group song : 1st Vysakh V.S, John K.P, Rose K. Alex, Sana Abdul Samad, Alaida Tomy, Athira B, Varada Gayathri V.P, Thomas K.K, Ammu Sivaganga
37. Patriotic song : 1st Vysakh V.S, Vishnu Das T.N, Nitha Rafi, Ananya P.S,Dilshada T, Sikha Raju
38. Nadanpattu : 2nd Vysakh V.S, John K.P, Sibin K, Suma Madhavan, Anushka Pavithran, Ammu Sivaganga, Anu J,
39. Ananya P.S, Aswathi C.K, Nitha Rafi
40. Group dance : 3rd Amritha Varanya, Anagha M.U, Arya R.C, Arya S, Gopika satheesh, Urmila Krishna, Vismaya P.V.
41. Oppana : 1st Anu Ann Augustine, Akshaya Aliyas, Vandhana P.K, Parvathi Sankar P, Anjali P, Sreesha M, Sreelakshmi K.B, Manisha Mohan, Sana Abdul Samad, Ananya P.S, Dilshada T, Sikha Raju, Shafna Thorakkal
42. Thiruvathirakkali : 3rd Athira Venugopal, Rose Mary Paul, Swathy Suresh, Sumi P, Ammu Sivaganga S.P, Rose Maria Paul, Bijula M.S, Anagha M.U, Aswathy C.K, Nitha Rafi
43. Vattappattu : 3rd Jaseel R, John K.P, Muhammed Hilal, Nandakumar, Sreehari K, Abid V, Ebin Thomas, Shuhaid, Gowtham Koyilath
44. Kathaprasangam : 2nd Anu J, Ebin Thomas, John K.P, Vishnu Das
45. Skit : 3rd Jaseel R, Gowtham Koyilath, Abishek, Rency Tomy Pullikkal, Jessa Joseph, Abshiba
46. Drama : 1st Arjun P.K, Oormila T.P, Stanishkar T.S, Ashish V.V, Athira Shajin, Muhammed Hilal, Manisha Mohan, Reshma R, Jaseel R, Ragini R

## Inter Agri Arts Festival winners & Participants 2017-18

1. Hubaib Hassan (Quiz-1st,2017)
2. Muhammad Hilal(Mime-2nd), Gopika Satheesh(Mime-2nd), Tomson Sebastian(Extempore-4th), Maneesha Mohan, Amritha Varanya, Arjun P.K., Sibin K.

## Inter Collegiate Sports & Games Winners 2017-18

1. Volley Ball Women Winners: Athulya S. Kumar, Emily Alias, Shakkira K.K., Ananya P.S., Sreesha M., Sikha Raju, Archana T. Shaji, Ammu Sivaganga, Kavya K.T., Krishna Vedhika, Afiya K., Ansila Jabin U.K.
2. Volley Ball Men Runners Up: Vivek S.,Muhammed Murthala C.N., Noushad A.K., John K.P., Unnikrishnan, Mohammed Jazeel M., Ahaljith R., Sreehari K., Stanishkar T.S., Haris M.S., Josfine George.
3. Cricket Runners Up: Abinsha Ashraf, Jyothish Babu E., Akhil K.P., Ribin Baby, Vinu K.S., Sunny Babu, Gugulothu Sivashankar, Pavithrakumar K., Thumu Venketeswara Reddy, Sreehari K., Nandakumar A., Stanishkar T.S., Harigovind P.,Muhammed Saleeque C., Favas Sadakka M.C., Nived K.M., Munawar Asmal P., Ashil Muhammed.
4. Shot put: 1st-Noushad A.K.
5. 2nd-Muhammed Murthala C.N.
6. Discus throw:2nd-Noushad A.K.
7. Javelin throw: 3rd- Muhammed Murthala C.N.
8. 200m Race: 1st-Rakhi P.
9. 4x100 Relay:3rd- Rakhi P., Anu Ambadi, Lisha J. Kappan, Dilshada T.

## Inter Agri Sports Participants

1. John K.P., Ahaljith R., Rakhi P., Sreesha M., Shakkira K.K., Ammu Sivaganga, Harsha S.K.




ഓരോ വർഷവും വടക്കുനിന്നും തെക്കുനിന്നും വീമ്പു
പറഞ്ഞെത്തുന്ന പല വമ്പന്മാർക്കും മുൻപിലായി സെൻട്രൽ
ഓഡിറ്റോറിയത്തിൽ ഞങ്ങളവളെ ഒന്നണിയിച്ചൊരുക്കി
പ്രദർശിപ്പിക്കും... പിന്നെ പതിവു പോലെ മൂന്നാം
നാൾ ഹോർട്ടിയിലേക്ക് എഴുന്നെള്ളിപ്പ്....

ഗോൾഡൻ ലേഡി അഥവാ, കാർഷിക കലാലയങ്ങൾ
തമ്മിലുള്ള കലാ മാമാങ്കത്തിൽ വിജയം
വരിക്കുന്നവർക്കുള്ള സുവർണ്ണ കിരീടം...

ഈ സുന്ദരി ഹോർട്ടിയുമായി പ്രണയത്തിലാണ്...
തുടർച്ചയായി ഏഴാം തവണയും ഹോർട്ടിയുടെ
തിരുമുറ്റത്തേക്ക് തന്നെ ഇവൾ മടങ്ങിയെത്തുമ്പോൾ
ഈ പ്രണയം വീണ്ടും അനശ്വരമാവുകയാണ്...

# SIKAR '18

## Inter Collegiate Arts & Literary Festival



Kalathilakam -
**Amrtitha Varanya**



Sargaprathibha -
**Sibin K.**



Best Actor -
**Arjun P. K.**